# ...ടു. കാററിലൂടെ

T62
K66

# കൊടുംകാററിലൂടെ

ജി. ഐൻ.

(Malayalam)

Kodumkattiloode

Play

By Thomas L. Kizhoor

Veloor, TRICHUR

First Published February 1963

*Printed at*

B. B. PRESS, N. PARUR

Price Rs. 1·25

Rights Reserved to the Author

*Published by*

Fatima Arts club

Vellattanjoor

Cum Permissu

1—1000

# കൊടുംകാററിലൂടെ

ഡി. എൽ. കിഴർ

DHARMARAM COLLEGE LIBRARY, BANGALORE.
18100
T62
K16

പ്രസാധകന്മാർ
ഫാത്തിമ ആർട്ട്സ് ക്ലബ്ബ്
വെള്ളാററത്തൂർ

വില ക. 1·25

# അവതാരിക

"ജീവിതത്തെ തീയേററിലേക്കു കൊണ്ടുവരികയല്ല, തീയേററിനെ ജീവിതത്തിലേക്കു കൊണ്ടുവരികയാണു നാടകത്തിൻെറ ജോലി" എന്നു പാശ്ചാത്യ നാടക നിരൂപകനായ അല്ലാർഡിസ് നിക്കോൾ ഒരിക്കൽ പറയുകയുണ്ടായി. അദ്ദേഹത്തിൻെറ അഭിപ്രായത്തോടു യോജിക്കാത്തവർ കണ്ടേക്കാം. എങ്കിലും ഒരു കാര്യം തീർച്ചയാണ്. നാടകമെഴുതുമ്പോൾ ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം തുടങ്ങിയ കാര്യങ്ങളിൽ നാടകകർത്താവു പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ അതു അഭിനയിക്കാൻ കൊള്ളാവുന്ന ഒരു നല്ല നാടകമായിരിക്കയുള്ളു. നാടകങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. പക്ഷെ എഴുതിക്കൂട്ടുന്നതെന്തും നാടകമായിക്കൊള്ളുമെന്നു വിചാരിച്ചു കഴിയുന്ന നാടകകർത്താക്കളും വിരളമല്ല. ഒന്നോ രണ്ടോ ഡസൻ കഥാപാത്രങ്ങൾ സ്റ്റേജിൽ കയറി എന്തെങ്കിലും പറഞ്ഞിട്ട് ഇറങ്ങിപ്പോരുന്നതു നാടകമല്ലല്ലോ. ഏതെങ്കിലും പാർട്ടിയുടെ അനുഗ്രഹാശ്ശിസ്സുകളോടെ പുറത്തുവരുന്ന രാഷ്ട്രീയ നാടകങ്ങളും, മുതലാളിയെയും തൊഴിലാളിയെയും തമ്മിൽത്തല്ലിച്ചു തലകീറിക്കുന്ന സാമൂഹിക നാടകങ്ങളും നമുക്കു ധാരാളമുണ്ട്.

"കൊടുംകാററിലൂടെ" ഇത്തരം നാടകങ്ങളുടേതിൽ നിന്നും വ്യത്യസ്ഥങ്ങളായ മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് എൻെറ അഭിപ്രായം.

നാടകത്തിൻെറ പ്രമേയത്തിലേക്കു തന്നെ ഒന്നു കണ്ണോടിക്കാം. ജോണിയും സെലിനും അന്നാച്ചേടത്തിയുടെ മക്കളാണു്. ഭർത്താവു മരിച്ചുപോയ അന്നാച്ചേടത്തി വളരെ ഞെരുങ്ങിയാണു് കുടുംബകാര്യങ്ങൾ മുൻപോട്ടു കൊണ്ടു പോകുന്നതു്. ജോണി പഠിച്ചു പാസ്സായി ഒരുദ്യോഗസ്ഥനായിക്കാണണമെന്നുള്ളതാണു അന്നാച്ചേടത്തിയുടെ ഏകാഭിലാഷം. അതിനുവേണ്ടി ഏതു ത്യാഗത്തിനും അവൾ തയ്യാറാണു്. അവളുടെ ഭർത്തൃസഹോദരനാണു ലോനപ്പൻ മുതലാളി. പക്ഷെ സാഹോദര്യത്തേക്കാളും രക്തബന്ധത്തേക്കാളും അയാൾ വിലമതിക്കുന്നതു പച്ചനോട്ടുകളും നാണയത്തുട്ടുകളുമാണു്. നേരെമറിച്ചാണു തോമസ് മുതലാളി. യാതൊരു പ്രതിഫലേച്ഛയും കൂടാതെ ജോണിയേയും കുടുംബത്തേയും കലവറകൂടാതെ സഹായിക്കുന്നു. ജോണി ബി. എ. പാസ്സായി. ആ കൊച്ചുകുടുംബം പച്ചപിടിക്കാൻ പോകയാണു്. ലോനപ്പനതു രസിച്ചില്ല. അയാളെയ്തുവിട്ട ഒളിയമ്പു കുറിക്കുകൊണ്ടു. കൊടുങ്കാററുണ്ടായി. രണ്ടു കുടുംബങ്ങൾ അകന്നു. പക്ഷെ കൊടുങ്കാററു നീണ്ടുനിന്നില്ല. അന്തരീക്ഷം തെളിഞ്ഞു തെററിദ്ധാരണകൾ നീങ്ങി.

ആകപ്പാടെ നോക്കിയാൽ ഇതിവൃത്തവും രചനാരീതിയും നന്നായിട്ടുണ്ടു് കഥാപാത്രങ്ങളും ആവശ്യത്തിലധികമില്ല. നാടകം അവതരിപ്പിക്കപ്പെടുമ്പോൾ രംഗസംവിധാനത്തിനും മററും ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല. ഇതൊക്കെ നാടകത്തെപ്പററി പറയാവുന്ന നല്ല വശങ്ങളാണു്. എന്നാൽ കഥാപാത്രങ്ങളെ സംബന്ധിച്ചിടത്തോളം ചിലപ്പോഴെല്ലാം അല്പം അസ്വാഭാവികത അനുഭ

വപ്പെടാറുണ്ട്. ഉദാഹരണത്തിന് "അറിവും സംസ്കാരവുമുള്ള" തോമസ്സ മുതലാളി അന്നച്ചേടത്തിയുടെ പൊള്ള വർത്തമാനംകേട്ട അതുപെട്ടന്നു പിണങ്ങിപ്പിരിയേണ്ടതില്ലായിരുന്നു. അതുപോലെതന്നെ 'അമ്പതോടടുക്കുന്ന' വക്കിച്ചേട്ടനെ പിച്ചാത്തി കാണിച്ചു പിടിച്ചുനിർത്തി, ചെവിയിൽ മെഴുകു ഉരുക്കിയൊഴിക്കുന്ന ജോണിയേക്കാൾ ക്ഷമാശീലനും ആദർശസമ്പന്നനുമായ ജോണിയെയാണു നാം കൂടുതൽ വിലമതിക്കുക.

ഗ്രന്ഥകാരൻെറ നാടകരചനയിലുള്ള അഭിരുചി 'കൊടുംകാററിലൂടെ' തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനെ പരിപോഷിപ്പിക്കുകയാണ് ഇനി ചെയ്യേണ്ടതു്. വിജയങ്ങൾ നേരുന്നു.

Dr. ജെയിംസ് ചാരവേലി

പ്രിയ സുഹൃത്തേ,

ഇതെൻെറ ആദ്യത്തെ നാടകമാണ്. ഇതിത്തരത്തിൽ താങ്കൾക്ക കിട്ടാറാകുന്നതിന് എന്നെ സഹായിച്ചിട്ടുള്ളവർ വളരെയാണ്. അവരെയെല്ലാം ഞാൻ കൃതജ്ഞതയോടെ സ്മരിക്കുന്നു; ഇതിനെ താങ്കൾക്കവതരിപ്പിക്കുന്ന Dr. ജെയിംസ് ചാവേലിയെ പ്രത്യേകിച്ചും.

ഇതിനെപ്പററി എന്തെങ്കിലും അഭിപ്രായം പറയാനുള്ള അവകാശം താങ്കളുടേതാണല്ലോ. താങ്കളുടെ അഭിപ്രായം എന്നേക്കൂടി അറിയിക്കുമെങ്കിൽ ഉപകാരമായിരിക്കും.

ഇത് എവിടെയെങ്കിലും അഭിനയിക്കുന്നപക്ഷം ആ വിവരം എന്നെ അറിയിച്ചാൽ സന്തോഷം.

ടി. എൽ.

## ഈ "കൊടുംകാററിലൂടെ" ജീവിക്കുന്നവർ

**സെലിൻ** — നല്ല ചൊടിയും ചുണയും പ്രസരിപ്പും പ്രസന്നതയുമുള്ള ഒരു കുസൃതിക്കുട്ടി. വയസ്സ് പന്ത്രണ്ടിൽ കൂടുകയില്ല.

**റോസക്കുട്ടി** — ഒരു കുലീന യുവതി.

**അന്നച്ചേടത്തി** — നാല്പതോളം വയസ്സ് പ്രായംകാണും. അദ്ധ്വാനത്താൽ ക്ഷീണിച്ചിട്ടുണ്ടെങ്കിലും പണ്ടത്തെ സൗന്ദര്യം തീരെ നശിച്ചിട്ടില്ല. മകനെച്ചൊല്ലി അല്പം വിറളിപിടിച്ച പ്രകൃതം.

**ജോണിക്കുട്ടി** — സുമുഖനായൊരു യുവാവ്; അന്നച്ചേടത്തിയുടെ മകൻ; സെലിന്റെ ചേട്ടൻ.

**തോമസു ചേട്ടൻ** — അമ്പതോളം വയസ്സ് പ്രായം; ധനികനും സഹൃദയനുമായ ഒരു ബാങ്കർ; റോസക്കുട്ടിയുടെ അപ്പൻ.

**ലോനപ്പൻ മുതലാളി** — ജോണിക്കുട്ടിയുടെ ഇളയപ്പൻ. പണമാണ് പ്രധാനമെന്ന് പ്രമാണമാക്കിയിരിക്കുന്ന ഒരു പണക്കാരൻ; കൊടുക്കുന്നതിനേക്കാൾ കിട്ടുന്നതാണ് വേണ്ടതെന്നു കരുതുന്ന ഒരാൾ.

**മത്തായി** — ഒരു ജോളി ടൈപ്പ് യുവാവ്.

**വർക്കിച്ചേട്ടൻ** — ഒരു പഴയ മനുഷ്യൻ.

# കൊടുംകാററിലൂടെ

## ഒന്നു്

രംഗം—ഒരു സാധാരണ ഭവനത്തിൻെറ വരാന്ത. ഒരു പഴയ മേശയും കസേരയും ഒരററത്തുകിടക്കുന്നു; അടുത്തു തന്നെ ഒരു ചെറിയ ബെഞ്ചും.

(യവനിക നീങ്ങുമ്പോഠം സെലിൻ ഒരു കൈത്തുവ്വാലയിൽ ചിത്രത്തയ്യൽ ചെയ്തുകൊണ്ടിരിക്കുന്നു. കൂട്ടുകാരിയായി ഒരു മൂളിപ്പാട്ടുമാത്രം. ഇടക്കു തുവാല തിരിച്ചുംമറിച്ചും നോക്കി എന്തോ പിറുപിറുക്കുന്നപോലെ. തുണിയുടെ പാഴ്ഭരത്തവും നൂലിൻെറ മിനുക്കമില്ലായ്മയും ചിത്രത്തെയെന്നപോലെ അവളുടെ മുഖത്തേയും മ്ലാനമാക്കുന്നതായിക്കാണാം.

കുറച്ചുകഴിയുമ്പോഠം റോസക്കുട്ടി പിന്നിൽക്കൂടി പ്രവേശിച്ചു സെലിൻെറ കണ്ണുപൊത്തുന്നു)

സെലിൻ: (ചാടിഎഴുന്നേററു് സന്തോഷപൂർവ്വം) ങ്ഹ! എൻെറ ചേച്ചി വന്നോ?

റോസ: (മൗനമായി ശ്വാസമടക്കിനിന്നു; അവഠം ചിരി അടക്കിനിർത്തിയിരിക്കയാണു്)

സെലിൻ: (റോസക്കുട്ടിയുടെ കൈയിൽ തടവിനോക്കി) ചേച്ചിയല്ലേ ഇതു്? എന്റെ റോസച്ചേച്ചീ?

റോസ: (സ്വരം കൃത്രിമമായിമാററി) അല്ല.

സെലിൻ: (കൈകരം പിടിച്ചുമാററാൻ ശ്രമിച്ചുകൊണ്ടു്) ഓ.... എനിക്കറിഞ്ഞുകൂടേ! ചേച്ചിയല്ലാതെ എന്റെ കണ്ണു പൊത്താൻ പിന്നാരാ? വിട്ട ചേച്ചീ. അല്ലെങ്കിൽ ഞാൻ ഈ സൂചികൊണ്ടു, ദേ, കൈക്കു ഒരു കുത്തുതരും.

റോസ: എന്നാൽ അതൊന്നുകാണട്ടെ. ഞാൻ വിടില്ല.

സെലിൻ: വിടില്ലേ?

റോസ: ഇല്ല.

സെലിൻ: തീർച്ച?

റോസ: (കട്ടായമായി) ആയിരംവട്ടം തീർച്ച.

സെലിൻ: ന്നാ ദേ. (സൂചികൊണ്ടു മെല്ലെ ഒരു കുത്തുകൊടുത്തു)

റോസ: (കൈവിട്ടു മുന്നിലേക്കുവന്നു; കൈ തടവിക്കൊണ്ടു്) പെണ്ണു പറഞ്ഞതുപോലെത്തന്നെ ഒപ്പിച്ചു.

സെലിൻ: (എഴുന്നേററുചെന്നു് വാത്സല്യത്തോടേ) കൈ വേദനിച്ചോ ചേച്ചീ?

റോസ: (കോപം നടിച്ചു്) പിന്നേ, സൂചി കൈയ്യിൽകേററിയാൽ വേദനിക്കാതിരിക്കുമോ? നോക്കിക്കോ. നിന്റെ ചേട്ടൻവരുമ്പോൾ ഞാൻ പറഞ്ഞു തല്ലുമേടിപ്പിക്കും.

സെലിൻ: (റോസക്കുട്ടിയുടെ കരംഗ്രഹിച്ചു്) സാരല്ല ചേച്ചീ. ഞാൻ വെറുതെ ...

റോസ: (അതേനിലയിൽ) നിനക്കു സാരല്ല. വേദന എനിക്കല്ലേ ... ... (പുറംതിരിഞ്ഞു്) സെലിയോടു ഞാനിനി മിണ്ടില്ല.

സെലിൻ: (പശ്ചാത്താപത്തോടേ) എൻെറ ചേച്ചിയല്ലേ?

റോസ: (മുൻനിലയിൽത്തന്നെ) അല്ല.

സെലിൻ: (ഒരു സൂത്രം കണ്ടുപിടിച്ചപോലെ) എന്നാൽ എൻെറ നാത്തൂനല്ലേ? (അവരം ചിരിച്ചു)

റോസ: (അവരംക്കും ചിരിവന്നു; എങ്കിലും അതു കാണിക്കരുതല്ലോ) ങ്ങേ്ഏ! ഇതാരുപറഞ്ഞു? പെണ്ണു കേറിവിളയുന്നല്ലോ. നോക്കിക്കോ. ഞാനിതും പറഞ്ഞുകൊടുക്കും.

സെലിൻ: (അവരം ഉറക്കെ പിരിച്ചു; റോസക്കുട്ടിയും)

റോസ: എന്താ നീ ചിരിക്കുന്നേ?

സെലിൻ: എന്താ ചേച്ചി ചിരിക്കുന്നേ? കൈ വേദനിക്കുമ്പോരം ചിരിക്കയാണോ?

റോസ: ഇല്ല പൊന്നേ! എന്തുവന്നാലും ഞാൻ സെലിൻെറ നാത്തൂനാവില്ല. ഇപ്പോരം സൂചികൊണ്ടുകുത്തുന്നു. അപ്പോരം നാത്തൂനായിക്കഴിഞ്ഞാൽ നീ തീക്കൊള്ളിയെടുക്കില്ലേ? (അല്പം കഴിഞ്ഞു്) സെലീ, അമ്മയെവിടെ?

സെലിൻ: (പുഞ്ചിരിവിടാതെ) അമ്മയിവിടെയുണ്ടു്. ചേച്ചിക്കമ്മയെയാണോ കാണേണ്ടതു്; അതോ....

റോസ: ചേട്ടൻ വന്നില്ലേ സെലീ? പരീക്ഷാഫലം അറിയാൻപോയിട്ടു്.

സെലിൻ: (മുൻനിലയിൽ) അതു നേരത്തെ ചോദിച്ചുകൂടായിരുന്നോ? ങ്ആ എന്നാലേ ...

റോസ: (സോത്സാഹം) ങ്. പറ.

സെലിൻ: ഞാൻ പറയും.

റോസ: ങ്ആ പറപൊന്നേ.

സെലിൻ: (ഗൗരവമായ സംഗതി പറയുംപോലെ) വന്നില്ല. (അവരം ചിരിച്ചു)

റോസ: ഇതുപറയാനാ നീ ഇത്രനേരം ആലോചിച്ചതു്? സെലിക്ക മിഠായിതിന്നാൻ കൊതിയുണ്ടോ?

സെലിൻ: കൊതിയൊന്നുമില്ല.

റോസ: ഇഷ്ടമുണ്ടോ?

സെലിൻ: ഉവ്വ്.

റോസ: നല്ല ഇഷ്ടമുണ്ടോ?

സെലിൻ: നല്ല ഇഷ്ടമുണ്ട്.

റോസ: എന്നാലെ .. കരിശ്ശുവരച്ചു ആശയടക്ക്, ട്ടോ.

സെലിൻ: ദാ. ഇതെന്തൊരുചേച്ച്യാ? ഇനി ഞാൻ ചേച്ച്യോട്ട മിണ്ടില്ല. (പിണങ്ങി എന്ന അത്ഥത്തിൽ കണ്ണും പൊത്തി തിരിഞ്ഞുനില്ക്കുന്നു)

റോസ: (കൊണ്ടുവന്ന പാക്കററെടുത്തു സെലിനെ സമീപിച്ചു) ഇതുകണ്ടോസെലീ?

സെലിൻ: (നോക്കുന്നില്ല. ഒന്നുകൂടി തിരിഞ്ഞുനിന്നു.)

(റോസക്കുട്ടി സെലിൻെറ മുമ്പിൽവന്നുനിന്നു. സെലിൻ തിരിഞ്ഞുമാറി. റോസക്കുട്ടി ഒരുകൈകൊണ്ടു സെലിൻെറ തോളിൽപിടിച്ചു മററെകൈകൊണ്ടു പാക്കററു തുറക്കുന്നു.)

റോസ: (വാത്സല്യപൂർവ്വം) സെലി, നിനക്കു മിഠായി വേണ്ടേ?

സെലിൻ: ഊ ഉം.

റോസ: (പരിഭവപൂർവ്വം) വേണ്ടേ?

സെലിൻ: ഞാൻ ചേച്ചിയോടു പിണങ്ങി!

റോസ: നാ, ദേ, ഞാൻ പോകപാ, ട്ടോ. (പോകാൻ ഭാവിക്കുന്നു.)

സെലിൻ: (വേഗം അടുത്തുചെന്നു്) അയ്യോ! ചേച്ചീ, പോകണ്ടചേച്ചീ. ഞാൻ വെറുതെപറഞ്ഞതല്ലേ. (അവളം ചേച്ചിയുടെ കൈപിടിച്ചുനിർത്തി)

റോസ: എന്നാലാ മിഠായി എടുത്തുതിന്നു്.

സെലിൻ: (പാക്കററെടുത്തുനോക്കി) ഇതെന്തിനാ ചേച്ചീ, ഇത്ര വല്യതരം?

റോസ: (കൗതുകപൂർവ്വം ഒന്നെടുത്തുകൊടുത്തു്) ഇതിന്മേൽ എഴുതിയിരിക്കുന്നതു കണ്ടോ സെലി. ഒന്നു വായിച്ചേ.

സെലിൻ: (അതുവാങ്ങി വായിച്ചു) "യൂ ആർ എ ഫൂൾ."

റോസ: (ഉറക്കെ ചിരിച്ചുകൊണ്ടു്) എന്താ അതു്? യൂ ആർ എ ഫൂൾ! ഇപ്പോഴും മനസ്സിലാഴയാ നീയാരാണെന്നു്!

സെലിൻ: (അല്പം ഇടിവുതട്ടിയെങ്കിലും വിട്ടുകൊടുക്കാതെ) ഇനി ചേച്ചിഒന്നെടുഴത്ത.

റോസ: എനിക്കുവേണ്ട.

സെലിൻ: പററില്ല. ചേച്ചിക്കു കിട്ടുന്നതൊന്നു വായിക്കണമല്ലോ.

റോസ: (ഒന്നെടുത്തു വായിക്കാൻ ശ്രമിക്കുന്നു)

സെലിൻ: (കടന്നുപിടിച്ചു്) വേണ്ട; വേണ്ട; ഞാൻ വായിക്കാം. ഇങ്ങുതാ. (സെലിൻ വാങ്ങി വായിക്കുന്നു) "യൂ ആർ ലൈക്ക് മി." (പൊട്ടിച്ചിരിച്ചുകൊണ്ടു്) അയ്യേ! കണ്ടോ. ചേച്ചി മിഠായിപോലാണെന്നു്.

റോസ്: സെലീ, അതൊക്കെപോകട്ടെ. അമ്മയെവിടെ?

സെലിൻ: അതാ അമ്മ പടിക്കൽ നില്ക്കുന്നു, ചേട്ടനെ കാത്തു്. ചേട്ടനിപ്പൊവരും. വന്നിട്ടു പോയാമതിട്ടോ ചേച്ചീ. എൻെറ ചേട്ടൻ ജയിക്കും; ഇല്ലേ ചേച്ചീ?

റോസ്: ആവോ!

സെലിൻ: ഉവ്വ്, ചേച്ചി. എൻെറ ചേട്ടൻ ജയിക്കും. ഒരു ബി. ഏ. ക്കാരനാവും. അന്നുഞാനാരാ ...എന്നിട്ടുഞാൻ ചേട്ടനോടുപറയും, വേഗംതന്നെ ചേച്ചിയെ കെട്ടാൻ.

റോസ്: വെളിച്ചപ്പെട്ടപ്പോഴേക്കും തുള്ളലുതുടങ്ങി പെണ്ണു്!

സെലിൻ: എന്നിട്ടു ചേട്ടനു ജോലികിട്ടും. അപ്പൊ ഞാനൊരു പതക്കം വാങ്ങിത്തരാൻപറയും.

റോസ്: (തുവാല പിടിച്ചുനോക്കിയിട്ടു്) ഓ, സെലി തയ്യൽ പഠിച്ചുപോയി.

സെലിൻ: ചേച്ചി പഠിപ്പിച്ചതന്നെതുതന്നെയല്ലേ.... (പരിഭവസ്വരത്തിൽ) ഇതുകണ്ടോ ചേച്ചീ, ഇതിനൊരു ഭംഗിയുമില്ല. ഈ തുണി കണ്ടില്ലേ? നൂലാണെങ്കിൽ ഒരു ചന്തോം ഇല്ലാത്തതു്.

റോസ്: സെലിക്കു ഞാൻ നല്ല തുണിയും നൂലും കൊണ്ടുവന്നുതരാം. നാളെയാവട്ടെ.

സെലിൻ: ചേച്ചി ഈ തയ്യലും പാട്ടും നൃത്തവുമൊക്കെ എവിടന്നാ പഠിച്ചേ?

റോസ്: ഞാൻ മഠംസ്കൂളിലല്ലേ പഠിച്ചിരുന്നേ. അവിടത്തെ അമ്മമാരു പഠിപ്പിച്ചതാ.

സെലിൻ: (വിസ്മയപൂർവ്വം) അമ്മമാരു നൃത്തോം പഠിപ്പിക്കോ!

റോസ: പിന്നെ?

സെലിൻ: എന്നാൽ എനിക്കും ആ സ്കൂളിൽ ചേരണം.

റോസ: ഞാൻ ഇന്നലെ പഠിപ്പിച്ച ഡാൻസു പഠിച്ചോ സെലീ?

സെലിൻ: (ആഹ്ലാദപൂർവ്വം) ഉവ്വ് ചേച്ചി. ആ പാട്ടു എനിക്കിപ്പോ കാണാതെ അറിയാം.

റോസ: എന്നാ ഒന്നുപാട്ട്.

സെലിൻ: നമുക്കൊന്നിച്ചുപാടാം.

റോസ: ങ്. തുടങ്ങ്.

(ഇരുവരുംചേർന്നു് ഒരു പാട്ടുപാടുന്നു. കുറച്ചുകഴിഞ്ഞു പെട്ടെന്നുനിർത്തിക്കൊണ്ടു്)

സെലിൻ: അയ്യൊ, നൃത്തം ചേച്ചികണ്ടില്ലല്ലോ.

റോസ: അതിപ്പംവേണ്ട. ചേട്ടൻ വന്നിട്ട്...... അതാ അമ്മ വരുന്നു.

(അന്നച്ചേടത്തി ഒരു മുറത്തിൽ കുറച്ചരിയുമായി പുറത്തുനിന്നു കടന്നുവരുന്നു. അരിയിലെ കല്ലു പെറുക്കിക്കൊണ്ടാണുനടക്കുന്നതു്.)

അന്നാ: (വരുന്ന വരവിൽ, തന്നോടുതന്നെ) നോക്കിനോക്കി എൻെറ കണ്ണുകഴച്ചു. എന്താണാവോ ഇത്ര താമസം... ? (റോസക്കുട്ടിയെ കണ്ടപ്പോൾ) ങ്ആ! റോസക്കുട്ടി ഇതെപ്പഴാവന്നേ?

റോസ: ഇത്തിരിനേരായെയൊള്ളൂ.

അന്നാ: (മുറം ഒരിടത്തു്വച്ചു) ജോണിക്കുട്ടി പോയിരിക്ക്യാം. ഇന്നു അറിയാത്രെ ജയിച്ചോന്നു്. ഇതുവരേയും കണ്ടില്ല.

റോസ: ഇപ്പം വരുമായിരിക്കും.

സെലിൻ: (മിഠായിപ്പൊതി കാണിച്ചുകൊണ്ടു്) ഇതുകണ്ടോ അമ്മേ, ചേച്ചികൊണ്ടുവന്നിരിക്കുന്നതു്.

അന്നാ: ഇതെന്തിനാമോളെ നീയിതൊക്കെ ഇങ്ങോട്ടു കൊണ്ടുവരുന്നതു്?.... നീയാ ഈ പെണ്ണിനെ മിഠായിതീററ പഠിപ്പിച്ചേ

സെലിൻ: (പ്രസരിപ്പോടെ) അല്ലാട്ടോചേച്ചീ. എനിക്കു പണ്ടേ അറിയാമായിരുന്നു.

അന്നാ: ഉവ്വ്.ഉവ്വ് ..അല്ല, ജോണിക്കുട്ടീം ഇങ്ങനെത്തന്ന്യാ. കൈയിൽ കാശുകിട്ട്യാ അവൻ കുറച്ചു മിഠായി കൊണ്ടേവരൂ. അതുകാരണം എന്തായി? പെണ്ണു് ആ ചീത്ത ശീലം പഠിച്ചു.

സെലിൻ: (ഒരു മിഠായി നീട്ടിക്കൊണ്ടു്) ഇതാ അമ്മേ, അമ്മ ഒന്നു തിന്നുനോക്ക്. എന്നിട്ടുപറ ഇതു ചീത്തയാണോന്നു്.

അന്നാ: എനിക്കുവേണ്ട.

റോസ: എന്നാലും ഒന്നുനോക്കുചേടത്തി.

സെലിൻ: ഇതൊരു വിശേഷതരമാണമ്മെ. കണ്ടോ ഇതിന്മേൽ ഓരോന്നു എഴുതിയിരിക്കുന്നു!

അന്നാ: (അതുവാങ്ങി തിരിച്ചുംമറിച്ചുംനോക്കി, കൗതുകപൂർവ്വം) ഓ! ... വിശേഷപ്പെട്ട പണിതന്നെ. ഇതിന്മേലും കൂടെ ഇനി എഴുതാൻ ബാക്കിയുള്ളോ.

സെലിൻ: അതൊന്നു വായിക്കമ്മേ. അതിന്മേൽ ഓരോരു ത്തരുടെ ഭാഗ്യാ എഴുതിയിരിക്കുന്നതു്.... നോക്കട്ടെ, ഞാൻ വായിക്കാം അമ്മയുടെ ഭാഗ്യം. (വാങ്ങി വായിക്കുന്നു) "വൈ യൂ ആർ സേഡ്?"

അന്നാ: ന്ന്് വെച്ചാ എന്താന്നെടി?

സെലിൻ: അമ്മയെന്തിനാ ഇങ്ങനെ വ്യസനിച്ചോണ്ടിരി ക്കുന്നോന്നു്.

അന്നാ: (ഭയത്തോടെ) ങേ്ഏ!

റോസ: അതു വെറുതെ ഓരോന്നു എഴുതിയിരിക്കുന്നതാ. അതിൽ ഭാഗ്യവുമില്ല ഭാഗ്യക്കേടുമില്ല.

അന്നാ: (വ്യഗ്രതയോടെ) സെലീ, നീ പോയി പടിക്കേ ചെന്നുനോക്ക്, ചേട്ടനെ കാണുന്നുണ്ടോന്നു് - ഇപ്പം വരു ന്നുണ്ടാവും.

സെലിൻ: വാചേച്ചീ. നമുക്കു പടിക്കേപ്പോയിനില്ക്കാം. (സെലിനും റോസക്കുട്ടിയും പുറത്തേക്കു നടക്കുന്നു)

അന്നാ: എന്റെ ലൂർദ്ദുമാതാവേ, അവൻ ജയിച്ചുവരണേ. (റോസക്കുട്ടിയും സെലിനും തിരിച്ചുവന്നു)

സെലിൻ: ഇതാ ചേട്ടൻ വന്നുഅമ്മേ.

അന്നാ: (ഉദ്വേഗത്തോടെ) എവിടെ....?

(ജോണി സന്തോഷവാനായി പ്രവേശിക്കുന്നു; കൈയിൽ ചുരുട്ടിപ്പിടിച്ച ഒരു ന്യൂസ്പേപ്പറുണ്ടു്)

ജോണി: അമ്മേ, ഞാൻ ജയിച്ചു അമ്മേ സെലീ, ചേ ട്ടൻ ജയിച്ചു. (സെലിന്റെ രണ്ടു കൈകളും കൂട്ടിപ്പിടിച്ചു)

അന്നാ: (നെടിയൊരു കുരിശു വരച്ചുകൊണ്ട്) ദൈവത്തിൻ സ്തുതിയായിരിക്കട്ടെ.

റോസ: (ഒരരികിൽ നിന്നിരുന്ന അവരം സ്വയം വെളിപ്പെടുത്താൻ) "കൺഗ്രാച്ചുലേഷൻസ്!"

ജോണി: റോസക്കുട്ടി! നീ ഇവിടെ ഉണ്ടായിരുന്നോ?

റോസ: (സ്നേഹപൂർവ്വം) പിന്നെ, ഞങ്ങൾക്കിതിലൊന്നും താല്പര്യമില്ലല്ലോ!

സെലി: കുറച്ചുമുമ്പേ അമ്മ പേടിച്ചുപേടി!

ജോണി: എന്താ അമ്മേ?

അന്നാ: (കൈയിൽ പിടിച്ചിരുന്ന മിഠായി കാണിച്ചുകൊണ്ട്) നീ ഇതൊന്നു വായിച്ചുനോക്ക്യേ.

ജോണി: (അതുവാങ്ങി വായിച്ച്) ഇതുകണ്ടിട്ടാണോ അമ്മ പേടിച്ചത്? നാ, ദേ, അമ്മ പേടിക്കണ്ടാ. ഇതു ഞാൻ ദേ (മിഠായി വായിലിട്ടു) ചെല്ലട്ടെ അങ്ങോട്ട്.

റോസ: (രണ്ടുവാക്കുപറയാൻ അവസരം കിട്ടിയപോലെ) സെലീ, ആ മിഠായി എടുത്തുകൊട്.

അന്നാ: ങ് ആ. അതു നമ്മുടെ റോസക്കുട്ടി കൊണ്ടുവന്നതാണെടാ.

ജോണി: (ഒരു മന്ദസ്മിതത്തോടെ) ആരുടെ ആയാലെന്താ? അല്ലേ റോസക്കുട്ടീ?

(രണ്ടുപേരും പരസ്പരം നോക്കി പുഞ്ചിരിച്ചു)

ജോണി: (മിഠായിപ്പാക്കറെറടുത്തു അതിൽനിന്നു ഒന്നെടുത്തു അമ്മക്കു നീട്ടിക്കൊണ്ട്) ഒന്നമ്മതിന്ന്.... ഇതാ റോസക്കുട്ടിക്കൊന്ന്.

റോസ: (നേരിയ ലജ്ജയോടെ) എനിക്കുവേണ്ട.

അന്നാ: എന്നാലും അവൻെറ സന്തോഷത്തിന്. (റോസക്കുട്ടി വാങ്ങു!)

ജോണി: സെലിക്കു വേണ്ടാല്ലേ.

സെലിൻ: (തുള്ളിച്ചാടിക്കൊണ്ട്) വേണംവേണം. എൻെറ ചേച്ചി എനിക്കു കൊണ്ടുവന്നതാ.

ജോണി: വേണ്ട. കുട്ടികളു മിഠായി തിന്നാൽ വളരില്ലത്രേ. (അവൻ റോസക്കുട്ടിയുടെ മുഖത്തുനോക്കി ഒന്നു മന്ദഹസിച്ചു)

റോസ: ദേ, സെലീ നിനക്ക്. (അവളുടെ കൈയിലുള്ളതു നീട്ടിക്കൊടുത്തു)

സെലിൻ: (അല്പം പിണക്കത്തോടെ) എനിക്കു ചേട്ടൻ തന്നാലെ ഞാൻ മേടിക്കൂ.

ജോണി: എന്നാൽ ഇന്നൊൻെറ കുഞ്ഞിപ്പെണ്ണുങ്ങളു വെള്ളമിറക്കേയുള്ളു.

അന്നാ: കൊടുക്കെടാ അവൾക്കും. നിൻെറ ഒരു കളി.

ജോണി: എന്നാൽ ഇതാ പിടിച്ചോ, പാക്കററുമുഴുവൻ. (പാക്കററിൽ നിന്നു മിഠായി മുഴുവൻ കൈയിൽ കമഴ്ത്തി പാക്കററുമാത്രം കൊടുക്കുന്നു. സെലിൻ ധൃതിയിൽ വാങ്ങിച്ചു)

സെലിൻ: (പാക്കററിൽ പരിശോധിച്ചു; വിവർണ്ണവദനയായി) ഇതുകണ്ടോ അമ്മേ ഇതിലൊരെണ്ണം ഇല്ല. (പാക്കററ് വലിച്ചെറിഞ്ഞുകൊടുത്തു) ഞാൻ ചേട്ടനോടു പിണക്കമാ. (മുഖം വീർപ്പിച്ചു പോകാൻനോക്കുന്നു)

ജോണി: (എഴുന്നേററുചെന്ന്) സെലീ, ചേട്ടൻ തമാശപറഞ്ഞതല്ലേ! വാ. ഇതുമുഴുവൻപിടിക്ക്. (സെലിനെപിടി

ച്ചനിർത്തി അവളുടെ കൈയിൽ മിഠായി നിറച്ചിട്ടുകൊടുക്കുന്നു)

ഓ ... കൈയിലൊതുങ്ങുന്നില്ലല്ലോ. (തിരിഞ്ഞു നീങ്ങിനിന്നു്) ഇതെല്ലാം ആരുതന്നതാ?

സെലിൻ: ചേട്ടൻ തന്നതാണേലും ചേച്ചീടെയല്ലേ?

ജോണി: നാദേ, നോക്ക്. (കൊണ്ടുവന്ന ബാഗ് തുറന്നു ഒരു മിഠായിപ്പാക്കററ എടുത്തുകൊടുത്തു) ഇതാരുതന്നതാ.

സെലിൻ: (അവരം കൈയിലുള്ളതും ചേട്ടൻ തന്നതും മേശപ്പുറത്തുവെച്ചു) ഇതു ചേട്ടൻ. ഇതു ചേച്ചി. (രണ്ടുംകൂടി ഒരു പാക്കററിലാക്കിയിട്ടു കുലുക്കിക്കൊണ്ടു്) കണ്ടോ. ഇപ്പോഠം ചേച്ചിയുടേതു് ഏതാ? ചേട്ടൻേറതേതാ? ഇതുമുഴവൻ എനിക്കാ.

അന്നാ: എടാ, നീ ആ ഷർട്ടൊന്നുമാറിയിട്ട്. വിയത്തു നനഞ്ഞിരിക്കുന്നു. ഞാൻ അപ്പോഴേക്കും ഇത്തിരി കാപ്പിഉണ്ടാക്കട്ടെ ഉം. അങ്ങനെ അതു നടന്നു. ദൈവത്തിൻേറം പിന്നെ അയല്പ്പക്കാരുടേം സഹായംകൊണ്ടു്.

സെലിൻ: ഞാൻ എന്തോരം പ്രാർത്ഥിച്ചെന്നോ! ഞാൻ പ്രാർത്ഥിച്ചില്ലെങ്കി കാണാമായിരുന്നു.

ജോണി: ഇനി റോസക്കുട്ടീം പറയും അവളുടെ പ്രാർത്ഥന കൊണ്ടാ ഞാൻ ജയിച്ചതെന്നു്.

റോസ: ഞാനും പ്രാർത്ഥിച്ചിരുന്നു.

ജോണി: കണ്ടോ. അപ്പോം ഞാൻ രാപകൽ ബുദ്ധിമുട്ടി പഠിച്ചതുകൊണ്ടല്ല. ഞാൻ എന്നും രണ്ടും മൂന്നും വീതം കൊന്തയുരുട്ടിയതുകൊണ്ടും അല്ല. അല്ലേ!

അന്നാ: എല്ലാവരുടേയും പ്രാർത്ഥനകൊണ്ടാ മോനെ. അല്ലെങ്കിൽ, നമ്മുടെ സ്ഥിതിക്ക് ഇങ്ങനെഒന്നും ആകില്ലാന്നു. പിന്നെ, റോസക്കുട്ടിയുടെ അപ്പൻെറ സഹായോം ... (അവരുടെ കണ്ണുകൾനിറഞ്ഞു) ഉം.... ഈ ദിവസം കാണാൻ അധികം കൊതിച്ച ആളിവിടെയില്ല. (നെടുതായൊന്നു നിശ്വസിച്ചു. കണ്ണുകൾ തുടച്ചു)

ജോണി: (സങ്കടത്തോടെ) അപ്പൻ സ്വർഗ്ഗത്തിലിരുന്നു ഇപ്പോൾ സന്തോഷിക്കുന്നുണ്ടാവും അമ്മേ. എൻെറ അപ്പൻ! എനിക്കുവേണ്ടി മരിച്ച എൻെറ അപ്പൻ!.... ഉവ്വമ്മേ. അപ്പൻ അവിടിരുന്നു തീർച്ചയായും നമ്മെ നോക്കി പുഞ്ചിരിക്കുന്നുണ്ടാവും. മൂന്നു കൊല്ലംഎന്നെ പഠിപ്പിക്കാൻ അദ്ദേഹം ഈ ലോകത്തു അദ്ധ്വാനിച്ചു. അവസാനം, സ്വർഗ്ഗത്തിലേക്കു സ്ഥലംമാറിയെന്നുമാത്രം .....അപ്പനുവേണ്ടി ദൈവം നിയോഗിച്ച ആളല്ലേ തോമസുചേട്ടൻ! ...

അന്നാ: (കണ്ണുതുടച്ച്) നീ പോയി അതൊക്കെ ഒന്നുമാറിയിട്ട്.

ജോണി: അമ്മേ, ഞാനവിടെടക്കുപോയിട്ടുവരാം. ഈ വാത്തയറിയാൻ കാത്തിരിക്കുന്നയാളാണു തോമസുചേട്ടൻ ... റോസക്കുട്ടീ, ഞാനിപ്പോൾവരാം.

അന്നാ: എന്നാലും ഇത്തിരി കാപ്പികുടിച്ചിട്ടുപോയാമതി. (അകത്തേക്കുപോകുന്നു)

റോസ: (അല്പംമുന്നോട്ടുവന്നു്) സെലി ഒരു പ്രോഗ്രാം അറേഞ്ജ് ചെയ്തിട്ടുണ്ട്. ഇല്ലേ സെലീ? ചേട്ടൻ വന്നാൽ പഠിച്ച ഡാൻസു കാണിച്ചുകൊടുക്കാമെന്നു പറഞ്ഞിട്ടില്ലേ?

ജോണി: (കസേരയിൽ പോയി ഇരുന്നുകൊണ്ട്) കാണട്ടെ സെലീ, വാ.

സെലിൻ: പാട്ടുപാടിത്തരണം.

ജോണി: അതിനു ഭാഗവതരു കൂടെയുണ്ടല്ലോ. (റോസക്കുട്ടിയെനോക്കി പുഞ്ചിരിച്ചുകൊണ്ട്) എന്താ റോസക്കുട്ടി?

റോസ: (അല്പം ലജ്ജയോടെ) സെലിതന്നെ തുടങ്ങ്.

(സെലിൻ പാട്ടാരംഭിച്ചു നൃത്തംതുടങ്ങി റോസക്കുട്ടിയും ജോണിയും ചേർന്നു പാടുന്ന പാട്ടനുസരിച്ച് അവൾ നൃത്തംചവുട്ടി. ഇടക്കുവെച്ച് ജോണി അമ്മയെ വിളിച്ചുവരുത്തുന്നു. അന്നച്ചേടത്തി പ്രവേശിച്ചു സകൗതുകം വീക്ഷിച്ചുനില്ക്കുന്നു.)

സെലിൻ: (നൃത്തം അവസാനിപ്പിച്ച്) നന്നായോചേട്ടാ? (അവൾ ചേട്ടനെ ചാരിനിന്നു)

ജോണി: (അവളുടെ പുറം തടവിക്കൊണ്ട്) അസ്സലായി സെലി.

അന്ന: (വിസ്മയഭാവത്തിൽ) ഇതൊക്കെ റോസക്കുട്ടി പഠിപ്പിച്ചതല്ലേ!

സെലിൻ: അതെ അമ്മേ .. ചേട്ടാ, ചേച്ചി ഇന്നാള് ഒരു കാര്യം പറഞ്ഞു. ഡാൻസു നന്നാവാൻ രണ്ടു ചിലങ്കകൂടി വേണമെന്ന്. എനിക്കതു മേടിച്ചുതരോഴചേട്ടാ?

ജോണി: ഉവ്വ്, സെലി. എൻെറ സെലിക്കു ചിലങ്കമാത്രമല്ല. കഴുത്തുനിറയെ ആഭരണങ്ങളും, പിന്നെ വേണ്ടതൊക്കെ ചേട്ടൻ വാങ്ങിത്തരും; ചേട്ടനൊരു ജോലികിട്ടുമ്പോഠം.

അന്ന: ഉം. ഇനി ഒരു ജോലീംകൂടി കിട്ടണം.... ....

സെലീ, രണ്ടു കൊതുമ്പെടുത്തോണ്ടുവന്നോ നമുക്കിത്തിരി കാപ്പിതിളപ്പിക്കാം.

(രണ്ടുപേരും അകത്തേക്കുപോകുന്നു)

റോസ: (കുറച്ചുകൂടി അടുത്തുനിന്നു കസേരയിൽ പിടിച്ചുകൊണ്ടു്) ക്ലാസ്സുണ്ടോ?

ജോണി: (സ്നേഹപൂർവ്വം) ഉവ്വ് റോസി.

റോസ: എന്തായാലും അഭിമാനിക്കാനും ആനന്ദിക്കാനും അർഹതയുണ്ടു്.

ജോണി: ഉവ്വ് റോസി. എന്നെപ്പോലെത്തന്നെ നിൻെറ ആ സ്നേഹമുള്ള അപ്പച്ചനും. (കൃതജ്ഞതാനിർഭരമായ സ്വരത്തിൽ) സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ എൻെറ ആഗ്രഹം കുമ്പടഞ്ഞുപോകാനിരുന്ന ഒരു സമയം. "പണമില്ലെങ്കിൽ പഠിക്കണ്ടടാ" എന്നു പണക്കാരനായ സ്വന്തം ഇളയപ്പൻപോലും പറഞ്ഞതാണന്നു്. അന്നെന്നെ കൈയ്ക്കുപിടിച്ചു മുന്നോട്ടുനടത്താൻ, ഫീസടക്കാൻ പണം തരാൻ ആ മനുഷ്യസ്നേഹി മാത്രമെ ഉണ്ടായുള്ളു ...റോസീ, അതിനു ഞാൻ നിങ്ങളോടെന്നും കടപ്പെട്ടവനായിരിക്കും ......അപ്പച്ചനവിടെയില്ലേ റോസീ?

റോസ: ഞാൻ പോന്നപ്പോൾ ഇല്ലായിരുന്നു. ഇപ്പോൾ വന്നുകാണും.

ജോണി: (ചുവരിൽ തൂക്കിയിരുന്ന സ്വന്തം പിതാവിൻെറ ഫോട്ടോയെടുത്തു റോസക്കുട്ടിയുടെ സമീപം വന്നുകാണിച്ചുകൊണ്ടു്) റോസികണ്ടോ, എൻെറ അപ്പച്ചൻ. എന്നെക്കാൾ കൂടുതലായി ഈ ദിവസം കാണാൻ ആഗ്രഹിച്ചയാളാണു് എൻെറഅപ്പച്ചൻ,

റോസ: നാം വിചാരിക്കുന്നപോലെയല്ലല്ലോ ദൈവം വരുത്തുന്നത്.

ജോണി: (ഫോട്ടോയിൽനിന്നു് കണ്ണെടുക്കാതെ) എൻെറ അപ്പച്ചൻ ഒരു പടുവൃദ്ധനെപ്പോലിരിക്കുന്നു; അല്ലേ റോസീ?

റോസ: ഇല്ല ഇല്ല മരിക്കുമ്പോഠം നാല്പത്തിയഞ്ചു വയസ്സല്ലേ ഉണ്ടായിരുന്നുള്ളു.

ജോണി: അതെ. പക്ഷേ, എൻെറ അപ്പച്ചൻ നാല്പത്തിയഞ്ചാംവയസ്സിൽ ഒരു വൃദ്ധനായി; എനിക്കുവേണ്ടി പണിയെടുത്തിട്ട്. എന്നെ പഠിപ്പിക്കാൻ വേണ്ടി കഠിനാദ്ധ്വാനംചെയ്തു അകാലവാർദ്ധക്യം വരിച്ചു. ആ അദ്ധ്വാനത്തിൽത്തന്നെ മരിച്ചു; (തൊണ്ട ഇടറുന്നു) തൻെറ ആഗ്രഹം സഫലമായിക്കാണുന്നതിനുമുമ്പുതന്നെ. (കണ്ണുതുടക്കുന്നു)

റോസ: ഇനിയും അതൊക്കെ ഓർത്തു എന്തിനു സങ്കടപ്പെടുന്നു? ഇന്നു ചിരിക്കാനുള്ള ദിവസമാണ്.

ജോണി: ആയില്ല റോസീ. ഈ വീടു ചിരിക്കാറായില്ല.

റോസ: (പുറത്തേക്കു നോക്കിയിട്ട്) അതാ, ഇളയപ്പനല്ലേ വരുന്നത് .. അതെ. ഞാൻ പോകട്ടെ. വേഗംവരണം. ഞങ്ങഠം കാത്തിരിക്കുംകെട്ടോ. (പോകാൻതുടങ്ങി)

ജോണി: ഞാൻ ഉടനെ വരാം.

(ജോണി കുറച്ചുനേരം റോസി പോകുന്നതങ്ങിനെ നോക്കിനിന്നു. അനന്തരം ദൃഷ്ടി ഫോട്ടോയിൽ പതിയുന്നു.)

ജോണി: (തകർന്ന ഹൃദയത്തോടെ) അപ്പച്ചാ! അപ്പച്ചാ.... .... (കുറേനേരം അങ്ങനെ നോക്കിനിന്നു. അനന്തരം കണ്ണുതുടച്ചു ഫോട്ടോ ചുവരിൽ കൊണ്ടുപോയി തൂക്കുന്നു. കണ്ണുതുട

ച്ചുകൊണ്ടു തിരിച്ചുവരുമ്പോഠം ലോനപ്പൻ മുതലാളി കയറി വരുന്നു.

ജോണിയും അയാളും പരസ്പരം കണ്ടു. ജോണിക്കയാളെ കണ്ടപ്പോഠം വെറുപ്പും വിദ്വേഷവുമാണുണ്ടായതു്. കഴിഞ്ഞ കാലത്തെ കയ്പ്നിറഞ്ഞ അനുഭവങ്ങഠം അവനിൽ തികട്ടി വരികയാണു്. വ്യക്തമായ പ്രതിഷേധത്തോടെ തിരിഞ്ഞു നടക്കാൻ ഭാവിച്ചു)

ലോന: (ക്രുസര് കൂടാതെ കസേരയിൽ വന്നിരുന്നു. ജോണിയുടെ പെരുമാററം തീരെ പിടിച്ചില്ലെന്നു തോന്നുന്നു; അയാഠം നെററിചുളിച്ചു്) ഏയ്, ജോണീ (ജോണി തിരിഞ്ഞു നിന്നു)

എന്താ കണ്ടിട്ടു് ഒന്നും മിണ്ടാതെ പൊയ്ക്കളയുന്നതു്?

ജോണി: (ഒരു താല്പര്യമില്ലാത്ത മട്ടിൽ) ഒന്നും പറയാനില്ലാത്തതുകൊണ്ടുതന്നെ.

ലോന: അതെന്താ അങ്ങനെ?

ജോണി: (അതേനിലയിൽ) പറഞ്ഞാൽത്തന്നെ പ്രയോജനമില്ലെന്നു അനുഭവം പഠിപ്പിച്ചിട്ടുള്ളതുകൊണ്ടു്.

ലോന: എന്താ നിനക്കിന്നൊരു പന്തികേടു്?

ജോണി: (വിങ്ങിപ്പൊട്ടുന്ന വികാരങ്ങഠം നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടു്) അല്ലെങ്കിലും പണമില്ലാത്തവരെന്തെങ്കിലും പറഞ്ഞാൽ അതു പന്തികേടാണല്ലോ.

ലോന: നീ എന്തോ ഉള്ളിൽവെച്ചു പറയുന്നമാതിരി-?

ജോണി: അങ്ങനെ തോന്നുന്നുണ്ടോ?

ലോന: അതൊക്കെ പോട്ടെ ജോണീ. നീ ജയിച്ചു. അല്ലേ?

ജോണി: ഉവ്വ് .. (എന്തോ ഓത്തു്) പഠിക്കാൻ പണമില്ലാതിരുന്ന ജോണിയും പഠിച്ചു ജയിച്ചു ഇളയപ്പാ!

ലോന: പിന്നെ, ബുദ്ധിമുട്ടി പഠിച്ചാൽ ജയിക്കാതെ വരില്ല.

ജോണി: അതു ലോകത്തിൽ പണ്ടേ പതിവുള്ളതാണ്.

ലോന: എന്നാലും നിന്നെപ്പോലെ ക്ലേശിച്ചു ബി. എ. പാസ്സായവരാരുംതന്നെ കാണില്ല.

ജോണി: അതൊക്കെ ഇളയപ്പനു നന്നായിട്ടറിയാവുന്ന കാര്യങ്ങളല്ലേ?

ലോന: നീയെന്തൊക്കെയാ എന്നെപ്പററി തെററിദ്ധരിച്ചു പറയുന്നപോലെ ..... നിന്നോടുള്ള സ്നേഹംകൊണ്ടല്ലേ ഞാനിപ്പോളിങ്ങു പോന്നതു്.

ജോണി: ഓ. സ്നേഹം! (വികാരഭരിതനായി) വിജയത്തിൽ അടുക്കുന്നതല്ല വിഷമത്തിൽ അകലാതിരിക്കുന്നതാണു സ്നേഹം ഇളയപ്പാ.

ലോന: നീ കഴിഞ്ഞതൊക്കെ കുത്തിപ്പൊക്കുകയാണ്.

ജോണി: അതെ. ഞാൻ കഴിഞ്ഞ ചിലതോർത്തുപോകുകയാണ്. വേണ്ട ഞാനൊന്നും പറയുന്നില്ല. (പോകാൻ നോക്കി)

ലോന: കഴിഞ്ഞതൊക്കെ കഴിഞ്ഞു. ഇനി അതൊക്കെ മറന്നുകള ജോണീ.

ജോണി: (തിരിഞ്ഞുനിന്നു്) ഇളയപ്പനെപ്പോലെ പണക്കാരനായിരുന്നില്ലെങ്കിലും എന്റെ അപ്പൻ കഠിനാദ്ധ്വാനംചെയ്തു് എന്നെ പഠിപ്പിച്ചു. അന്നൊന്നും സഹായം ആവശ്യമുണ്ടായിരുന്നിട്ടും ഞങ്ങളതാവശ്യപ്പെട്ടില്ല. എന്നാൽ, അമിതാദ്ധ്വാനം എന്റെ പ്രിയപിതാവിനെ ജീവിക്കാൻ അനുവദിച്ചില്ല. കുബേരനായ ഒരനുജനു

ണ്ടല്ലോ എന്നു മരണസമയത്ത് ആ ശുദ്ധാത്മാവു സമാധാനിച്ചുകാണും. എന്നാൽ, നിങ്ങറം എന്താണു ചെയ്തതു്?

ലോന: എന്തായാലും കാര്യം കഴിഞ്ഞതല്ലോ.

ജോണി: (ഉച്ചത്തിൽ) കാര്യം കഴിഞ്ഞു! എങ്ങനെ? മുതലാളിയായി സ്വന്തം ഒരിളയപ്പനുള്ളപ്പോറം ഒരന്യൻെറ ഔദാര്യത്തിനിരന്നിട്ട്, അല്ലേ? സ്വന്തം ജ്യേഷ്ഠപുത്രൻ മററുള്ളവരുടെ ഉമ്മറപ്പടിയെ ആശ്രയിക്കുന്നതു കണ്ടിരിക്കാൻ നാണമുണ്ടായില്ലല്ലോ? എന്നിട്ടിപ്പോറം ഒരു സ്നേഹവുമായി വരുന്നു.

ലോന: (എഴുന്നേററുകൊണ്ടു്) എന്നെ അപമാനിക്കാൻ കരുതിക്കൂട്ടി സംസാരിക്കുന്നതുപോലെ?

ജോണി: അപമാനമായോ? അപമാനിക്കാൻ ഞാൻ എന്താണു പറഞ്ഞതു്? ഞങ്ങളോടു പുലർത്തിയിട്ടുള്ള ബന്ധം എത്രമാത്രം ശ്ലാഘനീയമായിരുന്നെന്ന് ഒന്നോർത്തു നോക്കണം. അവയെല്ലാം ഇപ്പോറം അപമാനകരമായി തോന്നുന്നുണ്ടെങ്കിൽ അതെൻെറ കുററംകൊണ്ടാണോ?

ലോന: കുറേനേരമായി നീ എന്നെ ആക്ഷേപിക്കാൻ തുടങ്ങിയിട്ട്. ഇതു നല്ലതിനല്ല.

ജോണി: ഓഹോ. അല്ലെങ്കിൽ എത്ര എത്ര നന്മകളാണ് ഇതിനുമുമ്പു ഞങ്ങറക്കു ചെയ്തിട്ടുള്ളതു്! പേടിപ്പിക്കയൊന്നും വേണ്ട. നിങ്ങളുടെ പണംകണ്ടിട്ടല്ല ഞാൻ കോളേജിൽ ചേർന്നതു്. അതു കാണാതെതന്നെ പാസ്സാവുകയും ചെയ്തു.

ലോനa: ഓ.... ഇത്തരം വഴ്ക്കത്തെത്തന്നെയാണു് പണം മുടക്കി പഠിപ്പിക്കേണ്ടതും! ഫൂ!

ജോണി: (ഉഗ്രകോപം കടിച്ചിറക്കിക്കൊണ്ടു്) ആ വഴ്ക്കത്തിൻെറ ഇടയിലേക്ക നിങ്ങളെ ആരെങ്കിലും വിളിച്ചോ ഇപ്പോൾ ...?

ലോനa: (തീരുമാനത്തോടെ) ഇല്ല. ഞാൻ പോകുന്നു. നോവിച്ചുവിട്ട പാമ്പാണെന്നു കരുതിക്കോ (പോകുന്നു)

ജോണി: (അതേനിലയിൽ) തിരിഞ്ഞു കടിക്കാൻ വന്നാൽ തിരിച്ചുപോകില്ലെന്നും കരുതിക്കോ.

(ലോനപ്പൻ പോയി; പെട്ടെന്നു അന്നച്ചേടത്തി കയറിവന്നു)

അന്ന: എന്താടാ ഇവിടെ ഉറക്കെ സംസാരിച്ചിരുന്നതു്? ആരാ വന്നിരുന്നേ?

ജോണി: (പുറത്തോട്ടു ചൂണ്ടിക്കാട്ടുക മാത്രം)

അന്ന: ഇളയപ്പനോടായിരുന്നോ നീ ഇങ്ങനെ തട്ടിക്കേറിയിരുന്നതു്? ങേ് ഏ! എന്തൊക്കെ ആയാലും അവൻ നിൻെറ അപ്പൻെറ അനുജനല്ലേടാ? ങേ് ഏ!

ജോണി: ആണോ അമ്മേ? എങ്കിൽ, ഈ കുടുംബം വലുത്താനായി എൻെറ അപ്പനു കൂലിപ്പണിക്കു പോകേണ്ടിവരുമായിരുന്നോ അമ്മേ? എൻെറ പഠനത്തിന്നായി അന്യരുടെ തിണ്ണയെ ആശ്രയിക്കേണ്ടിവരുമായിരുന്നോ അമ്മേ? എങ്കിൽ, എൻെറ അപ്പൻ ഇത്ര പെട്ടെന്നു മരിക്കുമായിരുന്നോ അമ്മേ? (കണ്ഠമിടറി. രണ്ടുപേരുടേയും കണ്ണുകൾ നിറഞ്ഞു) (സ്വരം താഴ്ത്തി) അപ്പൻെറ ചികിത്സക്കായി കുറച്ചു രൂപ ചോദിച്ചപ്പോൾ 'നീ ഇവിടെ കൊണ്ടുവന്നു നിക്ഷേപിച്ചിട്ടുണ്ടോടാ' എന്നു ചോദിച്ചു

ആ പണക്കൊതിയൻ, 'പണമില്ലെങ്കിൽ പഠിക്കണ്ടടാ' എന്ന വിധിയെഴുതിയ ആ കഠിനഹൃദയൻ എന്റെ ഇളപ്പനാണെന്ന് എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ലമ്മേ.

അന്നാ: അതൊക്കെ ശരിയാണുമോനെ. എന്നാലും ഇനീം നമുക്കവനെ ആശ്രയിക്കേണ്ടിവരില്ലെന്നുണ്ടോ?

ജോണി: ഇല്ലമ്മേ, ധനവാനായ ഒരിളയപ്പനുണ്ടായിട്ട് ഇതുവരെ നാമൊന്നും നേടിയിട്ടില്ല. ഇനിയും അതില്ലാതെ കഴിയാം അമ്മേ.

(തോമസുചേട്ടൻ സന്തോഷവദനനായി പ്രവേശിക്കുന്നു)

തോമസ്: (വരുന്ന വരവിൽ ഒരു പുഞ്ചിരിയോടുകൂടി) എന്താ അമ്മയും മകനും തമ്മിൽ ഒരു 'ടെൻഷൻ' പോലെ ജോണീ? ജയിച്ചെന്നുകേട്ടു. കൺഗ്രാച്ചുലേഷൻസ്!

അന്നാ: (അപ്പോഴേ അവരയാളെ കണ്ടുള്ളു) തോമസുചേട്ടനോ!

ജോണി: (ആദരവോടെ) ഇരിക്കു ചേട്ടാ.

(അന്നമ്മ ധൃതിയിൽ കസേര കൈകൊണ്ടു തുടച്ചു)

ഞാനങ്ങോട്ടു വരാനിരിക്യായിരുന്നു. റോസക്കുട്ടി പറഞ്ഞു കാണും?

തോമസ്: (ഇരുന്നിട്ട്) ഞാൻ പത്രത്തിൽനിന്ന് അറിഞ്ഞു. (അന്നച്ചേടത്തിയോട്) ഇപ്പോഴം സമാധാനമായില്ലേ?

അന്നാ: (കൃതജ്ഞതാപൂർവ്വം) എല്ലാം തോമസുചേട്ടന്റെ സഹായംകൊണ്ട്. അല്ലാതെ ഞങ്ങൾക്കിതൊക്കെ സ്വപ്നംകാണാൻപോലും കഴിയുമായിരുന്നോ!

ജോണി: ചേട്ടാ, ഞാൻ എങ്ങനെയാണു നന്ദി പറയേണ്ട തെന്ന് എനിക്കറിഞ്ഞുകൂടാ. ഒന്നു തീർച്ച; ഞാൻ എന്നും തോമസുചേട്ടനു കടപ്പെട്ടവനായിരിക്കും.

തോമസ്: ഓ...... ഇതൊന്നും അത്രവലിയ കാര്യമല്ല ജോണീ

എന്താ നിൻെറ ഇളയപ്പൻ ഒരു 'ലവലി'ല്ലാത്ത പോക്കു പോകുന്നതു കണ്ടല്ലോ?

ജോണി: എന്നെ 'വിഷ്' ചെയ്യാൻ വന്നതാണത്രെ. (അമ്മയോട്) അമ്മേ, കാപ്പി?

അന്നാ: ങ്ആ! ഞാനക്കാര്യം മറന്നു. (അകത്തേക്കുപോയി)

തോമസ്: വിഷ്ചെയ്യാനെങ്കിലും വന്നല്ലോ!

ജോണി: അതെ. ബി. എ. ക്കാരനായപ്പോൾ ഞാൻ 'ചേട്ടൻെറ മകനാ'യി. ഫീസിനു പണമില്ലാതെ പരക്കം പാഞ്ഞിരുന്നപ്പോൾ വെറും അന്യനായിരുന്നു; ഒരു തെണ്ടിപോലും ആയിരുന്നു.

(അന്നച്ചേടത്തി രണ്ടു കപ്പുകളിൽ കാപ്പി കൊണ്ടുവന്നു കൊടുക്കുന്നു)

അന്നാ: (കാപ്പികൊടുത്ത് അല്പം മാറിനിന്ന്) ഇനി എന്തെങ്കിലും ഒരു ജോലീംകൂടി കിട്ടണം.

തോമസ്: (ഒരു കവിൾ കാപ്പികുടിച്ചിട്ട്) ജോണീ, ഞങ്ങളുടെ ബാങ്കിനു കോയമ്പത്തൂരിൽ ഒരു പുതിയ ബ്രാഞ്ചാരംഭിക്കാൻ പോകുന്നുണ്ട്. അവിടേക്കു മാനേജരായി ഒരാളെ ആവശ്യം വരും. ഞാനതിനു പരിശ്രമിക്കാം. എന്താ?

അന്നാ: ഈ നാട്ടീത്തന്നെ ആയിരുന്നെങ്കിൽ....

തോമസ്: അവിടെ കിട്ടിക്കഴിഞ്ഞാൽ കുറേക്കഴിയുമ്പോൾ അടുത്തെവിടേക്കെങ്കിലും മാററത്തിനപേക്ഷിക്കാം..... സെലിയെവിടെ? കണ്ടില്ലല്ലോ....

ജോണി: ഇവിടെ ഉണ്ടായിരുന്നു.

അന്നാ: (അകത്തോട്ടു നോക്കി) സെലീ, സെലീനേ . . .

തോമസ്: കേട്ടോ, അന്നാമ്മേ, ജോണിക്കുട്ടിക്കു ജോലി കിട്ടിക്കഴിഞ്ഞാൽ പിന്നെ താമസിക്കാതെ മദ്രാസുകുട്ടിയുടെ ആഗ്രഹമങ്ങു സാധിച്ചുകൊടുക്കണം. എന്താ തടസ്സമൊന്നുമില്ലല്ലോ.

[യവനിക]

## രണ്ട്

(രംഗം മുമ്പിലത്തേതുതന്നെ. യവനിക നീങ്ങുമ്പോൾ രംഗത്താരുമില്ല. കുറച്ചുകഴിഞ്ഞു വർക്കിച്ചേട്ടൻ കയറിവരുന്നു.

വർക്കിച്ചേട്ടനു പ്രായം അമ്പതോടടുത്തുകാണും. സ്ഥിരമായ ഒരു ജോലിയോ ഒരിടത്തും സ്ഥിരമായ താമസമോ ഇല്ലാത്ത ഒരു സർവാണി പ്രമാണി. പ്രധാനമായും ഒരു വിവാഹദല്ലാളാണ്. ഇട്ടിരിക്കുന്ന കാക്കിഷർട്ടിൻെറ മുൻവശത്തെ രണ്ടു കീശകളും വീർത്തിരിക്കും എപ്പോഴും. ഒന്നിൽ കുറേ കടലാസ്സുകളും ഒരു പേനായും. മററതിൽ ഒരു മുറുക്കാൻ പൊതി. ഒരു രണ്ടാംമുണ്ടും പഴയൊരു കുടയും എപ്പോഴും ഉണ്ടായിരിക്കും. എന്തു പറഞ്ഞുകഴിഞ്ഞാലും ഒരു നീട്ടി മൂളലുണ്ട്; ചിലപ്പോൾ, കഴുകക്കണ്ണു നീട്ടിക്കൊണ്ട് 'ഏതു'' എന്നൊരു ചോദ്യവും.

അല്പനേരം അവിടമൊക്കെ ഒന്നു നിരീക്ഷിച്ചതിനുശേഷം അവിടെ കിടക്കുന്ന കസേരയിൽ ഇരിക്കുന്നു)

വർക്കി: (രണ്ടാംമുണ്ടെടുത്തു വീശിയിട്ട്) ആവൂ! എൻെറപ്പാ!

(മുറുക്കാൻ പൊതിയെടുത്തു നിവർത്തിവെച്ചു) അവനതൊന്നു സമ്മതിച്ചാമതി ഏതു്? ങ്ഹാ! (മുറുക്കാരംഭിക്കുന്നു, ഇടക്കുവച്ച്) അല്ലാ; അവനതു വേണ്ടെന്നു പറയില്ല. അവളും അത്രക്കു മോശോം മററോ ആണോ? ഏതു്? അതാണതിൻെറ ന്യായം. ങ്ഹാ!

(പുകയിലക്കഷണം ചെത്തി കൈയിൽ പിടിച്ചു പുറത്തേക്കു ചെന്നു ഒന്നു നീട്ടിത്തുപ്പി പുകയില വായിലിട്ടു തിരിച്ചുവരുമ്പോൾ അന്നാച്ചേടത്തി വരുന്നു)

അന്നാ: ആരു്! വർക്കിച്ചേട്ടനോ!

വർക്കി: (നോക്കി ഒന്നു ചിരിച്ചു. അവിടെത്തന്നെനിന്നു കൊണ്ടു്) ങ്അ. അതെ.

അന്നാ: എപ്പോഴും വന്നു? ഞാനൊന്നു പുറത്തേക്കിറങ്ങിയതാ. എല്ലാത്തിനും ഞാൻ തന്നെ വേണ്ടേ? ഇരിക്കു്.

വർക്കി: അതുതന്നെ ഞാനും ആലോചിക്കുന്നതു്. (വന്നിരിക്കുന്നു) നീ പുറത്തേക്കൊ മററൊ ഇറങ്ങുമ്പോഴും ഇവിടെ അകത്തുനില്ക്കാൻ ഒരാളു വേണമല്ലോ. ഏതു്? (അന്നച്ചേടത്തിയുടെ മുഖത്തേക്കു നോക്കി, ഉത്തരം പ്രതീക്ഷിച്ചു്)

അന്നാ: അവൻെറ കല്യാണംകൂടി കഴിഞ്ഞാലെ എനിക്കൊന്നാശ്വസിക്കാനാവൂ.

വർക്കി: അതാണതിൻെറ ന്യായം. ങ്ഹാ! ... ജോണിക്കുട്ടി എവിടെ?

അന്നാ: അവൻ തോമച്ചേട്ടൻെറ ബംഗ്ലാവിൽ പോയിരിക്കയാണു്. (ആദരവോടെ) അയാളുടെ കാരുണ്യംകൊണ്ടാ പഠിച്ചതു്. അയാളു വഴി തന്നെവേണം ഒരു ജോലികിട്ടാനും.

വർക്കി: ജോലികൊന്നും വിഷമമില്ലന്നേ. ജോലി ഇല്ലെങ്കിത്തന്നെ എന്താ? കഴിയാൻ വേണ്ടത്ര മൊതലു അവളുടെ വീട്ടിലുണ്ടല്ലോ. ഏതു്? ഇതുകളി.

അന്നാ: എത്രനാളു് ഇങ്ങനെ അന്യരെ ആശ്രയിച്ചു കഴിയാം വർക്കിച്ചേട്ടാ?

വർക്കി: അന്നാമ്മക്കു കാര്യം തിരിഞ്ഞില്ല. നമ്മുടെ തങ്കമ്മയുണ്ടല്ലോ. പാക്കരേചട്ടൻെറ ഏക മോളു്. അവൾക്കു ജോണിക്കുട്ടി എന്നുവെച്ചാൽ ജീവനാ. ഏതു്?

ങ്അ! അവരുടെ ചെറുപ്പംമുതലേ അങ്ങനാ ആയിരു ന്നതേ.

അന്നാ: (അലസ്സമായി) ഉം....

വർക്കി: അവളെപ്പോഴും അവനെപ്പററി പറയുന്നതു കേക്കാം. ഏതു്?

അന്നാ: (ഇഷ്ടപ്പെടാത്ത മട്ടിൽ) ഉണ്ടാവും.

വർക്കി: അതാണതിൻെറ ന്യായം ങ്ഹാ! ജോണിക്കുട്ടി പരീക്ഷയിൽ ജയിക്കാൻ അവരം എന്തു മാത്രാ പ്രാത്ഥിച്ചുകൂട്ടിയതെന്നോ? പരീക്ഷ തുടങ്ങിയതു മുതൽ എന്നും പള്ളീപ്പോക്കല്ലെ ആയിരുന്നോ! അതൊ ക്കെ അവൻെറ ജയത്തിനുവേണ്ടിയല്ലാരുന്നോ!

അന്നാ: അത്രേയാ?

വർക്കി: സംശയമുണ്ടോ? ഇതു കളി. (അയാരം പുറത്തു പോയി തുപ്പി വന്നു) അല്ല; അവളതു എന്നോടു പറ ഞ്ഞൊന്നും ഇല്ല'കട്ടോ ഞാൻ അങ്ങനെ ഊഹിച്ചതാ. അങ്ങനെ ആകാതെ വരില്ല. ഏതു്? (അന്നമ്മയുടെ ഭാ വം സൂക്ഷിച്ചു)

അന്നാ: അതായിരിക്കും അതിൻെറ ന്യായം.

വർക്കി: (ഒന്നിളകിയിരുന്നു്) ങ്ഹാ...! അവളുടെ കല്യാ ണം ഒന്നു നടത്തിക്കൊടുക്കാൻ എന്നുമുതൽ തുടങ്ങിയ താണെന്നോ പറച്ചില്?

അന്നാ: അങ്ങു നടത്താഞ്ഞിട്ടാണില്ലേ? പെണ്ണിനു വേണ്ടത്ര പ്രായോം ആയിട്ടുണ്ടു്.

വർക്കി: അതിനവള് ഇന്നത പറയൂ: ജോണിക്കുട്ടി-ബി. എ. പാസ്സാവട്ടെ, പാസ്സാവട്ടെ എന്ന്. ഏതു്?

അന്നാ: (മൗനം)

വർക്കി: അപ്പോഠം ഞാനും തീർച്ചയാക്കി.

അന്നാ: (ഉദ്വേഗത്തോടെ) എന്തു്?

വർക്കി: ഇവിടെയാണെങ്കിൽ ഒരാളുവേണം. അയാഠം ക്കാണെങ്കിൽ അവളെ അകലേക്കു വിടാനും ഇഷ്ടമില്ല. ഒന്നല്ല ഉള്ളു. ഏതു്? ങ്ഹാ ...! പിന്നെ അവഠംക്കു വേണ്ടത്ര പണ്ടോം പണോം പഞ്ചോം തീൻറണ്ടതാനും.

അന്നാ: (ബാധയൊഴിക്കാൻ) അതിനു ജോണിക്കുട്ടിക്കു അടുത്തൊന്നും കല്യാണം കഴിക്കാൻ പ്ലാനില്ലെന്നു തോന്നുന്നു.

വർക്കി: (എന്നാലും വിടാൻ ഭാവമില്ല) അതിനെന്താ വിരോധം! ഇതു കളി. അവഠംക്കു നീ വിചാരിക്കുന്നപോലെ അത്ര വയസ്സൊന്നും ആയിട്ടില്ല. അവളുടെ വണ്ണം കൊണ്ടു തോന്നുന്നതല്ലേ! അടുത്ത തുലാത്തിലോ മകരത്തിലോ വരെ നീട്ടാൻ ഒരു വിഷമവുമില്ല. ഏതു്?

അന്നാ: അതു പററുമെന്നു തോന്നുന്നില്ല വർക്കിച്ചേട്ടാ അവർക്കാണെങ്കിൽ ഞങ്ങളേക്കാഠം സ്ഥിതിയുള്ളവരുമായി ബന്ധംപിടിക്കാൻ സാധിക്കും.

വർക്കി: അല്ലെങ്കിൽ ആരാണു കാശും സ്ഥിതിയുമൊക്കെ നോക്കുന്നതിപ്പോഠം? ഇതു കളി!

അന്നാ: അവനോടൊന്നു ചോദിക്കട്ടെ.

വർക്കി: അവനിഷ്ടപ്പെടാതിരിക്കില്ലാന്നേ. അവരു പെറുപ്പംമുതലങ്ങനല്ല്യോ? (വെളിയിൽ ചെന്നു തുപ്പി വരുന്നു) പിന്നെ, പെണ്ണിനു പണ്ടോം പണോം പഞ്ചോം തീൻറണ്ടതാനും.

അന്നാ: അവനിപ്പോളതിനൊന്നും സമയം കാണില്ല വർക്കിച്ചേട്ടാ.

വർക്കി: പിന്നെ പഠിപ്പില്ലാന്നു കണ്ടോണോ?

അന്നാ: അതൊന്നുമല്ല.

വർക്കി: അവളും പത്താംക്ലാസ്സില് രണ്ടുമൂന്നുകൊല്ലം പഠിച്ചതാ. പിന്നെ ജയിക്കാൻ കഴിഞ്ഞില്ലെന്ന്. അതവൾക്കു സുഖക്കേടായതുകൊണ്ടല്ലേ? ...... അല്ലെങ്കിലും പെൺകുട്ടികൾ അധികം പഠിക്കണ്ടെന്നാ എൻെറ പക്ഷം.

അന്നാ: (ചിരിയടക്കിയിട്ട്) ഞാനതിനെപ്പററി ഒന്നും പറഞ്ഞില്ലല്ലോ.

വർക്കി: (അക്ഷമനായി നിവർന്നിരുന്ന്) പിന്നെ നീയിങ്ങനെ ഒന്നും മൂന്നുമല്ലാത്ത രീതിയിൽ സംസാരിക്കുന്നതു്? ഇതു കളി. (പിണങ്ങിയ മട്ടിൽ പുറത്തേക്കു നോക്കിയിരുന്നു)

അന്നാ: (നിസ്സഹായസ്ഥിതി നടിച്ച്) ഇതിലൊരു തീരുമാനമെടുക്കാൻ ഞാനാരാണു വർക്കിച്ചേട്ടാ?

വർക്കി: നീയവൻെറ അമ്മയല്ലേ?

അന്നാ: ഇന്നത്തെ കാലത്തു അതൊന്നും നടപ്പില്ല എൻ്റെ ചേട്ടാ.

വർക്കി: എന്നാലും നിൻെറ സംസാരം കേട്ടിട്ടു നിനക്കു പിടിക്കാത്ത മട്ട്. എന്താ അവളു കെട്ടാമങ്കയാണെന്നു കരുതുന്നോ? ഇതു കളി (ഒന്നിളകിയിരുന്നു) ...

അന്നാ: ഏയ്. അങ്ങനെയൊന്നും ഇല്ല.

വർക്കി: ങ്ഹാ. അതാണതിൻെറ ന്യായം (വിജയപൂർവ്വം) നിറം കുറതല്ലു കറുത്താണെങ്കിലും അവളെ ഇന്നാരും

DHARMARA... LIBRARY, BANGALORE

കെട്ടിക്കൊണ്ടു പൊയ്ക്കോളും. അവർക്കതിനുള്ള പണ്ടോം പണോം പഞ്ഞം തീനുണ്ടുതാനും.

അന്നാ: (അതേ മട്ടിൽ) അതെ. അതുണ്ടായാൽ, കണ്ണിനും പല്ലിനും അല്പം കോട്ടം ഉണ്ടെങ്കിലും സാരമില്ലതാനും.

വർക്കി: (രസിക്കാതെ) ഏ ഏ .. എന്താ പറഞ്ഞതു്?

അന്നാ: (തരംനോക്കി) പിരിഞ്ഞു നിന്നാൽ വാടുമെന്നു പേടിക്കേം വേണ്ട. പ്രായോം ആയിട്ടുണ്ടെന്നു്.

വർക്കി: (അക്ഷമനായി) മതി മതി. നീ പറഞ്ഞതുമതി. നിനക്കു പിടിച്ചില്ലെങ്കിൽ അതു പറഞ്ഞാമതി. (മറക്കാൻ പൊതി ചുരുട്ടി എഴുന്നേൽക്കുന്നു)

അന്നാ: അയ്യോ! വർക്കിച്ചേച്ചൻ വിഷമം വിചാരിക്കല്ലേ.

വർക്കി: (എഴുന്നേററു കുടയുമെടുത്തു അല്പം നടന്നു. എന്നിട്ടു തിരിഞ്ഞു നിന്നു്) നിങ്ങളുടെ ഗുണത്തിനുവേണ്ടി ഒരു കാര്യം പറഞ്ഞപ്പോൾ... വേണ്ട. നിങ്ങളിനി ദേവസ്ത്രീകളായിട്ടുമതി ബന്ധുത. ബി. എ. പാസ്സായപ്പോൾ നിലത്തൊന്നുമല്ല നില്ക്കുന്നതു്. (പോകുന്നു)

അന്നാ: പോകാണോ! കുറച്ചു കാപ്പി കുടിച്ചു പോകാം.

(ഇത്തരക്കാരോടു പൊതുവേയുള്ള വെറുപ്പും വർക്കിച്ചേട്ടന്റെ കെണിയിൽ കുടുങ്ങാത്തതിലുള്ള സംതൃപ്തിയും ഇടകലർന്ന ഒരു ഭാവത്തിൽ കുറേനേരം വർക്കിച്ചേട്ടൻ പോയ ഭാഗത്തേക്കു നോക്കിനിന്നു. ഇടക്കു്)

അന്നാ: (ആരോടെന്നില്ലാതെ) ആ കരിമുത്തുക്കിയെ ഇവിടെ തള്ളിക്കേററാൻ നോക്കുകയാ ആ മനുഷ്യൻ!

(അന്നക്കുട്ടി അതേ നിലയിൽത്തന്നെ നില്ക്കുന്നു. ജോണിക്കുട്ടിയും മത്തായിയും കടന്നുവരുന്നു.

മത്തായി- (ഒരു ജോളി ടൈപ്പു യുവാവ്. ആക്ഷൻസഹിതമാണു സംസാരമെപ്പോഴും. ആകാവുന്നിടത്തൊക്കെ ഇംഗ്ലീഷു പദങ്ങളം കൂട്ടിപ്പറയാൻ മറക്കില്ല. പത്താംക്ലാസ്സു പാസ്സായി ഒരു ക്ലാർക്കായി കൂടിയിരിക്കയാണിപ്പോഠം. ജീവിതത്തെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങളൊന്നുമില്ല. ആരോടും എന്തും തുറന്നുപറയുന്ന സ്വഭാവം. ഒരു സഹൃദയൻ.)

മത്തായി: (അന്നച്ചേടത്തിയുടെ നിൽപ്പുകണ്ടിട്ടു ഒരു ചെറുചിരിയോടുകൂടെ) എന്താ ചേടത്തീ, ഈ വടക്കുനോക്കിയന്ത്രംപോലെ അങ്ങോട്ടു ടേൺചെയ്തു നില്ക്കുന്നതു്?

അന്ന: (പെട്ടെന്നു തിരിഞ്ഞു) ങ്ഹാ. നിങ്ങളുവന്നോ?

ജോണി: അമ്മ എന്താ നോക്കിക്കൊണ്ടിരുന്നതു്? (മത്തായിയോട്) ഇരിക്കു മത്തായി. (രണ്ടുപേരും ഇരിക്കുന്നു)

അന്ന: ഇതാ ഇപ്പോഠം ഇറങ്ങിപ്പോയതേയുള്ളു ഒരു മനുഷ്യൻ ഇവിടന്നു്.

ജോണി: ആരാണമ്മേ?

അന്ന: ആ വർക്കിച്ചേട്ടൻ

മത്തായി: (പെട്ടെന്നു ആളെ പിടികിട്ടിയ മട്ടിൽ) ഓഹോ! നമ്മുടെ 'പുലിവാല്' വർക്കിച്ചേട്ടനല്ലേ?

ജോണി: ആര്?

മത്തായി: ദാററീസ് തന്നെ. പുലിവാലുതന്നെ.

ജോണി: അതെന്താ അയാളെ അങ്ങനെ വിളിക്കുന്നതു്?

മത്തായി: ഹൊ. ഇതൊന്നും അറിയാൻ പാടില്ലേ? ഭയങ്കര അറിവില്ലായ്മ തന്നെ. അയാളുടെ പണിതന്നെ മററുള്ളവരെക്കൊണ്ടു പുലിവാലു പിടിപ്പിക്കലല്ലേ?

ജോണി: എനിക്കു മനസ്സിലാകുന്നില്ല.

മത്തായി: പൂവൻപഴത്തിൻെറ കളറാണു്; മധുരപ്പതിനേഴിലാണു നില്പു്; നസ്റ്റീസാണു്; എന്നൊക്കെ പറ

ഞ്ഞു് ഓരോന്നിനെ ഓരോരുത്തരുടെമേൽ എങ്ങനെയെങ്കിലും ലോഡു ചെയ്യും ആ പഹയൻ. കാര്യം കഴിയുമ്പോഴല്ലേ അയ്യോ എന്ന അട തിന്നുക. പിടിച്ച വാല വിടാൻ ഒക്കുമോ!

ജോണി: (ഒരു ചെറു ചിരിയോടെ) അതു ശരി.

മത്തായി: (അതേ നിലയിൽ) എത്ര പെൺകിടാങ്ങളാ അയാളെ പിരാകി ദിവസം കഴിക്കുന്നതു്! . അയാൾക്കിപ്പോൾ ചില റൂട്ടുകളൊക്കെ ബ്ലോക്കായി കിടക്കുകയല്ലേ! ഡേയ്ഞ്ചറാണത്രെ അതിലൂടെ പാസുചെയ്താൽ.

ജോണി: അതെന്താ?

മത്തായി: ചില വഴികളിലൂടെ പോയാൽ തടിക്കു വെയിററു കൂടുമത്രേ. അരച്ചുകൊട്ടത്താൽ വലിച്ചുകുടിക്കാൻ തയ്യാറായി നില്ക്കുകയാ ചിലരു്.

ജോണി: ശരിയാണു്. ഇക്കൂട്ടർ കുറച്ചു കാശിനുവേണ്ടി എത്രപേരുടെ ജീവിതമാണു നശിപ്പിക്കുന്നതു്?

അന്ന: (ഇടക്കുകയറി) എന്തിനാ പുള്ളി വന്നതെന്നോ?

ജോണി: എന്തിനാ?

അന്ന: അങ്ങേതിലെ തങ്കമ്മക്കു ജോണിക്കുട്ടീന്നു കേട്ടാൽ പിന്നെ ഉറക്കം വരുന്നില്ലത്രേ.

മത്തായി: (ഗൗരവം നടിച്ചു്) അയ്യോ. എന്നാൽ അതിനെ സൂക്ഷിക്കണമല്ലോ.

ജോണി: ഓ .. ഹോ!

മത്തായി: ഏതായാലും ജോണി, ആ വഴിക്കൊന്നും ഇറങ്ങല്ലേ. ആ പാവം ഒന്നൊറങ്ങിക്കോട്ടെ വല്ലപ്പോഴും.

അന്നാ: (വിജയഭാവത്തിൽ) ആ കരിംമൂത്തുക്കിയെ ഇങ്ങു തള്ളിവിടാൻ പഠിച്ച പണി പതിനെട്ടും നോക്കി അയാൾ. (ചിരിച്ചുകൊണ്ട്) പെണ്ണിന്റെ പണ്ടോം പണോം പഞ്ഞോം തിന്നണമത്രേ!

മത്തായി: (അതേ നിലയിൽ) വയസ്സും റേഷനില്ലാതെ ആയിട്ടുണ്ടെന്നു പറയാമായിരുന്നില്ലേ?

അന്നാ: ഞാൻ പറഞ്ഞു: പിരിഞ്ഞു നിന്നാൽ വാട്ടമെന്നു പേടിക്കേണ്ടെന്ന്.

മത്തായി: ഒന്നോർത്താൽ അതിന്റെ കെയ്സ് വെരി പുവറാണു കേട്ടോ. ഭയങ്കരം! ആരും തിരിഞ്ഞു നോക്കുന്നില്ലെന്നേ. പണമുണ്ടായിട്ടെന്താ കാര്യം? ഒരു ഷെയിപ്പു വേണ്ടേ?

അന്നാ: എന്നിട്ടവസാനം ഇഷ്ടപ്പെടാതെയാ അയാൾ പോയതു്.

ജോണി: അയാൾക്കാ വിഷമം മുഴുവൻ!

മത്തായി: അതല്ലാതിരിക്കുമോ! അതിനെ ഒന്നങ്ങു ഇറക്കിക്കൊടുത്താൽ ആയിരമല്ല ഒത്തിരിക്കുന്നതു്! തൗസന്റ്സ്. ഭയങ്കരം!

അന്നാ: അ. പിന്നെന്തുണ്ടു മത്തായീ അവിടത്തെ വിശേഷങ്ങൾ?

മത്തായി: മുതലാളീടവിടെയല്ലേ! (തുടക്കു തല്ലി ചിരിക്കുന്നു. തലയിട്ടൊരു ആട്ടലും)

ജോണി: എത്ര ദിവസമാ അവിടെ നില്ക്കാൻ വിചാരിക്കുന്നതു്?

മത്തായി: എൻെറ എസ്റ്റിമേററനുസരിച്ചു ഇപ്പോഠം തന്നെ ഓവറായിട്ടുണ്ടു്.

ജോണി: അപ്പോഠം രണ്ടു മാസം തികച്ചു നില്ക്കില്ലേ ഒരിടത്തും?

മത്തായി: (ചിരിച്ചുകൊണ്ടു്, അതേനിലയിൽ) അതിന്, നമ്മുടെ ലോനപ്പൻ മുതലാളീടവിടത്തെ ജോലി എപ്പോഴും ഓവർ ടൈമിൽ പെടുത്തണം, ജോണീ. അപ്പോഠം ഡബ്ബിളുവെച്ചു കണക്കു കൂട്ടണ്ടേ? ആ നിലക്കിപ്പോഠം എനിക്കവിടെ ഫുഠംസ്റ്റോപ്പിടാറായിട്ടുണ്ടു്.

അന്നാ: (ഉപദേശരൂപത്തിൽ) എന്താ മത്തായി, നിനക്കൊരിടത്തും ഉറച്ചു നില്ക്കാൻ പാടില്ലേ? ഇവിടന്നു വിട്ടാൽ വേറൊരിടത്തു കിട്ടുമെന്നു എന്താ തീർച്ച? നിൻെറ വല്ലതും കിട്ടിയിട്ടു വേണ്ടേ വീടു കഴിയാൻ. ഇപ്പൊ എന്തു സ്ഥലമായി മാറുന്നു?

മത്തായി: (പുഞ്ചിരിച്ചു്) ഭയങ്കരം അല്ലേ!

ജോണി: അതെ, അതെ. അതിഭയങ്കരം!!

അന്നാ: (മുമ്പത്തെ നിലയിൽത്തന്നെ) അവിടെങ്കിലും ഒന്നുറച്ചുനിന്നാൽ നിനക്കുതന്നെ നല്ലതു്.

മത്തായി: കാര്യം നല്ലതാ. പക്ഷെ അവിടെ ഉറച്ചു നില്ക്കാനാ വിഷമം. ഇടക്കിടക്കു പിടിച്ചു 'ഷെയിക്ക്'ല്ലേ. പിന്നെ എങ്ങിനെ വേരുപിടിക്കും!

അന്നാ: കുറേ ബുദ്ധിമുട്ടൊക്കെ കാണും.

മത്തായി: ബുദ്ധിമുട്ടാൻ ഞാൻ റെഡിയല്ലേ. പക്ഷേ, ഈ മത്തായിയുണ്ടല്ലോ, അവനൊരു സ്റ്റാററസ്സൊക്കെ ഉണ്ടു്.

അതുവിട്ട് ആരെന്തുപറഞ്ഞാലും ഉൗ. ഉം (നിഷേധാർത്ഥത്തിൽ തല കുലുക്കുന്നു) ഈ മാണി പിന്നെ നിന്ന നിലയിൽനിന്നു് ഒരു പോയിൻറു മൂവ് ചെയ്യില്ല.

ജോണി: ആ നിലക്കു മത്തായി ഇളയപ്പൻറവിടെ അധികം വാഴില്ല.

മത്തായി: അതു 'ഷുവർ'. ഞാനും മുതലാളിയും കൂടി കൊള്ളീഷ്യൻ ഇല്ലാത്ത ദിവസം ചുരുക്കം. അല്ല; എങ്ങനെ ഇല്ലാതിരിക്കും? മുതലാളി കയറി വരുമ്പോൾ എഴുന്നേററാൽ ജോലി ചെയ്യുന്നില്ലെന്ന കംപ്ലെയിൻറ്. എഴുന്നേററില്ലെങ്കിൽ ആചാരക്കുറവ്. ഭയങ്കരം അല്ലേ!

ജോണി: (ഒന്നു പുഞ്ചിരിച്ചു)

മത്തായി: പിന്നെ ഞാനൊരു ട്രിക്കെടുത്തു നോക്കി.

ജോണി: ഉം? (ചോദ്യരൂപത്തിൽ മാണിയെ നോക്കി. അന്നമ്മയും)

മത്തായി: അതതിലും ഭയങ്കരം! എഴുന്നേററു കൂനിനിന്നു ജോലി ചെയ്യുക. പുള്ളിക്കതു പിടിച്ചു.

അന്ന: ങാ. അങ്ങനേം വേണ്ടിവരും ചിലപ്പോൾ.

ജോണി: വിഷമംതന്നെ!

മത്തായി: (അല്പം കഴിഞ്ഞു ഒരു സിഗറെററടുത്തു്) ഞാനതു മറന്നു. ഇടക്കു എയറടിച്ചില്ലെങ്കിൽ സംഗതി നീങ്ങില്ല. (കത്തിച്ചു വലിക്കുന്നു. ഉയർന്നു പൊങ്ങുന്ന പുക കണ്ടുകൊണ്ടു സെലിൻ ചിരിച്ചുകൊണ്ടു വരുന്നു)

സെലിൻ: അമ്മേ, ദാ മത്തായിച്ചേട്ടൻെറ തലക്കു തീയ്, പുക പോകുന്നതു കണ്ടില്ലേ?

മത്തായി: (ചിരിച്ചുകൊണ്ടു്) ഓ! നൃത്തകുമാരി എവിടെ യായിരുന്നു?

അന്നാ: (ചിരിച്ചുകൊണ്ടു്) എന്തു കുമാരി?

മത്തായി: ആ. വല്യ ഡാൻസുകാരിയല്ലേ!

(എല്ലാവരും ചിരിച്ചു)

സെലിൻ: നൃത്തകുമാരിയാണെങ്കിലേ (ചിരി കോട്ടിക്കൊണ്ടു്) കൊതിക്കു്ാ. (അവരം അകത്തേക്കോടിപ്പോയി. മററുള്ളവർ പുഞ്ചിരിയോടെ അതു നോക്കിനിന്നു.)

[യവനിക]

## മൂന്ന്

(ലോനപ്പൻ മുതലാളിയുടെ ബംഗ്ലാവിലെ ഒരു മുറി. സജ്ജീകരണങ്ങൾ ഒരു ആഫീസ് മുറിയുടേതുപോലെ.

യവനിക നീങ്ങുമ്പോൾ ക്ലാർക്ക് മത്തായി കണക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഇടക്കുവെച്ച് ജോലി നിർത്തി ഒരു സിഗററ്റ് വലിച്ച് ഒരു മൂളിപ്പാട്ടുമായി ഇരിക്കയാണ്.

ലോനപ്പൻ മുതലാളി ദേഷ്യപ്പെട്ടാണു കയറിവരുന്നത്. മത്തായിയുടെ ഇരിപ്പു കണ്ടപ്പോൾ അയാളുടെ കോപം മൂത്തു.)

ലോന: (അവിടെത്തന്നെ നിന്നുകൊണ്ട് ദേഷ്യത്തിൽ) എന്തടാ ഇത്?

(മത്തായി ഉടനെ എഴുന്നേററ് ഒരററത്തേക്ക് മാറിപ്പോകുന്നു.)

ലോന: (മേശയുടെ അടുത്തേക്കു നടന്നു മത്തായിയോട്) എടാ, ഇവിടെ വാ.

മത്തായി: (ഭവ്യതയോടെ) ഇതു കത്തിച്ചേ ഉള്ളൂ മുതലാളീ. ഒന്നു ഫിനിഷിക്കോട്ടെ.

ലോന: (കടപ്പിച്ച്) എടാ നിന്നോടു സിഗരററ് വലിക്കരുതെന്നു പറഞ്ഞിട്ടില്ലേ?

മത്തായി: (ആലോചിച്ച് പറയുംപോലെ) ഇല്ലല്ലോ.

ലോന: (അല്പം ശാന്തനായി ഒരു വിളംബരം ചെയ്യുന്നപോലെ) ങ്അ. എന്നാൽ പാടില്ല.

മത്തായി: (വാകൊണ്ടു മാത്രം ചിരിച്ചുകൊണ്ട്) എന്നെടെസ്ററുചെയ്ത ഡോക്ടർ പോലും പറഞ്ഞിട്ടില്ല വലിക്കരുതെന്ന്!

ലോനः (വിളംബരം സ്വീകരിക്കാഞ്ഞതിൽ കലിപൂണ്ടു്) എടാ, ഇവിടെ വലിക്കരുതെന്ന്.

മത്തായി: (ആശ്വാസമായ മട്ടിൽ) ങ്അ. ദാററീസ്! അതല്ലേ ഞാനിങ്ങോട്ട സൈഡെടുത്തതു്.

ലോനः (മുമ്പത്തെ നിലയിൽ) അവിടേയും പാടില്ല.

മത്തായി: ഓ....യസ് (രണ്ടു മൂന്നു പ്രാവശ്യം വേഗം വേഗം വലിച്ചു കുററി കളഞ്ഞുകൊണ്ടു വരുന്നു. ലോനപ്പൻ മുതലാളി ഇതെല്ലാം കണ്ടു ദ്വേഷ്യം കടിച്ചിറക്കുകയാണു്)

മത്തായി: (വരുന്ന വരവിൽ) ഇനി ഇവിടന്നു പോയിട്ടേ വേണ്ടിവരുള്ളു.

ലോനः (ഒന്നു രൂക്ഷമായി നോക്കിയിട്ടു കസേരയിൽ വന്നിരുന്നു. കുറച്ചു കഴിഞ്ഞു്) എടാ, നിന്നോട്ടു ഞാൻ പറഞ്ഞിട്ടില്ലേ ആ ജോണിയുടെ വീട്ടിൽ പോകരുതെന്ന്?

മത്തായി: (ആലോചന നടിച്ച്) ഇല്ലല്ലോ.

ലോനः ങ്അ. എന്നാൽ ഇനിമുതൽ പോകരുതു്.

മത്തായി: അതെന്താ മുതലാളീ, ഞങ്ങളു തമ്മിൽ യാതൊരു വൈരാഗ്യവും ഇല്ലല്ലോ.

ലോനः (ഉത്തരം രസിക്കാതെ) കുറേ നാളായി നിനക്കു പറഞ്ഞാൽ കേട്ടൂടാ അല്ലേ?

മത്തായി: അയ്യോ മുതലാളീ, എനിക്കു പെർഫക്ട് വക്കിങ്ങ് കണ്ടീഷനായിട്ടു ചെവി മാത്രമേയുള്ളു.

ലോനः (കോപംകൊണ്ടു ചാടി എഴുന്നേററു്) എടാ ...

മത്തായി: (കൈയ്യുംകെട്ടി മൗനമായി നില്ക്കുന്നു)

ലോനः (മത്തായിയുടെ മുഖത്തുനിന്നു കണ്ണെടുക്കാതെത്തന്നെ

കസേരയിൽ ഇരുന്നു് അതേ നിലയിൽ) നിന്നെ എന്തിനാ ശമ്പളം തന്നിവിടെ നിർത്തിയിരിക്കുന്നതെന്നറിയാമോ?

മത്തായി: ഇതുവരെ കണ്ടിടത്തോളം എ ഡബ്ലിയം ഫുൾ ടൈം ക്ലർക്ക്സ് പോസ്റ്റ്.

ലോനു: (അവനെ തിരിച്ചുകളഞ്ഞു എന്ന മട്ടിൽ തല ഒന്നു വെട്ടിച്ച്) അല്ലാതെ സിഗരററും വലിച്ചു ഉറക്കംതൂങ്ങി ഇരിക്കാനല്ലല്ലേ?

മത്തായി: ഏയ്. നമുക്കങ്ങനൊരു ബേഡ് ഐഡിയേ ഇല്ലല്ലോ.

ലോനു: (സംസാരരീതി ഒട്ടും പിടിക്കാതെ) എടാ നിന്നോടു ഞാൻ പറഞ്ഞിട്ടില്ലേ എൻെറടുത്തു ഇംഗ്ലീഷു പറയണ്ടെന്നു്?

മത്തായി: (പഴയപോലെ ആലോചന നടിച്ച്) ഇല്ലല്ലോ.

ലോനു: ങ്അ. എന്നാൽ പാടില്ല.

മത്തായി: (സ്വരം താഴ്ത്തി) പഠിക്കാൻ സ്പെൻഡുചെയ്ത മണീം വർക്കും ഇങ്ങു പോരണ്ടേ മുതലാളീ?

ലോനു: (സമനിലയിൽ എത്തി) പത്താംക്ലാസ്സ് ജയിക്കാൻ മൂന്നുകൊല്ലം നടന്നതിൻെറ വലിപ്പം... ! നോക്കട്ടെ നിൻെറ പണിയൊന്നു്.

(കണക്കു ബുക്കിൽ ശ്രദ്ധിച്ചിരിക്കുന്നു)

മത്തായി: വിഷമിച്ചോനല്ലേ അതിൻെറ വാല്യു അറിയൂ മുതലാളി.

(മത്തായി അകത്തേക്കു വലിഞ്ഞു)

ലോന: (കുറച്ചുകഴിഞ്ഞ് കണക്കിൽ ഒരു പിശക കണ്ടിട്ട്) എടാ (മത്തായിയെ അവിടെ കാണാഞ്ഞതിനാൽ അയാരം കൂടുതൽ ദേഷ്യത്തിൽ) എടാ പട്ടീ, എടാ പട്ടീ—

(മത്തായി 'പോ പട്ടി, പോ പട്ടി' എന്നു പറഞ്ഞുകൊണ്ടു കയറി വരുന്നു)

ലോന: (ഒരു ഡിഗ്രികൂടി ഉച്ചത്തിൽ) എന്തടാ പട്ടീ വിളിച്ചാൽ.

മത്തായി: എവിടെ പട്ടി? ഇവിടേക്കൊന്നും കയറിയില്ല മുതലാളീ.

ലോന: (ദേഷ്യംകൊണ്ടു ചുണ്ടു കടിച്ച്) എടാ നീയാടാ പട്ടി.

മത്തായി: (സമനില വിടാതെ) ഞാൻ മത്തായിയാണു മുതലാളി.

ലോന: (ചാടിയെണീററ് ആക്രാശിച്ച്) ഫൂ! പോടാ ഇവിടന്ന്.

(മത്തായി മെല്ലെ തിരിഞ്ഞു നടക്കുന്നു. ലോനപ്പൻ കസേരയിൽ ഇരുന്നു. അല്പം കഴിഞ്ഞ് കുറെ തണുത്ത മട്ടിൽ)

ലോന: എടാ, എടാ മത്തായി ഇവിടെ വാ.

മത്തായി: (തല ചൊറിഞ്ഞുകൊണ്ട്) മുതലാളിക്കറിയാം എന്റെ പേര്.

ലോന: നീ എന്താടാ ഇവിടെ ചെയ്തിരിക്കുന്നത്? ങ്ഏ?

മത്തായി: (അടുത്തു വന്ന്) എവിടെ?

ലോന: (പുസ്തകത്തിൽ ചൂണ്ടി മത്തായിയുടെ നേരെ നോക്കി) ഇതു ഇവിടെയാണടാ എഴുതുക?

മത്തായി: (സംശയം കൂടാതെ) പിന്നെ, ഇൻകം ഇൻകത്തിലും മററതു മററതിലും തന്നായല്ലേ?

ലോന: (കൂടുതൽ ഉച്ചത്തിൽ) എടാ, ഈ ഇൻകം ഇവിടെയാണോടാ എഴുതുക?

മത്തായി: അയ്യോ മുതലാളീ, എനിക്കീ വൈററും ബ്ലാക്കമായി ഫ്രണ്ട്ഷിപ്പായി വരുന്നോയുള്ളൂ.

ലോന: (പുസ്തകം എറിഞ്ഞു കൊടുത്തുകൊണ്ട്) കൊണ്ടുപോയി തിരുത്തി എഴുതടാ .. ഒരു ഇംഗ്ലീഷുകാരൻ!

(മത്തായി പുസ്തകം വാങ്ങി നടക്കുന്നു)

ലോന: (എന്തോ ആലോചിച്ചുകൊണ്ട്) അല്ലെങ്കിൽ എടാ

(മത്തായി തിരിച്ചു വന്നു)

ലോന: അതവിടെയിരിക്കട്ടെ. നീ പോയി ആ ജോണിയുടെ എടപാടുകളുടെ രേഖയിങ്ങെടുക്ക് .... അവനെ ഒന്നു പഠിപ്പിച്ചിട്ടിനി വേറെ കാര്യം.

(മത്തായി കുറച്ചു നടന്നു)

ലോന: (വേറെ എന്തോ തീരുമാനിച്ച്) അല്ലെങ്കിൽ എടാ

മത്തായി: (തിരിച്ചുവരുമ്പോൾ) എനിക്കു എക്സർസൈസിനു പണി വേറെയുണ്ടു മുതലാളി.

ലോന: (അതു കേൾക്കാത്ത പോലെ) നീ ഇവിടിരുന്നു ഈ കണക്കു ശരിപ്പെടുത്ത്. മററത് ഞാൻതന്നെ നോക്കിക്കൊള്ളാം. ങ്ഹും.

(മത്തായി അനങ്ങാതെ അതേ നിലയിൽ നില്ക്കുന്നു)

ലോന: (കുറച്ചുറക്കെ) വേഗം ചെല്ലടാ.

മത്തായി: (പുസ്തകം എടുക്കുന്നതിനിടയിൽ) അല്ല, ഇനി വല്ലതും മാററിപ്പറയാനുണ്ടെങ്കിൽ അതങ്ങു ഫിനിഷി

ക്കോട്ടെ എന്നു കരുതിയാ (മത്തായി പുസ്തകമെടുത്തു മറെറാരുകസേരയിൽ ചെന്നിരുന്നു)

ലോന: (മത്തായിയുടെ സംസാരം രസിക്കാതെ ഒന്നു മൂളുന്നു) (ലോനപ്പൻ എഴുന്നേററു അകത്തേക്കു പോകുന്നു.

മത്തായി ജോലിയിൽ വ്യാപൃതനായിരിക്കുകയാണ്.

കുറച്ചു കഴിഞ്ഞു്, വർക്കിച്ചേട്ടൻ കയറി വരുന്നു. മടിച്ചു മടിച്ചാണു വരുന്നതു്. പടിക്കൽനിന്നുതന്നെ തുടങ്ങിയിട്ടുണ്ടു പരിസര വീക്ഷണം)

മത്തായി: (വർക്കിച്ചേട്ടനെ കണ്ടു് നിവർന്നിരുന്നു്) ഓ! ആരാതു്? നമ്മുടെ പുലിവാലോ? ആകപ്പാടെ ഒന്നു മിനുങ്ങിയിട്ടുണ്ടല്ലോ!

വർക്കി: (മേശയുടെ അടുത്തേക്കു നടന്നുകൊണ്ടു്) നിനക്കെന്തടാ ചെക്കാ? എപ്പോഴും കളിയാണു് ഇവനു്! (വലിയൊരു തമാശ പറയുന്നതുപോലെ) ഒരു പെണ്ണുകെട്ടാത്തതുകൊണ്ടാ ഇതു്. ഏതു്? (കുട മേശപ്പുറത്തുവെച്ചു)

മത്തായി: (പെട്ടെന്നു്) അയ്യോ. ചേട്ടാ ചതിക്കല്ലേ! അപ്പണിമാത്രം പറയല്ലേ.

വർക്കി: (മേശക്കു ചുററും ചുററിപ്പററി നടക്കുകയല്ലാതെ ഇരിക്കുന്നില്ല) എന്തടാ നിനക്കിത്ര വെറുപ്പതിന്നു്! ഇതു കളി. ങ്ആ. ഞാൻ നിന്നെ ഒന്നു കാണണം കാണണം എന്നുവെച്ചു ദിവസം എത്രയായി.

മത്തായി: എത്രയായി?

വർക്കി: (കസേരയിൽ ഇരിക്കാൻ നോക്കി; പക്ഷേ, പെട്ടെന്നാവിചാരം വേണ്ടെന്നുവെച്ചു) വർക്കിക്കൊക്കുമ്പോറം മത്തായിക്കൊക്കില്ല. മത്തായിക്കൊക്കുമ്പോറം വർക്കിക്കൊക്കില്ല. ഏതു്?

മത്തായി: (ഉടനെ) വർക്കിക്കും മത്തായിക്കും ഒക്കമ്പോൾ സമയോം ഒക്കില്ല. അതാണതിന്റെറ ന്യായം! ഏത്?

(അകത്തുനിന്നു് 'ആരടാ അവിടെ' എന്ന ശബ്ദം. കസേരയിൽ കയറി ഇരിക്കാൻ തുടങ്ങിയ വർക്കിച്ചേട്ടൻ പെട്ടെന്നെടുത്തുചാടി)

മത്തായി: വർക്കിച്ചേട്ടാ, സൂക്ഷിച്ചു നിന്നാക്കണേ. മുതലാളീടെ മൂഡ് ഇന്നു തീരെ കൊള്ളില്ല.

വർക്കി (കുടയുമെടുത്തു) എന്നാ ഞാൻ പോട്ടെ. പിന്നെ വരാം.

മത്തായി: അതാ നല്ലതു്.

(വർക്കിച്ചേട്ടൻ തിരിഞ്ഞു ഇറങ്ങിപ്പോകുമ്പോഴേക്കും ലോനപ്പൻ മുതലാളി കുറച്ചു കടലാസു കെട്ടുകളുമായി കയറി വരുന്നു)

ലോന: (വർക്കിച്ചേട്ടനെ കണ്ടിട്ടു്) ആരടാ അതു്?

(വർക്കിച്ചേട്ടൻ ഒന്നു ഞെട്ടി. എന്താണു ചെയ്യേണ്ടതെന്നു് ഒരു പിടിയുമില്ല. അയാൾ തിരിഞ്ഞുനിന്നു്)

വർക്കി: (അവിടെത്തന്നെ നിന്നു്) ഇതു ഞാനാ വർക്കി.

ലോന: (അയാൾ ഉത്തരമൊന്നും പ്രതീക്ഷിച്ചതല്ല) പോടാ ഇവിടന്ന്. വലിഞ്ഞുകേറുന്ന ഓരോന്നു്! (ഇരിക്കുന്നു)

(വർക്കിച്ചേട്ടൻ പോകാനായി തിരിഞ്ഞു)

ലോന: (എന്തോ തീരുമാനിച്ചു്) അല്ലെങ്കിൽ എടോ (അയാളെ തിരിച്ചുവിളിച്ചു)

(വർക്കിച്ചേട്ടൻ തിരിച്ചുവരുന്നു)

ലോന: (കടലാസിൽനിന്നു കണ്ണുതിരിച്ചു്) എന്താ വന്നോ?

വർക്കി: (എന്താണു പറയേണ്ടതെന്നറിയാതെ) ങ്ഏ. ഞാൻ വന്നതു് ...

ലോനന്: അങ്ങു പറയടോ വേഗം.

വർക്കി: (പെട്ടെന്നു പിടികിട്ടിയപോലെ) ങ്ഹാ! നമ്മുടെ മുററത്തു നില്ക്കുന്ന മൂവാണ്ടൻ മാവിൻെറ മാങ്ങ പഴുത്തു നില്ക്കുന്നു.

ലോനന്: (ഉത്സാഹത്തോടെ) കൊണ്ടുവന്നിട്ടുണ്ടോ?

വർക്കി: ങ്ങ: അതു കൊണ്ടുവരണോ എന്നു ചോദിക്കാനാ ...

ലോനന്: (കണക്കിൽ നോക്കി) അവനെ ഞാൻ വരച്ച വരയിൽ നിത്തി കാര്യം പറേക്കും. (ഇരിക്കാൻ ശ്രമിച്ച വക്കിച്ചേട്ടൻ ഒന്നു ഞെട്ടി )

ലോനന്: (അതേനിലയിൽ) ഉം! ഇത്രക്കു മൂപ്പായോ അവന്!

വർക്കി: (അല്പം കഴിഞ്ഞു് നയത്തിൽ) ആരാ മുതലാളീ?

ലോനന്: (പുഛരസത്തിൽ) ആ ജോണ്യോ കോണ്യോ.... ഒരു ബി. എ ക്കാരൻ! നമ്മുടെ ചേട്ടൻെറ സന്തതി .. അവൻ ഈ ലോനപ്പൻെറ തനിനിറം കണ്ടിട്ടില്ല.

വർക്കി: (കാര്യം ഗ്രഹിച്ചതുപോലെ) ആ: അതുതന്നെ. (അയാാംക്കവിടെ ഇരിക്കാമെന്നായി) മുതലാളീടെ മട്ടുകണ്ടപ്പോഴേ ഞാൻ ഓർത്തു എന്തോ ഉണ്ടെന്നു്. ഏതു്? (പിടികടുന്നില്ലേ എന്നു സൂക്ഷിച്ചുനോക്കി)

ലോനന്: (അതേനിലയിൽ) ഇന്നാലെവരെ എൻെറ പടിക്കൽ വന്നിരന്നവനാണവൻ!

വക്കി: (പിന്താങ്ങുന്ന പോലെ) അതെ. (തെല്ലിട കഴിഞ്ഞു്) ങ്അ: പിന്നെ മുതലാളീ, ആ ജോണിയെ ഒന്നു പറഞ്ഞു ശരിപ്പെടുത്തി ...മുതലാളി വിചാരിച്ചാ നടക്കും.

ലോനന്: എന്താണെടോ?

**വർക്കി:** (തെല്ല സംശയത്തോടെ) നമ്മുടെ ചാക്കോച്ചേട്ട ൻെറ മകഠം തങ്കമ്മപ്പെണ്ണിനെ അവന....

**ലോന:** (ഇടക്കകയറി ദേഷ്യത്തിൽ) പോടോ താൻ (വക്കി ഒന്ന ഞെട്ടി) ഒരു കല്യാണക്കാര്യം കൊണ്ടുവരാൻ കണ്ട നേരം. പോടോ ഏഴുന്നേററ്.

**വർക്കി:** (ഏഴുന്നേററ് നടക്കുന്നതിനിടയിൽ തിരിഞ്ഞു നിന്നു്) അപ്പനില്ലാത്ത സ്ഥിതിക്കു മുതലാളിയല്ലേ മുൻ കൈ എടുക്കേണ്ടതെന്ന ..

**ലോന:** തന്നോടു പോകാനല്ലേ പറഞ്ഞത്. മുൻകൈയ്യും പിൻകൈയ്യും! അതിന്റെ പററിയ കൂട്ടരും.

(വർക്കിച്ചേട്ടൻ നടന്നകന്നു)

**ലോന:** (കുറച്ചു കഴിഞ്ഞു എന്തോ ഓർത്തിട്ടു്) അല്ലെങ്കിൽ ഏടോ (അയാളെ തിരിച്ചു വിളിച്ചു. അയാളതു കേട്ടില്ലെന്നു തോന്നുന്നു)

**മത്തായി:** (കൈകൊട്ടിക്കൊണ്ടു്) ഏയ്! പുലിവാലെ, തന്നോടിങ്ങു വരാൻ.

**ലോന:** (തന്നോടുതന്നെയായി) അല്ലെങ്കിൽ അവനു ആ കരിമന്തിയെത്തന്നെ കൊടുക്കണം.

(മത്തായി അവിടെ നില്ക്കുന്നതു ശരിയല്ലെന്നു വിചാരിച്ചു് അവനോടു അപ്പുറത്തോട്ടു പോകാൻ പറഞ്ഞു. എല്ലാം നോട്ടു ചെയ്തുകൊണ്ടിരുന്ന അവനു് ഈയവസരത്തിൽ അവിടന്നു പോകുന്നതു ഇഷ്ടപ്പെട്ടില്ല. എങ്കിലും പോകുകതന്നെ. എന്നാലും ഇവിടെ നടക്കുന്നതു ലീക്കുചെയ്യെട്ടക്കാൻ അവൻ ശ്രമിക്കുന്നുണ്ടു്)

(വക്കിച്ചേട്ടൻ പേടിച്ചുപേടിച്ചു വന്നു)

ലോന: (കസേരചൂണ്ടി) താനവിടെ ഇരി.

വർക്കി: (ഇളിഭ്യച്ചിരിയോടുകൂടി) പിന്നീടൊരുനേരം ആലോചിച്ചാലും മതി. ഏതു്? (ഇരിക്കുന്നു)

ലോന: (മത്തായി പോയോ എന്നു സൂക്ഷിച്ച്) എടോ താനിക്കാര്യം അവനോടു പറഞ്ഞോ?

വർക്കി: അവൻെറ തള്ളയോടു പറഞ്ഞു.

ലോന: എന്നിട്ടെന്തു പറഞ്ഞു?

വർക്കി: (വിഷാദമട്ടിൽ) അവരു അമ്പിനും വില്ലിനും അടുക്കുന്നില്ലല്ലോ മുതലാളീ എനിക്കാണെങ്കിൽ ഒരിത്തിരി കിട്ടുന്നതാ ഇതു്.

ലോന: (ആലോചിച്ചുറച്ചതുപോലെ) എടോ നമുക്കാ പെണ്ണിനെ അവനുതന്നെ കൊടുക്കണം.

വർക്കി: (ആശ വീണ്ടെടുത്തു്) അവനു ഇഷ്ടപ്പെടാതിരിക്കാൻ വഴിയില്ല. അവരു പെരുപ്പംമുതലങ്ങനല്ല്യോ ആയിരുന്നതു്. ഏതു്? ങ്ആ. അപ്പൊ മുതലാളി അവരോടൊന്നു പറയണം. പെണ്ണിനു പണ്ടോം പണോം പഞ്ഞോം തീന്നുണ്ടു താനും.

(മത്തായി പ്രവേശിച്ചു ശ്രദ്ധിക്കുന്നു)

ലോന: (മത്തായിയെ കണ്ടിട്ടു ദേഷ്യത്തോടെ ഒന്നു നോക്കി) എന്തടാ വന്നതു്?

മത്തായി: (തരത്തിനുത്തരം) ഓ! യ്യോ! പേനയെടുക്കാൻ മിസ്സു ചെയ്തില്ലേ! (മുതലാളി മത്തായിയെ രൂക്ഷമായൊന്നു നോക്കി. മത്തായി പേനയുമെടുത്തു് തിരിച്ചുപോയി, കാര്യംകിട്ടിയ സംതൃപ്തിയോടെ)

ലോന: (ശാന്തനായി നയത്തിൽ) അവരെന്താ സമ്മതിക്കാത്തതെന്നു തനിക്കറിയാമോ?

വർക്കി: പെണ്ണിനു സൗന്ദര്യം കുറവാണത്രെ. നിറം അല്പം കറുത്തതാണ്; പിന്നെ തടി കുറെ അധികം; പിന്നെ....

ലോന: (ആലോചിച്ച്) അതുമാത്രമല്ലടോ. അവനു ആ തോമാച്ചേട്ടൻെറ ഒരു മകളുണ്ടല്ലോ; ഒരു റോസക്കുട്ടിയോ.... അവളുമായി എന്തൊ ഒക്കെ ഉണ്ട്.

വർക്കി: (അത്ഭുതമട്ടിൽ ഒന്നിളകിയിരുന്നു) അതുവ്വോ! അതിനവൻ പഠിച്ചതുപോരാ. ഏതു്?

ലോന: (അതേനിലയിൽ) അല്ലടോ. അവരുടെ സ്ഥിതി വളരെ അകന്നാണെങ്കിലും അവരുടെ കഴിച്ചിലിപ്പോൾ അത്ര അടുത്താണ്.

വർക്കി: (അങ്ങിനെയാണോ സംഗതി എന്ന മട്ടിൽ നോക്കിയിരിക്കുന്നു)

ലോന: (അതേനിലയിൽ) അപ്പോൾ അതൊന്നകത്തിയാൽ മതി. ഏതു്? ആ അടുപ്പം.

വർക്കി: (കാര്യം ഈസി എന്ന മട്ടിൽ) ങ് ആ! അതാണതിൻെറ ന്യായം. അക്കാര്യം ഞാനേററു. (മത്തായി കണക്കുബുക്കുമായി വന്നുനിന്നു)

ലോന: (ഇഷ്ടപ്പെടാത്ത മട്ടിൽ) നിന്നോടാരടാ ഇങ്ങോട്ടു വരാൻ പറഞ്ഞതു്?

മത്തായി: ഇതാ കണക്കെല്ലാം കണ്ടീഷനിലായിട്ടുണ്ട്. (ലോനപ്പൻ രൂക്ഷമായവനെ നോക്കിയിരുന്നു).

[യവനിക]

## നാല്

(അന്നച്ചേടത്തിയുടെ വീട്ടിലെ മുന്നൊരു പ്രാവശ്യം കണ്ട അതേ രംഗം. യവനിക നീങ്ങുമ്പോൾ രംഗത്താരുമില്ല. കുറച്ചു കഴിഞ്ഞു വർക്കിച്ചേട്ടനും അന്നഃച്ചടത്തിയും പ്രവേശിക്കുന്നു.

അവർ പള്ളിയിൽനിന്നു വരുന്ന വരവാണു്. സംസാരിച്ചുകൊണ്ടാണു് വരുന്നതു്.

അന്നമ്മ വന്നുകയറിയ ഉടനെ അകത്തുപോയി, കവണി മാറിയിടാൻ)

വർക്കി: (വരുന്നവരവിൽ) അവനും അവളും തമ്മിൽ ഒരു ചേർച്ചയുമില്ലെന്നു എനിക്കറിയാമായിരുന്നു. പിന്നെ, എന്തുകൊണ്ടാണെന്നു വെച്ചാൽ, പെണ്ണിനു പണ്ടോം പണോം പഞ്ഞം തീന്റണ്ടു്. (ഇരുന്നുകൊണ്ടു്) ഏതു്? (മറുപടിക്കുവേണ്ടി അന്നച്ചേടത്തിയെ നോക്കി. അവൾ കവണി മാറിയിടാൻ പോയിട്ടു തിരിച്ചെത്തിയിട്ടില്ല) നീയെവിടെ?.... ....

(അന്നമ്മ അകത്തുനിന്നും വരുന്നു. അന്നമ്മ അതെല്ലാം കേട്ടുകൊണ്ടാണു വരുന്നതു്)

വർക്കി: (തെളിഞ്ഞ മുഖത്തോടെ അന്നമ്മയെ നോക്കിയിട്ടു്) പിന്നെ, നിനക്കാണെങ്കിൽ പണത്തിന്റെ വല്ല്യ വലിവും.

അന്നാ: (ഉറച്ച നിലയിൽ) പണമല്ലല്ലോ, വക്കിച്ചേട്ട കാര്യം.

വർക്കി: അതും ശരിയാ. അതല്ലേ ഞാൻ പിന്നെ അതേപ്പററി അധികം പറയാഞ്ഞതു്. ങ്ആ. (അകത്തേക്കു നോക്കി) ജോണിക്കുട്ടി ഇവിടെ ഇല്ല്യാന്നു തോന്നുന്നു.

അന്നാ: ഇല്ല. അവൻ പള്ളിയിൽ പോയിട്ടുണ്ടാകും. ഉച്ചക്കുർബ്ബാന കഴിഞ്ഞു ഇനി വരുള്ളൂ.

വർക്കി: (ഇനിമുതലുള്ള വർക്കിച്ചേട്ടന്റെ സംസാരം ഇടക്കിടക്ക് ഊണംകൊട്ടത്തു് ഒരു സംശയക്കാരന്റെ മട്ടിലാണു്, അന്നച്ചേടത്തിയെ ചൂടാക്കാനുള്ള തന്റെ ഉദ്ദേശ്യത്തിന്നനുസരണമായി) ങ്ആ.... പിന്നെ റാമ്മുടെ തോമാസുമുതലാളി ഇങ്ങോട്ടൊക്കെ വരാറില്ലേ?

അന്നാ: അതെന്താ എടുത്തുചോദിക്കാൻ? അയാളുടെ കാരുണ്യംകൊണ്ടല്ലേ ജോണിക്കുട്ടി ഈ നിലയിലായതു്.

വർക്കി: അതുശരിയാ... പിന്നെ അയാളു, നമ്മുടെ നാട്ടുകാരനൊന്നുമല്ല കേട്ടോ. ഏതു്?

അന്നാ: (ആദരവോടെ) അന്യനാട്ടുകാരനാണു് എന്നൊരു വിചാരംപോലും അയാൾക്കില്ല. സ്വന്തം വീട്ടിലുള്ളവരെപ്പോലെയാണു് അയാൾക്കെല്ലാവരും. അല്ലെങ്കിൽ, എങ്ങാണ്ടുനിന്നു വന്നു താമസിക്കുന്ന അയാൾക്കു ഞങ്ങളെ ഇങ്ങനെ സഹായിക്കാൻ എന്തിരിക്കുന്നു!

വർക്കി: (ഒരു പിടി കിട്ടിയപോലെ) അ: അതാണു ഞാനും പറയുന്നതു്.

അന്നാ: എന്തു്?

വർക്കി: അല്ല; അയാളുടെ ഉള്ളുകള്ളികളൊക്കെ എന്താണെന്നൊന്നും പറയാൻ നമ്മെക്കൊണ്ടാവില്ല.

അന്നാ: എന്തായാലും അയാളു തങ്കപ്പെട്ടൊരു മനുഷ്യനാ.

വർക്കി: (സംശയ മട്ടിൽ ഒന്നിരുത്തി മൂളി) ങ്ആ....

അന്നാ: എന്താ വർക്കിച്ചേട്ടനു സംശയമാണോ?

വർക്കി: സംശയമൊന്നുമില്ലായിരുന്നു. പിന്നെ....

അന്നാ: പിന്നെ?

വർക്കി: കുറച്ചിടയായിട്ട്....

അന്നാ: കുറച്ചിടയായിട്ട്?

വർക്കി: അല്ല ഞാനെന്തിന പറയുന്നു! ഞാൻ പറയുന്നതുണ്ടോ നിങ്ങള്ള വിശ്വസിക്കാൻ പോണു! (കൈമലർത്തി)

അന്നാ: എന്താ കുറച്ചിടയായിട്ട്? എന്താണെങ്കിലും പറ വർക്കിച്ചേട്ടാ.

വർക്കി: (പഴയ മട്ടിൽത്തന്നെ) വീട്ടിനുള്ളിലെ വിശേഷങ്ങളൊന്നുമല്ല വെളിക്ക് എന്നു പറയുകയാ. ഏതു്? പുറത്തു നടക്കുന്ന സംസാരം! (മുഖവും ചുണ്ടും ചുളിച്ചു അത്ഭുതം പ്രകടിപ്പിക്കുന്നു) അതൊക്കെ നിങ്ങളെങ്ങനെ അറിയാനാ?

അന്നാ: എന്താ വെളിക്ക് ഇത്രവലിയ സംസാരം?

വർക്കി: (നിസ്സാരമട്ടിൽ) ഹൈാ! അതുകൊണ്ടു നിങ്ങൾക്കൊരു ചുക്കും വരാനില്ലായിരിക്കും. ബഹുജനം പലവിധം!

അന്നാ: എന്നാലും ഒന്നറിഞ്ഞിരിക്കാമല്ലോ.

വർക്കി: (അക്കാര്യം കള എന്ന മട്ടിൽ) ഓ അതു പറഞ്ഞാൽത്തന്നെ നിങ്ങളുണ്ടോ വിശ്വസിക്കാൻ പോണു? ഈ വർക്കിച്ചേട്ടൻ ഏഷണിക്കാരനെന്നാല്ലേ നിങ്ങളുടെയൊക്കെ വെപ്പ് ... ! നീ ഇത്തിരി മുറുക്കാനിങ്ങെടുത്തേ.

(അന്നച്ചേടത്തി മുറുക്കാൻ എടുക്കാൻ പോയി. കാര്യം ഒത്തുവരുന്നുണ്ടെന്നതിൽ വർക്കിച്ചേട്ടൻ സംപ്രീതനാണു്.)

അന്നാ: (മുറുക്കാൻ ചെല്ലം കൊണ്ടുവന്നുകൊണ്ടു്) എന്നിട്ട് എന്താണുവെച്ചാൽ പറ വർക്കിച്ചേട്ടാ. ഞങ്ങളെപ്പററി വല്ലതുമാണോ? അല്ലെങ്കിലും, ആളുകൾക്കൊക്കെ ഞങ്ങളോട്ട കണ്ണുകടി തുടങ്ങിയിട്ടുണ്ടു്.

വർക്കി: (ഒന്നും സംഭവിക്കാത്ത മട്ടിൽ ഇരുന്നു മുറുക്കുക യാണു്) കണ്ണുകടിയോ കൈയുകടിയോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. കുറച്ചിടയായിട്ട ചായക്കടയിലും ബാർബർഷാപ്പിലും കുളിക്കടവിലും ഒക്കെ കേൾക്കാം നിങ്ങളെപ്പററി ഓരോന്നു്.

അന്നാ: (അറിയാനുള്ള വ്യഗ്രതയിൽ) കാര്യം കേൾക്കട്ടെ.

വർക്കി: അല്ല; എനിക്കും തോന്നാതിരുന്നിട്ടില്ല അതു്.

അന്നാ: ഏതു്?

വർക്കി: ആ തോമാസ്സ് മുതലാളി ഇവിടേക്കുതന്നെ ഇങ്ങനെ വരുന്നതു്....?

അന്നാ: അതാണോ ജനസംസാരം!

വർക്കി: ആ. അവിടന്നാരംഭിക്കുന്നു. പിന്നെ അങ്ങനെ നീളുന്നു. ഏതു്? ഒരുപകാരമില്ലാത്ത പന്നിക്കും ആളുകൾ നല്ലപോലെ തീററി കൊടുക്കും; ഇല്ലേ അന്നമ്മേ-?

അന്നാ: എനിക്കു മനസ്സിലാകുന്നില്ല.

വർക്കി: കൊല്ലാനായിട്ടും വളത്താറുണ്ടെന്നു്.

അന്നാ: (അല്പം അതൃപ്തിയോടെ) ഇത്രവരെയായോ ആളുകളുടെ സംസാരം! എൻെറ ദൈവമെ, ആ നല്ല മനുഷ്യനെപ്പററി ഇങ്ങനെ പറയാൻ എങ്ങനിവർക്കു് നാവു പൊങ്ങി!

DHAR... LIBRARY, 18100 BANGALORE.

വർക്കി: ആദ്യം എനിക്കും വിഷമം തോന്നി വിശ്വസിക്കാൻ. പിന്നെ, കടന്നാലോചിച്ചുനോക്കുമ്പോഠം....

അന്ന: (വ്യക്തമായ അതൃപ്തി പ്രകടമാക്കി) അത്രകടന്നാലോചിക്കയൊന്നും വേണ്ട. അസൂയക്കും അപവാദത്തിനും ഒരതിരൊക്കെയില്ലേ? ഇതാണോ വർക്കിച്ചേട്ടനു പറയാനുള്ളതു്? എന്നാൽ ഇവിടംകൊണ്ടു നിർത്താം.

വർക്കി: കേട്ടോ! എന്നെ വെറുതെ നിർബ്ബന്ധിച്ചു.... ....ഞാൻ അപ്പോഴും പറഞ്ഞതാ നിങ്ങഠം വിശ്വസിക്കാൻ പോണില്ലാന്നു്.

അന്ന: പിന്നെ? നാട്ടിലെ നല്ല മനുഷ്യരെപ്പററി ചുമ്മാതോരോന്നു പറഞ്ഞാൽ?

വർക്കി: (ഒന്നു തുപ്പിയേച്ചുവന്നു്) ആ. ചുമ്മാതാണോ അല്ലേ എന്നു നോക്കേണ്ടതാണു്. ഒന്നാമതു്, നിങ്ങഠക്കാക്കും അയാളുടെ മുമ്പത്തെ കാലത്തെപ്പററി അറിഞ്ഞുകൂടാ. ഉണ്ടോ? നീ പറ.

അന്ന: എന്താ. അയാളു വല്യ പിടിച്ചുപറിക്കാരനായിരുന്നോ?

വർക്കി: രണ്ടാമതു്, അയാളിങ്ങനെ വാരിക്കോരി ചെലവു ചെയ്യുന്നതിൻെറ ഉദ്ദേശ്യം?

അന്ന: (ഇടക്കുകയറി) അതുകൊണ്ടാണു അയാളു നല്ലൊരു മനുഷ്യനാണെന്നു പറയുന്നതു്.

വർക്കി: അടങ്ങു പെണ്ണേ. ഇനി മൂന്നാമതു്, അയാളു് ഇടക്കിടക്കു ഇങ്ങോട്ടു വരുന്നതു്.

അന്ന: (സഹികെട്ടു്) മതി ചേട്ടാ രണ്ടാമതും മൂന്നാമതും. വേറെ കാര്യമുണ്ടെങ്കിൽ പറ.

വർക്കി: എനിക്കൊന്നുമില്ല. കിട്ട്യാലും പോയാലും നിങ്ങൾക്കുതന്നെ. (പോകാനായി കുടയുമെടുത്തെഴുന്നേറെറ)

അന്നം: (അവളുടെ ഉള്ളിൽ സംശയത്തിൻെറ നേരിയ ചലനം തുടങ്ങിയിട്ടുണ്ട്) എന്നിട്ടു നാട്ടുകാരു പറയുന്നതു പറഞ്ഞില്ലല്ലോ.

വർക്കി: എന്തിനു ഞാൻ വായിലെ വെള്ളം വററിക്കുന്നു! (എന്നാലും പറയാം എന്ന മട്ടിൽ അവിടെ ഇരുന്നു.)

ങ്അ. അന്നമ്മേ, അയാളിവിടെ ജോലിക്കു വന്നിട്ടു കൊല്ലം രണ്ടല്ലേ ആയുള്ളൂ. അയാൾക്കിതുവരെ മുഖമുള്ളൊരു സ്ഥലം കിട്ടിയിട്ടില്ല താമസിക്കാൻ. ഉണ്ടോ? ഇല്ല. നിങ്ങളുടെ ഈ സ്ഥലമാണെങ്കിൽ റോഡരികെത്തന്നെ. കാററും കാഴ്ചയും ഉള്ളതു്. അല്ലേ?

അന്നം: ഇതൊക്കെ എന്തിനു പറയുന്നു?

വർക്കി: നീ കേൾക്ക്. അയാൾക്കാണെങ്കിൽ നല്ലൊരു സ്ഥലം കിട്ടിയിട്ടുവേണം ഒരു ബംഗ്ലാവു പണിയാൻ. അങ്ങനെയല്ലേ? അതേ നിങ്ങൾക്കാണെങ്കിൽ ഇപ്പോൾ അല്ലറ ചില്ലറയായിട്ടു പത്തുരണ്ടായിരം രൂപയും തന്നിട്ടുണ്ട്.

അന്നം: അതിന്നയാൾ ഈ പുരയിടം ഈടാക്കുമെന്നാണോ വർക്കിച്ചേട്ടൻ പറയുന്നതു്?

വർക്കി: അങ്ങനെയാണു് ആളുകളുടെ സംസാരം.

അന്നം: അയ്യോ! അങ്ങനെ ഒന്നു അയാളു ഊഹിച്ചപോലും കാണില്ല.

വർക്കി: വേണ്ട. അനുഭവത്തിൽനിന്നറിയാം.

അന്നാ: (ഉറപ്പിച്ച്) അതുണ്ടാവില്ല. ഞങ്ങളതിനു സമ്മതിക്കുകേം ഇല്ല.

വർക്കി: കാര്യത്തോടടുക്കുമ്പോഠം പിന്നെ നിങ്ങളുടെ സമ്മതം നോക്കീട്ടല്ലേ സംഗതികളു നടക്കുക. ഇതു കളി. (അയാളൊന്നിളകിയിരുന്നു)

അന്നാ: ഒരു കാര്യത്തോട്ടും അടുക്കാൻ പോണില്ല. നിങ്ങഠംക്കൊക്കെ ഇത്തരം ഏഷണി പറയുകയല്ലാതെ വേറെ ജോലിയൊന്നുമില്ലേ! ആളുകളെപ്പററി ദൂഷ്യം പറയുന്നതിനും ഒരതിരില്ലേ?

വർക്കി: ഇതു കൂത്ത്! ഇപ്പോഠം എനിക്കായി കുററം! വേണ്ട. ഞാൻ പൊക്കോളാം. (പോകാനായി എഴുന്നേററു. പോകുന്ന പോക്കിൽ) പിന്നെ, നമ്മളൊക്കെ നാട്ടുകാർ; അയല്ക്കാര്; ഒന്നുപോലെ കഴിയുന്നവർ; കിടാകിടക്കാര്. അല്ലേ? അതുകൊണ്ടു പറഞ്ഞതാ ഇത്രയും. നിങ്ങളുടെ നന്മയെക്കരുതി. വിശ്വസിക്കണ്ടേ? വേണ്ടല്ലോ. ആർക്കുവേണ്ടിയാ?

(അയാഠം പതുക്കെ നടന്നകന്നു.

അന്നമ്മയുടെ മനസ്സിൽ സംശയത്തിന്റെ ശകലങ്ങഠം ചില ചലനങ്ങഠം സൃഷ്ടിച്ചുതുടങ്ങി, വീണ്ടും. അവഠം ചിന്താവിഷ്ടയായി കാണപ്പെട്ടു.)

വർക്കി: (പെട്ടെന്നു കടന്നുവന്നു രഹസ്യം പറയുന്നതുപോലെ) ഞാനീ പറഞ്ഞതൊന്നും നീയാരോടും പറയണ്ടാ കേട്ടോ.

(വീണ്ടും പോകാൻ തുടങ്ങി.

അന്നമ്മ അറിയാതെ അയാളെ വിളിച്ചു)

**അന്നാ:** (സംശയാധീനയായി) വർക്കിച്ചേട്ടാ, അങ്ങനെ വരുമോ? അയാളുടെ മട്ടും മററും കണ്ടാൽ അങ്ങനെ ഒന്നും വിചാരിക്കാൻപോലും കഴിയില്ലല്ലോ. (ഉറച്ച്) എന്തായാലും ഈ മണ്ണു മറെറാരാൾക്കും കിട്ടുകയില്ല. അതു തീർച്ച.

**വർക്കി:** (സ്വാഗതം ലഭിച്ചപോലെ) അതിനു വേണ്ടിയാ ഞാൻ കാലേക്കൂട്ടി പറഞ്ഞതു്. നിൻെറ കെട്ട്യോനോടുണ്ടായിരുന്ന അടുപ്പംവെച്ചു്. ഞങ്ങളു തമ്മിൽ കഴിഞ്ഞിരുന്ന സ്ഥിതി ഓർത്തുമാത്രം.

**അന്നാ:** (അവളുടെ മനസ്സിലെ സംഘട്ടനം ശക്തിപ്പെടുകയാണു്. രണ്ടു ഭാഗങ്ങളും അവൾ തൂക്കിനോക്കുന്നുണ്ടു്) എന്നാലും അങ്ങിനെ വല്ലതും ഉണ്ടാവുന്ന ഒരു സൂചനപോലും ഇതുവരെ ഉണ്ടായിട്ടില്ല.

**വർക്കി:** (അതിൽപ്പിടിച്ചു്) ഇല്ലെന്നാരു പറഞ്ഞു?

**അന്നാ:** ഒന്നും ഉണ്ടായിട്ടില്ലെന്നാ.

**വർക്കി:** അപ്പോൾ നിനക്കത്ര ബുദ്ധിയേ ഉള്ളൂ (തെളിവു കൊടുക്കുന്ന മട്ടിൽ) ജോണിക്കുട്ടിക്കു ഒരു ജോലി മേടിച്ചു കൊടുക്കാൻ വിചാരിക്കുന്നതു് എവിടെയാണു്?

**അന്നാ:** കോയമ്പത്തൂരിൽ.

(ഇനിയുള്ള വർക്കിച്ചേട്ടൻെറ സംഭാഷണം മുഴുവൻ അന്നമ്മയെ സ്വിരിററകയററാൻ കരുതിക്കൂട്ടി രൂപപ്പെടുത്തിയ ഒരേ താളത്തിലാണു്)

**വർക്കി:** അയ്യോ! അതിനിപ്പുറം ഈ നാട്ടിലൊന്നും സാധിക്കാതെ അല്ലേ? അതിലൊരു ഉദ്ദേശ്യവും ഇല്ലെന്നാ നീ വിചാരിക്കുന്നോ?

അന്നാ: (ഒരു ഞെട്ടലോടെ) ങേ്ഏ....!

വർക്കി: അവനെ ഇവിടന്നും അകലത്തൊരു നാട്ടിൽ പ റഞ്ഞുവിട്ട്....

അന്നാ: (ശ്വാസമടക്കി) പറഞ്ഞുവിട്ട്?

വർക്കി: ഇവിടെ നീയും നിൻെറ മോളും-രണ്ടു പെണ്ണുങ്ങ ള് മാത്രമാവുമ്പോഠം ...

അന്നാ: (വിറപൂണ്ട്) മാത്രമാവുമ്പോഠം?

വർക്കി: തോമാസുമുതലാളീടെ പത്തി വിടരും.

അന്നാ: (ഉറപ്പിച്ച്) ഇല്ല. (കൂടുതൽ ദൃഢമായി) അതിനു ഞാൻ സമ്മതിക്കില്ല.

വർക്കി: (അതു ശ്രദ്ധിക്കാതെ) തനിനിറം പുറത്താവും.

അന്നാ: (എന്തോ തീരുമാനിച്ചുറച്ച്) പുറത്തുകാട്ടാൻ ഇങ്ങു വരട്ടെ. കാണിച്ചുകൊടുക്കാം.

വർക്കി: (അയാഠം തുടരുകയാണ്) ചിലവുചെയ്ത പണത്തി നു വീടും പുരയിടവും ഈടാക്കും.

അന്നാ: (നിശ്ചയിച്ച്) അങ്ങനെയാണോ! മാതാവേ!

വർക്കി: ഇവിടെ ഒരു മാളിക ഉയരും; തോമാസു മുതലാ ളിയുടെ.

അന്നാ: (ഒരു സിംഹിയെപ്പോലെ) ഇല്ല. എൻെറ കൊ ക്കിൽ ജീവനുള്ളപ്പോഠം അതിനയാഠം മിനക്കിടേണ്ട. (സങ്കടത്തോടെ) അയ്യോ. ഇങ്ങനെയുണ്ടോ മനുഷ്യർ! ഇങ്ങു വരട്ടെ അയാളിന്ന്. ചൂലെടുത്തടിച്ചു പുറത്താക്കും.

വർക്കി: (അവസാനത്തെ കൈ) ങ്ഹ. ചൂലെടുത്തടിക്കേ ണ്ട കാര്യം വേറെകിടക്കുന്നു! ഫൂ! അതു പുറത്തു പറ യാൻകൂടി കൊള്ളില്ല.

അന്നാ: (തിട്ടക്കത്തിൽ) എന്ത്....

വർക്കി: നീയൊരു പെണ്ണ് ഇവിടെ തനിച്ചാവാൻ അയാളു വിചാരിക്കുന്നുണ്ടാവാം!

അന്നാ: ങേഹ!

(അവളങ്ങിനെ ചുണ്ടും കടിച്ചു നില്ക്കുകയാണ്. അവളുടെ മനസ്സിൽ ഒരു കൊട്ടംകാററ് ചീറിയടിക്കുന്നതു് മുഖത്തു വ്യക്തമായി കാണാം.)

വർക്കി: (നടന്നുകൊണ്ടു്) പുറത്തു പത്തിയും അകത്തു കത്തിയുമായി നടക്കുന്ന ഓരോ ഗന്ധർവന്മാരു്! ഫൂ!

(വർക്കിച്ചേട്ടൻ പോയി. അന്നമ്മ അതറിയുന്നപോലുമില്ല. അവളാം ചിന്തയിലാണ്ടിരിക്കയാണ്. ചിന്തിക്കുംതോറും മുഖം ക്രൂരതരമായിത്തീരുന്നു. സങ്കടവും കോപവും ആ മുഖത്തു മാറി മാറി വരുന്നു.

കുറച്ചു കഴിഞ്ഞു് തോമസുചേട്ടൻ വരുന്നു. കുടയും രണ്ടാം മുണ്ടും. പതിവുപോലെ സന്തോഷവദനനായാണ് വരുന്നതു്

തോമസ്: എന്താ അന്നാമ്മേ ആലോചിച്ചുകൊണ്ടിങ്ങനെ—

അന്നാ: (തിരിഞ്ഞുനോക്കി ആളെ അറിഞ്ഞു്-വിദ്വേഷ സൂചകമായി) ഹാ! താനോ! എന്താ പോന്നേ? (അവളാം പുറം തിരിഞ്ഞു നിന്നു)

തോമ: എന്താ അന്നാമ്മേ പതിവില്ലാത്തപോലെ?

അന്നാ: (മുഖം മാത്രം തിരിച്ചു്) പിന്നെ, താൻ വരുമ്പോളാം പായ നിവത്തണോ?

തോമസ്: (എന്തോ കുഴപ്പമുണ്ടെന്നു മനസ്സിലാക്കി) നീ എന്താണീ പറയുന്നതു്? എന്തു പററി? ഭ്രാന്തുപിടിച്ചോ?

അന്നാ: താനെന്നെ ഭ്രാന്തുപിടിപ്പിക്കും. നടക്കുന്നു ഓരോ കള്ള സന്ന്യാസികള്!

തോമസ്: (എന്തോ ചിന്തിച്ചു നില്ക്കുന്നു)

അന്നാ: ഉം പൊയ്ക്കോണം എൻെറ വീട്ടീന്ന്.

തോമസ്: (കുറച്ചു കടുപ്പിച്ച്) അന്നാമ്മേ!

അന്നാ: (അല്പം മയത്തിൽ തൊണ്ട ഇടറി) എന്നാലും ഇതു വേണ്ടില്ലായിരുന്നു. ഈ കൊല്ലാൻവേണ്ടി വളത്തുന്ന പണി ഞങ്ങളോടു വേണ്ടായിരുന്നു.

തോമസ്: അന്നാമ്മേ, വെറുതെ ആളെ അപമാനിക്കരുതു്. എന്തുണ്ടായി എന്നു പറ.

അന്നാ: ഒന്നും ഉണ്ടായില്ല. ഉണ്ടാവാൻ പോകുന്നേയുള്ളു. (കണ്ണുകളിൽനിന്നു് കണ്ണുനീർ ഒഴുകി. ഉറപ്പിച്ച്) ഈ മണ്ണു തൻേറതാവണമെങ്കിൽ എൻെറ ജീവൻ പോയിട്ടു വേണം. അതോർത്തുകൊള്ളു.

തോമസ്: അന്നാമ്മേ, നീ വെറുതെ ഓരോന്നു തെററിദ്ധരിച്ചിരിക്കുന്നു.

അന്നാ: അല്ല; ശരിയായിട്ടുതന്നെയാണു ധരിച്ചിരിക്കുന്നതു്.

തോമസ്: (അല്പം ഉച്ചത്തിൽ) ഇക്കാര്യം നീ എങ്ങനെ അറിഞ്ഞു?

അന്നാ: ആരും അറിയില്ലെന്നാ വിചാരിച്ചതു് അല്ലേ?

തോമസ്: (അയാറം ചിന്തിച്ചു നിന്നതേയുള്ളു)

അന്നാ: മതി നമ്മുടെ ഇടപാട്. എനിക്കു ജീവനുണ്ടെങ്കിൽ തൻെറ സകല പണവും നയാപൈസവെച്ചു മടക്കിത്തരുന്നുണ്ട്. (അല്പം ഉറക്കെ) ഉം. പൊയ്ക്കോളു.

തോമസ്: (താക്കീതുപോലെ) അന്നമ്മേ, നീ കാര്യമറിയാതെയാണ പെരുമാറുന്നതു്.

അന്നാ: ശരിയാ. അറിഞ്ഞു വരുന്നേയുള്ളു. ഇനിയും പലതും അറിയാനുണ്ടായിരിക്കും!

തോമസ്: നീ നില ചിട്ട സംസാരിക്കുന്നു.

അന്നാ: അങ്ങനേം തോന്നും.

തോമസ്: നന്ദികേടിത്രക്കു പാടില്ല.

അന്നാ: നന്ദിതന്നെ ഉണ്ടായിട്ടില്ലല്ലോ.

തോമസ്: ക്ഷമക്കും ഒരതിരുണ്ടു്.

അന്നാ: ഓ....തൻെറ ക്ഷമയുടെ അതിരങ്ങു പൊട്ടിയാൽ ഞങ്ങളങ്ങു ഒലിച്ചുപോകും.

തോമസ്: നിലക്കു നിന്നാൽ നിനക്കു നല്ലതു്; നില തെററിയാൽ നിലത്തു്.

അന്നാ: അതുതന്നെ. ആരായാലും നിലക്കു നില്ക്കണം.

തോമസ്: നീ ഈ തോമസിനെ നല്ലപോലെ അറിഞ്ഞിട്ടില്ല.

അന്നാ: ഇല്ല. അറിഞ്ഞു വരുന്നേയുള്ളു.

തോമസ്: ചീത്തയാകാനും എനിക്കറിയാം.

അന്നാ: (പിടികിട്ടിയപോലെ) അങ്ങനെ വരട്ടെ. ഇതുവരെ പുറത്തെടുത്തില്ലെന്നു മാത്രം. അല്ലേ? ദൈവമേ! ഇപ്പോഴെങ്കിലും അറിഞ്ഞതു നന്നായി. (വികാര വിവശയായി, കല്പിക്കുംപോലെ) പൊയ്ക്കോണം എൻെറ വീട്ടീന്നു്.

തോമസ്: അന്നമ്മേ, നീ തീകൊണ്ടാണ കളിക്കുന്നതു് ഇതിൻെറ ഫലം നീ അറിയും. (ദേഷ്യപ്പെട്ടു് ഇറങ്ങിപ്പോയി)

അന്നാ: അങ്ങ് ചെല്ല്. കേറിപ്പാർക്കാൻ വരുമ്പോഠം ഇവിടെ ചൂല്ലുംകെട്ടു ഉണ്ടെന്നു കരുതിയേക്കണം.

(കോപവും താപവും കടിച്ചമർത്തിക്കൊണ്ടു കുറേനേരം അവളങ്ങിനെ നിന്നു. അവളുടെ മുഖം ഭയങ്കരമായി.

കുറച്ചു കഴിഞ്ഞു സെലിൻ പള്ളിയിൽനിന്നു വരുന്നു.)

സെലിൻ: (അമ്മയുടെ സ്ഥിതി മനസ്സിലാക്കാതെ) അമ്മേ, ആ തങ്കമ്മച്ചേച്ചി പറയല്ലേ, നമ്മുടെ റോസച്ചേച്ചി പൊട്ടയാന്ന്

(അന്നച്ചേടത്തി ചിന്താധീനയായി നില്ക്കുകയാണ്; സെലിൻ അന്നച്ചേടത്തിയുടെ വസ്ത്രാഗ്രത്തിൽ പിടിച്ചുകൊണ്ട്) അല്ലാട്ടോ അമ്മേ.

അന്നാ: (തിരിഞ്ഞ്; ദേഷ്യത്തിൽ) പോടി അവിടന്ന്.

സെലിൻ: മുമ്പു പാത്തിരുന്നോടത്തുവെച്ച് എന്തോ ഒക്കെ ഉണ്ടായതുകൊണ്ടാണത്രെ അവരിവിടെ വന്നു താമസിക്കുന്നതെന്ന്. അവളുടെ കള്ളുമ്പല്ലേ അത്!

അന്നാ: ദേ പെണ്ണേ, നിന്നോടാ പോകാൻ പറഞ്ഞേ.

സെലിൻ: (കിണുങ്ങിക്കൊണ്ട്) ഇതെന്നാ അമ്മയാ ഇത്!

അന്നാ: (പുറത്തൊരടി വെച്ചുകൊടുത്ത്) ഇതാ അമ്മ. പോടി എന്റെ മുമ്പീന്ന്.

(സെലിൻ കരഞ്ഞുകൊണ്ട് അകത്തേക്കുപോയി.

അന്നച്ചേടത്തി ചിന്തയിലാണ്ടിരിക്കുകയാണ് അലറി മറിയുന്ന അലയാഴിപോലെ അവളുടെ മനസ്സ് പ്രക്ഷുബ്ധമായിരിക്കുന്നു.

ഇടക്കു സെലീനയുടെ തേങ്ങിക്കരച്ചിൽ കേഠംക്കാം അകത്തുനിന്ന്)

[യവനിക]

## അഞ്ച്

(തോമസുചേട്ടന്റെ ബംഗ്ലാവ്. വൃത്തിയായി സംവിധാനിക്കപ്പെട്ട അതിന്റെ സ്വീകരണ മുറി. ഭക്ത ചിത്രങ്ങളും മററലംകാര ചിത്രങ്ങളുംകൊണ്ടു ചുമരു മോടിയാക്കിയിരിക്കുന്നു. തോമസുചേട്ടന്റെ ഒരു അർദ്ധകായ ഫോട്ടോ ഒരു വശത്തു തൂങ്ങുന്നു ചേർത്തിരിച്ചു കാണാം. കഴിഞ്ഞ രംഗത്തിന്റെ ഉത്തരഭാഗവും ഇതിന്റെ പൂർവ്വഭാഗവും ഒരേസമയത്ത്.

യവനിക നീങ്ങുമ്പോൾ റോസക്കുട്ടി ഒരു പൂച്ചെണ്ടു കെട്ടിക്കൊണ്ടിരിക്കുകയാണ്. അവളുടെ ഉള്ളിൽ ആനന്ദം തിരതല്ലുന്നുണ്ടെന്നു മുഖം വ്യക്തമാക്കുന്നു. അതു കരകവിഞ്ഞതാലെന്നപോലെ ഇമ്പമേറിയ ഒരു ഗാനമാലപിക്കുന്നു.

ഇടക്കു ജോണിക്കുട്ടി വന്നു. ശ്രദ്ധിച്ചു നിന്നു.)

**റോസ:** (പാട്ടവസാനിച്ചപ്പോൾ ജോണിക്കുട്ടിയെ കണ്ടു; അവൾക്കല്പം ലജ്ജ തോന്നി. വീണ്ടും തല നിവർത്തി ജോണിക്കുട്ടിയെ ഒരു പുഞ്ചിരി സമ്മാനിച്ചു സ്വാഗതം ചെയ്തു) എന്താ അറിയാതെ വന്നത്?

**ജോണി:** ഓ.... ഞാൻ വന്നതു ശല്യമായിരിക്കും ഇല്ലേ? ഇഷ്ടദേവനോടുള്ള പൂജക്കു ഭംഗം വരുത്തിയതിൽ ക്ഷമിക്കണം. (ഒന്നു പുഞ്ചിരിച്ചു)

**റോസ:** (സന്തോഷപൂർവ്വം) ഭംഗം വരുകയോ! ദേവൻ പ്രസാദിച്ചു പ്രത്യക്ഷനായിരിക്കയല്ലേ!

**ജോണി:** ആരാണോ! എവിടെ? (അവൻ പുറവും വെറുതെ തിരഞ്ഞു)

**റോസ:** ഓ.... ഒന്നും അറിയാത്തപോലെ!

ജോണി: (അതേനിലയിൽ) ഞാനെങ്ങനെ അറിയാനാണ്!

റോസ: ഞാൻ എത്ര നേരമായെന്നോ ഈ പൂച്ചെണ്ടും കെട്ടി കാത്തിരുപ്പു തുടങ്ങിയിട്ട്! (അവൾ അവനെ സ്നേഹപൂർവ്വം വീക്ഷിച്ചു)

ജോണി: (ഒന്നും അറിയാത്തവനെപ്പോലെ) ആരെ?

റോസ: (പരിഭവിച്ച്) ഇതെന്തൊരു ചോദ്യമാണ്! വേറെ എത്രയാളെയാ കാത്തിരിക്കാനുള്ളത്!

ഇതാ, ഇതു കണ്ടോ? (അവളാ പൂച്ചെണ്ടു ജോണിക്കുട്ടിക്കു സമ്മാനിച്ചു, അവളുടെ മുഴുവൻ സ്നേഹത്തിൻേറയും പ്രതീകമെന്നോണം.)

ജോണി: (പൂച്ചെണ്ടു ഒരു പുഞ്ചിരിയോടെ സ്വീകരിച്ചു കൊണ്ട് ഒന്നു മണത്തുനോക്കി) നല്ല മണമുള്ള പൂക്കൾ. (അവൻ ചിരിച്ചു; റോസക്കുട്ടിയും)

ഇതിവിടിരിക്കട്ടെ (ആ പൂച്ചെണ്ടു തോമസുചേട്ടൻെറ ഫോട്ടോക്കു സമീപം സ്ഥാപിച്ചുകൊണ്ട് ജോണിക്കുട്ടി പറഞ്ഞു) എൻെറ കടപ്പാടുകളുടെ പ്രത്യക്ഷ ചിഹ്നമായി അതവിടിരിക്കട്ടെ. (അകലെ മാറി അതിനെ നോക്കിക്കൊണ്ടു ജോണി സമാധാനിച്ചു)

ജോണി: (തിരിഞ്ഞു റോസിയോട്) റോസീ, നിൻെറ അപ്പച്ചനോടുള്ള കടപ്പാടുകൾ ഞാൻ എങ്ങനെയാണ് തീർക്കേണ്ടതെന്നു എനിക്കറിഞ്ഞുകൂടാ.

(എന്തോ ചിന്തിച്ചുകൊണ്ട് ജോണിക്കുട്ടി റോസിയുടെ മുഖത്തുനോക്കിക്കൊണ്ടങ്ങനെ നിന്നു കുറേനേരം)

റോസ: ജോലിയുടെ കാര്യമെന്തായി?

ജോണി: പരിശ്രമിക്കുന്നുണ്ട് എന്നു പറഞ്ഞു. കോയമ്പത്തൂരിൽ ഒരു ചാൻസുണ്ടത്രേ.

റോസ: (അവളുടെ മുഖം മങ്ങി) അപ്പോഠം ജോലി കിട്ടിയാൽ അങ്ങു പോകും!

ജോണി: (പുഞ്ചിരിക്കാൻ ശ്രമിച്ച്) കോയമ്പത്തൂരുള്ള ജോലി ഇവിടിരുന്നുകൊണ്ട് ചെയ്യാൻ ഒക്കുല്ലല്ലോ.

റോസ: (മുഖമുയർത്തിനോക്കി) ജോണീ! (വീണ്ടും തല കുനിഞ്ഞു)

ജോണി: എന്തേ?

റോസ: ഞാൻ കാത്തിരുന്ന മട്ടത്തു. ഇനി ജോലിയും കിട്ടി അങ്ങു പോയാൽ (അവളുടെ സ്വരം അല്പം ഇടറി) പിന്നെ ഒന്നു കാണാൻകൂടി പ്രയാസമാവും.

ജോണി: എനിക്കും അതിൽ വിഷമമില്ലാതില്ല റോസീ.

റോസി: ഞാൻ അപ്പനോടു പറയട്ടേ....

ജോണി: എന്ത്?

റോസി: (ലജ്ജകൊണ്ടവഠം സാരിത്തുമ്പു കടിച്ച്) ജോലി കിട്ടിപ്പോകുന്നതിനു മുമ്പുതന്നെ....

ജോണി: മുമ്പുതന്നെ?

റോസി: (ജോണിയുടെ മുഖത്തു നോക്കി നില്ക്കുകമാത്രം.

അപ്പോഴേക്കും തോമസുചേട്ടൻ പ്രവേശിച്ചു; ജോണിയെ ഒന്നു നിശിതമായി നോക്കി; തല വെട്ടിത്തിരിച്ചു ഒന്നും ശബ്ദിക്കാതെ ഗാംഭീര്യം വിടാതെ അകത്തേക്കു നടന്നു. ജോണിക്കുട്ടിയും റോസക്കുട്ടിയും തോമസുചേട്ടൻെറ ഈ മാററത്തിൽ പകച്ചു നോക്കിനിന്നു.

കുട അകത്തുവെച്ചു തോമസുചേട്ടൻ കയറിവന്നു.)

റോസ: (അല്പം പകപ്പോടെ) അപ്പാ!

ത്തോമസ്: (രണ്ടു പേരേയും മാറി മാറി സൂക്ഷിച്ചു വീക്ഷിച്ചു)

റോസ: ഇതെന്താണപ്പാ?

ജോണി: എന്തുപററീ തോമസുചേട്ടാ?

തോമസ്: (ജോണിയെ തറച്ചു നോക്കിയിട്ട്) എന്തു പററീ! (പല്ലിറുമ്മികൊണ്ട്) തിന്ന ചോറിനു നന്ദിവേണം മനുഷ്യരായാൽ.

(അയാഠം കസേരയിൽ വന്നിരുന്നു)

ജോണി: അയ്യോ! എന്തുണ്ടായി ചേട്ടാ? ഞങ്ങഠം തെററായി എന്തെങ്കിലും.... (അവൻ ആലോചിച്ചുനോക്കി)

തോമസ്: (തികട്ടിവന്ന ദേഷ്യം കടിച്ചമർത്തികൊണ്ട്) അഹങ്കാരത്തിനും ഒരതിരുവേണം. മതി നമ്മളായിട്ടുള്ള ബന്ധം മതി.

റോസ: അയ്യോ! (അവളറിയാതെ പറഞ്ഞുപോയി)

ജോണി: (അല്പനേരം എന്തോ ആലോചിച്ചു നിന്നു. അവനൊരു പിടിയും കിട്ടിയില്ല) തോമസുചേട്ടാ....

തോമസ്: (തടഞ്ഞുകൊണ്ട്; ദൃഷ്ടിയുയർത്താതെത്തന്നെ) ഉം. പൊയ്യോളൂ ... എനിക്കു കിട്ടേണ്ടതു കിട്ടി. വേണ്ടതു പറിക്കേച്ചെയ്യൂ.

ജോണി: (കരയാറായപോലെ) എന്താണുണ്ടായതു ചേട്ടാ?

തോമസ്: ചെന്നു ചോദിക്ക്? എല്ലാം നിൻെറ വൈഭവക്കാരി അമ്മ പറഞ്ഞു തരും.

ജോണി: (ഒന്നു സംശയിച്ചുനിന്നു. എന്തോ പറയാൻ ഓങ്ങി; പക്ഷേ, വാക്കുകഠം പുറത്തുവന്നില്ല. റോസക്കുട്ടിയെ ഒന്നു നോക്കിയിട്ട് മെല്ലെ തിരിഞ്ഞു നടന്നു.

റോസക്കുട്ടി വല്ലാതെ ഭയപ്പെട്ടു; അവഠം വല്ലാതെ കിതക്കുന്നു. എന്താണു ചെയ്യേണ്ടതെന്നറിയാതെ നടന്നകലുന്ന

ജോണിയേയും സ്തംഭിച്ചിരിക്കുന്ന തോമസുചേട്ടനേയും മാറി മാറി നോക്കി)

**തോമസ്:** (നടന്നകലുന്ന ജോണിയോടായി) ഇനി ഇവിടെ വരണമെന്നില്ല.

**റോസ:** (അവളുടെ കണ്ണുകൾ നിറഞ്ഞു) അപ്പാ....!

**തോമസ്:** (തന്നോടുതന്നെ) കാര്യം കഴിഞ്ഞപ്പോഴത്തെ കളി കണ്ടില്ലേ ..! (ആലോചിച്ചുകൊണ്ട്) അല്ലെങ്കിൽ ഇതിനൊക്കെ എന്താണുണ്ടായതു്? (എന്തോ ഓർമ്മവന്നിട്ടെന്നപോലെ എഴുന്നേററകത്തേക്കു പോകുമ്പോൾ) ങ്ഉം. എന്തെങ്കിലുമാവട്ടെ.

**റോസ:** (അവൾ ഓടി തിണ്ണയിൽ നിന്നു പുറത്തേക്കു എത്തിനോക്കി അവിടെയും അവൾക്കു നില്ക്കുന്നില്ല. തിരിച്ചകത്തേക്കുതന്നെ വന്നു അതിനിടക്കു തോമസുചേട്ടൻ ഒരു ബാഗുമെടുത്തു് വന്നു)

**തോമസ്:** (റോസക്കുട്ടിയുടെ നിലകണ്ട് ശാസനാരൂപത്തിൽ) റോസക്കുട്ടീ!

**റോസ:** (വിഷമം അടക്കിക്കൊണ്ട്) എന്തുണ്ടായി അപ്പാ?

**തോമസ്:** (കുറച്ചു സമയം ഒന്നും മിണ്ടിയില്ല. ബാഗിൽ എന്തോ ഫയലുകൾ വെയ്ക്കുകയാണ്. കുറച്ചുകഴിഞ്ഞു് തലയുയർത്തി) നീ ഇനി അങ്ങോട്ടുപോകരുതു്. (കുറച്ചുകഴിഞ്ഞ്) സൂക്ഷിച്ചില്ലെങ്കിൽ വെറുതെ ചീത്തപ്പേരു സമ്പാദിക്കേണ്ടിവരും.

**റോസ:** (ആ നിരോധനാജ്ഞയിൽ അവൾക്കധികം സങ്കടം തോന്നി) അതെന്താണപ്പാ?

**തോമസ്:** (ഒന്നും പറഞ്ഞില്ല ബാഗു ശരിപ്പെടുത്തുകയാണ്)

റോസ: (അപ്പനെ സമീപിച്ചുകൊണ്ട്) എന്നോട്ട പറയില്ലേ അപ്പാ?

തോമസ്: നീ പോ അപ്പുറത്ത്.

റോസ: (അവാംക്ക കരച്ചിൽ വന്നു. അകത്തുപോയി കരച്ചിലടക്കാൻ ശ്രമിച്ചു. കുറച്ചുകഴിഞ്ഞ് തോമസുചേട്ടൻ റോസക്കുട്ടിയെ വിളിച്ചു.

കണ്ണു തുടച്ചുകൊണ്ടവാം വന്നു)

തോമസ്: മറിയത്തള്ളയോട്ട കളിക്കാൻ വെള്ളമിടാൻ പറ. (അവളുടെ പ്രകൃതി കണ്ട്) നിനക്കെന്താ ഇത്ര കരയാൻ? ങ്ആ. ...? പിന്നെ, ആ സൂട്ട്കെയ്സിൽ ഒരു നാലു സെററ് ഡ്രസ് എടുത്തുവെക്ക്. ചിലപ്പോ൦ ഒരു മാസത്തോളം അവിടെ താമസിക്കേണ്ടി വരും........ ഞാനിപ്പോ൦ വരാം.

(പുറത്തേക്ക പോകാൻ പുറപ്പെട്ടു)

റോസ: (ഹൃദയം തകന്ന മട്ടിൽ) അതൊന്നു പറഞ്ഞുകൂടെ അപ്പാ? എന്നെ നീററിക്കൊല്ലുകയാണോ? (അപ്പന്റെ മുമ്പിൽചെന്നു തടഞ്ഞുകൊണ്ട്) പറയൂ അപ്പാ, ജോണി എന്തു തെററുചെയ്തു?

(അയാാം നടന്നകന്നു.

റോസക്കുട്ടിയുടെ മനസ്സ് കൂടുതൽ പ്രക്ഷുബ്ധമായതേയുള്ളു. അവളുടെ കണ്ണുകളിൽനിന്നു കണ്ണീർ ഒഴുകി. എന്താണു ചെയ്യേണ്ടതെന്ന് ഒരു പിടിയും കിട്ടുന്നില്ല. ഓടിച്ചെന്നു മതിലിൽ പിടിച്ചു വഴിയിലേക്കെത്തിനോക്കി. വീണ്ടും തിരിച്ചുവന്നു മേശമേൽ മുഖമമത്തി വിമ്മിക്കരഞ്ഞു)

[യവനിക]

## ആറ്

(രംഗം—മുമ്പു കണ്ട ജോണിയുടെ വീട്.

യവനിക നീങ്ങുമ്പോഠം ജോണിയും മത്തായിയും ഇരുന്നു സംസാരിക്കുന്നു.

ജോണിയുടെ മുഖം ശോകാവൃതമായിരിക്കുന്നു; അവന്റെ തലമുടി പാറിക്കിടക്കുന്നു; ഷേവുചെയ്യേണ്ട കാര്യം അവൻ മറന്നിരിക്കും. എന്തോ തലപുകഞ്ഞാലോചിക്കയാണ്. അധികം സംസാരിക്കണമെന്നില്ലാത്ത മനസ്ഥിതി)

മത്തായി: (മൂക്കത്തു വിരൽവെച്ച്) നോക്കണേ, ആ പുലിവാലുണ്ടാക്കിത്തീർത്ത ഏടവാടുകള്! ഞാൻ എത്ര പാടുപെട്ടാണ് അവരിൽനിന്നും അതു ലീക്കുചെയ്യേട്ടത്തത്? അതിവിടെ വന്നറിയിക്കാൻ കഴിയുംമുമ്പേ പൊട്ടിച്ചു ആ ധൂമകേതു!

ജോണി: ഇനി എന്തുചെയ്യാൻ മത്തായി? പറഞ്ഞ വാക്കുകഠം പെറുക്കി എടുക്കാൻ പററുമോ? (ഒരു നെടുവീർപ്പോടുകൂടെ എഴുന്നേററു തൂണിൽ ചാരി അലക്ഷ്യമായി പുറത്തേക്കു നോക്കിനിന്നു)

മത്തായി: (അതേനിലയിൽ) എന്നാലും അന്നാച്ചേടത്തി ഇത്ര സിമ്പിളായതാ എന്റെ കപ്സ്റ്റ്യൻ.

ജോണി: അതെ. തുവലു കണ്ടപ്പഴേ അമ്മ തീർച്ചപ്പെടുത്തി ആമയാണെന്ന്! അതനുസരിച്ച് കണക്കിനു കാച്ചിക്കൊടുത്തിട്ടുമുണ്ടാവും. അദ്ദേഹമായതുകൊണ്ട് എന്നെ അന്ന് അവിടെ നിന്നു തല്ലിയിറക്കിയില്ല. (വന്നു കസേരയിലിരുന്നു)

മത്തായി: നിങ്ങളീ വാസ്തവസ്ഥിതി ചെന്നു പറഞ്ഞില്ലേ?

ജോണി: അതിനദ്ദേഹമവിടെയില്ല. അന്നുതന്നെ പോയി ബോംബേക്ക്. അന്നിവിടെ വന്നതുതന്നെ പോകുന്ന കാര്യം അറിയിക്കാനായിരുന്നു... ഹൊ! ഇനി ഞാനെങ്ങനെ ആ മുഖത്തു നോക്കും? ഞാനീ നിലയിലായതു അദ്ദേഹം ഒററയാൾ കാരണമല്ലേ? ആ ബന്ധമൊക്കെ ഒരു നിമിഷത്തെ അവിവേകം നശിപ്പിച്ചു. അക്ഷന്തവ്യമായ ഒരപരാധമാണു് ഞങ്ങൾ ചെയ്തതു്.

മത്തായി: (പുറത്തേക്കു നോക്കിക്കൊണ്ടു്) അ. നമ്മുടെ പുലിവാലല്ലേ ആ വരുന്നതു്?

ജോണി: (പുറത്തേക്കു നോക്കി) ഷേ്ഹ! ഇങ്ങുവരട്ടെ ആ നാരദൻ!

മത്തായി: തങ്കമ്മെ കെട്ടിക്കാൻ ഉറച്ചിട്ടായിരിക്കും വരവു്!

(വർക്കിച്ചേട്ടൻ വരുന്നു. തന്റെ ആഗമനത്തിൽ അവരുടെ ഭാവവ്യത്യാസങ്ങൾ സൂക്ഷിച്ചുകൊണ്ടാണു് വരുന്നതു്)

വർക്കി: (ഒരിളിഞ്ഞ ചിരിയോടെ) കുറച്ചു ദിവസമായി ജോണിക്കുട്ട്യേ ഒന്നു കാണണം കാണണം എന്നു വിചാരിച്ചുതുടങ്ങിയിട്ടു്....

ജോണി: അതേടോ. ഞാനും തന്നെ ഒന്നു കാണണമെന്നു വിചാരിച്ചിരിക്കയാ. അവിടിരിക്കു്.

വർക്കി: ആ ... തങ്കമ്മ പുണ്യം ചെയ്തോളാനു കണേടാ. (ഇരുന്നു)

ജോണി: എടാ മത്തായി, നമുക്കിയാളുടെ ചെവി ഒന്നു അടക്കണമല്ലോ.

മത്തായി: അതു് ഞാൻ നേരത്തെ വിചാരിച്ചിരുന്നതാ. അയാളുടെ ഈ ആനച്ചെവി ഇങ്ങനെ തുറന്നിരുന്നിട്ടാ നാട്ടുകാരു പറയുന്നതെല്ലാം റെക്കോഡ് ചെയ്തു കണ്ടെട ത്തെല്ലാം ബ്രോഡ്കാസ്റ്റ് ചെയ്തു നടക്കുന്നതു്.

വർക്കി: (പന്തിയല്ലെന്നു കണ്ടപ്പോഴം) അതിനു ഞാൻ സൗ കര്യമുള്ള ഒരു സമയത്തു് വരാടാ പിള്ളേരേ. (എഴുന്നേ ല്ക്കുന്നു)

ജോണി: അവിടെ ഇരിയെടോ.

വർക്കി: എനിക്കിപ്പോ ഇത്തിരി തിടുക്കമുണ്ടെടാ. (പോ കാൻ തുടങ്ങുന്നു)

ജോണി: (ദേഷ്യത്തിൽ) ഛീ! ഇരിക്കവിടെ.

വർക്കി: അയ്യോ ശ്വാസം!

മത്തായി: എന്താ ശ്വാസം മുട്ടുന്നുണ്ടോ?

വർക്കി: അതേടാ. ഈ ഒറക്കെ സംസാരിക്കുന്നതു കേട്ടാൽ എനിക്കതു പതിവാ.

ജോണി: തന്റെ ശ്വാസം മുട്ടിക്കല്ല; നിത്തിത്തരുന്നുണ്ട്. ഇരിക്കടോ അവിടെ. (അയാളവിടെ ഇരുന്നു) മത്തായീ, അയാളു പോകാതെ നോക്ക്. (അകത്തു പോയി. വർക്കി ച്ചേട്ടൻ എഴുന്നേററു പോകാൻ നോക്കുന്നു. മത്തായി തട ഞ്ഞുകൊണ്ടു്)

മത്തായി: അവിടിരിക്ക്ന്നേ. രണ്ടു ദിവസം മുമ്പു ഇവിടെ കുറേ ഇരുന്നതല്ലേ?

വർക്കി: (തള്ളി മാററിയിട്ടു്) വിടടാ എന്നെ. എടാ എ ന്നെ വിടാൻ. (തല്ലാൻ ശ്രമിക്കുന്നു)

മത്തായി: (തടുത്തുകൊണ്ടു്) ദേ, പലിശ സഹിതം ഞാൻ കടംവീട്ടും കേട്ടോ. വയസ്സു മൂപ്പൊന്നും ഞാൻ നോക്കില്ല. അവിടെ ഇരിയെന്നേ.

(അയാാം ഇരിക്കാൻ കൂട്ടാക്കുന്നില്ല. ജോണി ഒരു നിവത്തി
പ്പിടിച്ച കത്തി കൊണ്ടുവന്നു കാണിച്ച്)

ജോണി: ഇരിയെടോ അവിടെ.

(അയാാം പേടിച്ച സാവധാനം ഇരിക്കുന്നു)

(ഒരു മെഴുകുതിരി നീട്ടിയിട്ട്) ഇതു പിടിക്ക് മത്തായി.

(ഒരു തീപ്പെട്ടി ഉരച്ച് തിരി കത്തിക്കുന്നു) ആ രണ്ടു ചെവി
യിലേക്കും ഒഴിച്ചേക്ക് നാലു തുള്ളിവീതം. അധികം വേ
ണ്ട. അല്പം വിടവു കിടന്നോട്ടെ.

(മത്തായി വർക്കിച്ചേട്ടനെ പിടിക്കുന്നു. അയാാം തടയു
മ്പോാം ജോണി കത്തി കാട്ടി പേടിപ്പിക്കുന്നു)

വർക്കി: തമാശകളു പിള്ളേരേ. അതൊഴിച്ചാൽ ചെവി
പൊള്ളും.

ജോണി: ഒന്നു പൊള്ളട്ടെ. താൻ കാരണം മനസ്സു പൊ
ള്ളി നടക്കുന്നോരെത്രയുണ്ടെടുന്നോ?

(മത്തായി മെഴുകൊഴിക്കാൻ അടുക്കുന്നു)

വർക്കി: (തടഞ്ഞിട്ട്) അരുതടാ മത്തായി. ഇതു വേണ്ടടാ.
വേണമെങ്കിൽ നീ കുറേ കീറത്തുണി തിരുകിക്കേററിക്കോ.

മത്തായി: (ഒരു തുള്ളി വീഴ്ത്തി)

വർക്കി: (ചാടി എഴുന്നേററ്) അയ്യോ പൊള്ളുന്നേ....

ജോണി: ഇരിക്കെടാ അവിടെ. ഇനി താൻ ഈ അപവാ
ദ വ്യവസായത്തിനു നടക്കുമോ?

വർക്കി: ഇല്ല. ഓ.... ചുട്ടുനീറുന്നു.

മത്തായി: ഇനി താൻ ഈ കോക്കിപ്പണിക്കു നടക്കുമോ?

(ഒരു തുള്ളി വീഴ്ത്തി)

വർക്കി: (ചാടി എണീററ്) ഞാൻ നിർത്ത്യേക്കാം. അയ്യോ
മത്തായി മതിയെടാ.... ഹൌ! എന്തൊരു പൊള്ളല്!

ജോണി: മതി മത്തായി. അയാറംക്കു മനസ്സിലായി പൊള്ളലിൻെറ നീററല്. പൊക്കോടോ.

വർക്കി: (ചെവിയിൽ വിരൽ ഇട്ടുകൊണ്ടു്) ആ മെഴുകവിടെ ഉറച്ചു ചെവി അടഞ്ഞല്ലോ.

മത്തായി: അത്യാവശ്യകാര്യങ്ങറം കേറംക്കാൻ ഓട്ടയുണ്ടെടോ.

വർക്കി: (നടന്നുപോകുന്നതിനിടക്കു്) നിന്നെ ഞാൻ കണ്ടോളാമെടാ.

(അയാറം പോകുന്നതും നോക്കി ജോണിയും മത്തായിയും കുറേനേരം നിന്നു. സെലിൻ ഒരു നോട്ടുബുക്കുമായി വരുന്നു)

ജോണി: എവിടെയായിരുന്നു സെലി?

സെലി: ആ ശാരദേടെ വീട്ടിൽപ്പോയതാ. കുറച്ചെഴുതീട്ടക്കാൻ.

ജോണി: എഴുതിയെടുത്തില്ലേ?

സെലി: ഉവ്വ്.

ജോണി: ഇനി പുസ്തകം കൊണ്ടുവെച്ചു ചെന്ന് അമ്മ വരുന്നുണ്ടോന്നു നോക്ക്യേ. (സെലിൻ പോയി)

മത്തായി: അമ്മയെവിടേക്കാ പോയിരിക്കുന്നതു്?

ജോണി: അമ്മ കുറച്ചു പണത്തിനു പോയിരിക്കയാ. മത്തായി അറിഞ്ഞില്ലേ, ഞാൻ നമ്മുടെ ഹൈസ്കൂളിൽ ഒരു ജോലിക്കപേക്ഷിച്ചിരിക്കയാണ്.... ഇനിയും തോമസുചേട്ടനെ ബുദ്ധിമുട്ടിക്കരുതല്ലോ.... അവിടെ ഒരു പാർട്ട് ടൈം വേക്കൻസിയുണ്ട്.

മത്തായി: ങ്അ ദാററീസ് ഗുഡ്. പാർട്ടായാലും ഫുറം ആയാലും ഒന്നുണ്ടാവട്ടെ.

ജോണി: അതും നിശ്ചയിക്കാറായിട്ടില്ല (അല്പം ഉച്ചത്തിൽ) പണിയെടുക്കാൻ പോകണമെങ്കിലും പണം കെട്ടണ്ടേ ആദ്യം .. ? എന്തു് നീതിയാണിതു ദൈവമേ!

മത്തായി: ഇതു ദൈവത്തിൻെറ നീതിയൊന്നുമല്ല ജോണീ. സെൻറു് പേർസെൻറും മനുഷ്യൻെറ തന്നെ.

ജോണി: (പ്രതിഷേധ സ്വരത്തിൽ) മനുഷ്യൻെറ തന്നെ! എത്രയാളുകളാ നീറി നീറി നശിക്കുന്നുണ്ടെന്നറിയാമോ അതുകൊണ്ടു്?

മത്തായി: ദാററീസ് റൈററ്. പക്ഷേ, ഈ ജോലിക്കപേക്ഷിക്കുന്നവരുതന്നെയല്ലേ ഇതിനു വളമിടുന്നതു്? അവരാരും കൊടുക്കുന്നില്ല എന്നാ തീരുമാനിച്ചാ പിന്നെ ആരു വാങ്ങാനാ?

ജോണി: അല്ലാതെ കിട്ടില്ലെന്നു വന്നാൽ?

മത്തായി: അപ്പോഠം ആയിരം രൂപ മുടക്കിയാലും ഒരു ജോലി കിട്ടിയാൽ മതി എന്നു കരുതുന്നവരും ഉണ്ടു്.

ജോണി: എൻെറ മത്തായീ, ഇങ്ങനെ ജോലി കിട്ടിയിട്ടു് അതിൽനിന്നു കിട്ടുന്ന കാശു തികയില്ല വാങ്ങിയ കടത്തിൻെറ പലിശ തീർക്കാൻ ...

(രണ്ടാളും കുറേനേരം മൗനമായങ്ങിനെ ഇരുന്നു)

ജോണി: (നിരാശനായപോലെ) ഞാനീ നാട്ടിൽനിന്നും പോകാൻ നിശ്ചയിച്ചതായിരുന്നു. അമ്മ തീരെ സമ്മതിക്കുന്നില്ല.

മത്തായി: (വലിച്ചുകൊണ്ടിരുന്ന സിഗരററ ദൂരേക്കെറിഞ്ഞു. പുറത്തേക്കു നോക്കിയപ്പോഠം അന്നച്ചേടത്തിയെ കണ്ടു) അതാ അമ്മ വരുന്നുണ്ടു്.

(അന്നച്ചേടത്ത വരുന്നു; പുറകെ സെലിനും.

പണ്ടത്തെ പ്രസരിപ്പും പ്രസന്നതയൊന്നും കാണാനില്ല. കോപവും നിരാശയുമാണ് അവയ്ക്കു പകരം ആ മുഖത്ത്. എങ്ങോ പോയി ക്ഷീണിതയായാണ് വരുന്നതു്. വന്നയുടനെ അവരം തിണ്ണയിൽ ഇരുന്നു.

സെലിനോടു കുറച്ചു വെള്ളം കൊണ്ടുവരാൻ പറഞ്ഞു, കുടിക്കാൻ.)

ജോണി: കിട്ടിയോ അമ്മേ?

അന്നാ: (ഒരു സാമട്ടിൽ) കിട്ടീന്നും പറയാം ഇല്ലെന്നും പറയാം.

മത്തായി: അതെന്താ അന്നച്ചേടത്തി അങ്ങനൊരു നില?

അന്നാ: അ: മത്തായ്യോ! എടാ മോനെ, ഇവനൊരു ജോലി കിട്ടി നാലു കാശു മേടിച്ചു കാണാൻ എനിക്കാശയില്ല്യോടാ. (സെലിൻ കൊണ്ടുവന്ന വെള്ളം വാങ്ങിക്കുടിച്ചു പാത്രം തിരികെ കൊടുത്തു) അതിനുവേണ്ടി ഇത്രേം ഒക്കെ ആയി. ഇനി ഈ സ്ഥലംമാത്രേ ബാക്കിയുള്ളു. അതു കൊടുത്താലും അവനൊരു ജോലിക്കാരനായി എനിക്കു കാണണം.

ജോണി: അമ്മേ, പുരയിടം വിററാണോ പണം വാങ്ങിയിരിക്കുന്നത്?

അന്നാ: (വിഷമസ്വരത്തിൽ) ഈടില്ലാതെ പണം തരാൻ ഇനി ആളില്ല.

ജോണി: (നിരാശനായി) ഇങ്ങനെ ഒരു ജോലി കിട്ടിയിട്ട് എന്തു കാര്യമാണ്? ഞാൻ തൂമ്പായെടുത്തു കെളച്ചേനല്ലോ!

അന്നാ: അതിനല്ലല്ലോ ഞാൻ പട്ടിണി കിടന്നും നാട്ടാരോ ടിരന്നും നിന്നെ പഠിപ്പിച്ചത്?

(മത്തായിയോടായി) എടാ മത്തായീ, ആ സ്കൂളില് ഒരു ജോലീണ്ടെന്നു കേട്ടു. ഇനീം എങ്ങനാ തോമസുചേട്ട നെ ബുദ്ധിമുട്ടിക്ക്യാ (അതോർത്തപ്പോൾ അവൾക്കു വിഷമം തോന്നി. അല്പനേരം മിണ്ടാതിരുന്നു) ഉം. പകുതിപ്പണിയാ ണത്രെ.

മത്തായി: അ. പകുതി ആയാലും മതിയന്നേ.

അന്നാ: അതിനും രൂപ ആയിരം കെട്ടണമത്രേ. എൻറപ്പോ! ആയിരം രൂപ പോയിട്ടു അത്രേം നയാപൈസ ഇവിടെ ഇല്ല.

ജോണി: (ഇടക്കുകയറി) ഞാൻ പറഞ്ഞില്ലേ അമ്മേ, ഈ വിഷമതകൾക്കൊന്നും പോകണ്ടാന്ന്?

അന്നാ: നീയൊന്നു മിണ്ടാണ്ടിരിക്കടാ ചെക്കാ.

(മത്തായിയോട്) ങ്അ. മത്തായീ, അതിനുവേണ്ടി ഒരു പാട്ട സ്ഥലത്തു പോയി. ആർക്കും വിശ്വാസമില്ല രൂപ തരാൻ. നടന്നു നടന്നു മട്ടത്തു. എന്തായാലും ഇവനൊരു ഉദ്യോഗസ്ഥനായി കാണണമെന്നു എനിക്കും.

മത്തായി: ഉം.

അന്നാ: (തുടർച്ചയായി) ഇന്നാലെയാണ് പണം കൊടുക്കാനുള്ള അവുധി. അതു തെററി. (നിശ്വസിക്കുന്നു) ഇന്നു കൊണ്ടുക്കൊടുത്താലും മത്യാരിക്കും.

മത്തായി: എന്തിനു പറയുന്നു! ഒക്കെ ആ പുലിവാലിന്റെ ഒററപ്പണി!

ജോണി: എവിടുന്നാ ഇപ്പോഠം കിട്ടിയതമ്മേ?

അന്നാ: ങ്അ. ആ കരോട്ടെ ചാക്കോച്ചേട്ടൻറവിടെ പോയി. ഈടുകൊടുക്കാതെ തരില്ലെന്നു കണിശം പറഞ്ഞു. ഞാൻ (അവളുടെ ശബ്ദം പതറി) അങ്ങനെ ഈ ... പണയപ്പെടുത്തി.

ജോണി: ഇപ്പോഠം പുരയിടം പണയമെഴുതാം. ഈ പുരയിടം പോകുമെന്നു പേടിച്ചല്ലേ ഇങ്ങനെ ചക്രശ്വാസം വലിക്കാറായതു്?

അന്നാ: (തൊണ്ട ഇടറിക്കൊണ്ടു്) മോനേ, നീ അതു പറയല്ലേടാ. അക്കാര്യം ഓർമ്മിപ്പിക്കല്ലേടാ........ നിൻെറ അമ്മക്കങ്ങനെ ഒരു തെററു പററി.

ജോണി: (അമ്മയുടെ അടുത്തുചെന്നു്) അമ്മേ, കരയാതെ അമ്മേ. ഞാൻ അറിയാതെ പറഞ്ഞുപോയതാണമ്മേ. (അവൻ അമ്മയുടെ തോളിൽ പിടിച്ചു; അവൻെറ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണീർ നിലം പതിച്ചു)

അന്നാ: (ജോണിയുടെ കണ്ണീർ തുടച്ചുകൊണ്ടു് അകലേക്കു നോക്കി) അതും ആയിരം തികച്ചു തരാൻ അയാഠം കൂട്ടാക്കിയില്ല. എണ്ണൂററമ്പതേ തന്നുള്ളു.

ജോണി: (മാതൃകരങ്ങളിൽ നിന്നു വിട്ടുപോയി) ഉം. അപ്പോഠം ബാക്കി... ?

അന്നാ: ബാക്കി! നൂററമ്പതു കൂടി. ഇനി ഞാൻ എവിടെപ്പോയി തെണ്ടണം ഒരു നൂററമ്പതു രൂപക്കു്. ദൈവമേ....
(കുറേനേരം ആരും മിണ്ടാതെ കടന്നുപോയി)
(ഒരു തീരുമാനമെടുത്തപോലെ) പണിയൊണ്ടു്. (അകത്തേക്കു നോക്കി) സെലീനേ, ഇങ്ങു വന്നേ മോളേ.
(എന്നിട്ടവഠം തൻെറ കമ്മലുകഠം ഊരാൻ ശ്രമിച്ചുകൊണ്ടു്)
ദേ, ഇതു കണ്ടോ.

ജോണി: (ഓടിവന്നു് അമ്മയുടെ കൈ തടഞ്ഞു്) അമ്മേ, പാടില്ല. അതൂരാൻ പാടില്ലാന്ന്. അങ്ങനെ ഇവനൊരു ജോലി സമ്പാദിക്കേണ്ട.

അന്നാ: (പിടി വിട്ടുവിച്ചു്) ജോണീ, നീ ഞാൻ പറഞ്ഞതു കേഠംക്കു്. നീ മാറിനില്ലു്.

ജോണി: ഇല്ല ഞാൻ സമ്മതിക്കുകയില്ല.

അന്നാ: നിന്നോട്ട് മാറിനില്ലാനാ പറഞ്ഞേ.

ജോണി: (വിദൂരത്തേക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ടു്) ഇനി ആ രണ്ടും കൂടിയേ ഉള്ളു ഊരാനായിട്ട്!

(അന്നമ്മ കമ്മലുകഠം ഊരി മേശപ്പുറത്തുവെച്ചു. അപ്പോഴേക്കും സെലീന അവിടെ വന്നു)

അന്നാ: മോളേ, ആ ചെയിൻ ഇങ്ങൂരിത്തന്നേ. കുറച്ചു ദിവസം കഴിഞ്ഞു മോഠംക്കു് ഇടാം.

ജോണി: (തലയിൽ കൈവെച്ചു്) അമ്മേ, അമ്മ എന്നെ ഭ്രാന്തു പിടിപ്പിക്കുമോ? എനിക്കിതു കാണാൻ വയ്യ.

(അവൻ അകത്തേക്കോടി)

സെലി: എന്തിനാമ്മേ?

അന്നാ: ഒരാവശ്യമുണ്ടു മോളേ.

സെലി: (അവഠം വിസമ്മതിച്ചു്) എനിക്കു വയ്യ; ആകെക്കൂടി ഇതേ ഉള്ളു.

അന്നാ: (അല്പം ഉറക്കെ) ഇങ്ങു താ പെണ്ണേ.

സെലി: (തലയാട്ടിക്കൊണ്ടു്) ഞാൻ തരില്ല. (അവഠം പിണങ്ങി)

അന്നാ: (അവളെ സമീപിച്ചു്) എൻെറ അടി വാങ്ങരുതു കേട്ടോ.

(അന്നച്ചേടത്തി വിറയ്ക്കുന്ന കൈകളോടെ സെലിൻെറ കഴുത്തിൽ നിന്നും ആ ചെയിൻ ഊരിയെടുത്തു. അതു കൈയിൽ പിടിച്ചുകൊണ്ടവരം അല്പനേരം വെറുതെ നിന്നു)

അന്നാ: (സ്വരം പതറി) ചേട്ടനു ജോലികിട്ടി ശമ്പളം കിട്ടുമ്പോഠം നമുക്കു ചെയിനും വളയും അണിയാം.

(സെലീന കരഞ്ഞുകൊണ്ടകത്തേക്കു പോയി. അന്നച്ചേടത്തി ആ പോക്കു നോക്കിനിന്നു. അവഠംക്കു മന:പ്രയാസം തോന്നി. എങ്കിലും ധൈര്യം വീണ്ടെടുത്തു മത്തായിയോടായി)

മത്തായീ, നീ ഇതൊന്നു നോക്ക്. ഒരു നൂററമ്പതു രൂപ കിട്ടില്ലേടാ ഇതു കൊണ്ടുവെച്ചാൽ?

മത്തായി: (അവയെടുത്തു തൂക്കം നോക്കി) കുറച്ചു വിഷമമാണല്ലോ ചേടത്തീ. രണ്ടു പവൻ തികയില്ല.

അന്നാ: എൻെറ മാതാവേ! ഇനി ഞാൻ എന്തു ചെയ്യും?

ജോണി: (പെട്ടെന്നു കയറിവന്നു് അല്പം ഗൗരവത്തിൽ) അടങ്ങി ഒതുങ്ങി ഇരിക്കുകതന്നെ. തുമ്പായും കൊട്ടയുമെടുത്തു പുറത്തിറങ്ങിയാൽ ഇത്ര മനോവേദന വേണ്ട.

അന്നാ: (അതു ശ്രദ്ധിക്കാതെ) എടാ മത്തായീ ഞങ്ങടെ പശുനെ ആർക്കെങ്കിലും പിടിച്ചുകൊടുത്തു രൂപ വാങ്ങിത്തരാമോ നിനക്ക്?

സെലി: (പ്രവേശിച്ച്; ശാഠ്യം പിടിച്ചപോലെ) പശുനെ കൊടുക്കാൻ ഞാൻ സമ്മതിക്കില്ല. (അവഠം അവളുടെ പശുവിനെ വിട്ടുകൊടുക്കാതിരിക്കാനെന്നപോലെ അതിൻെറ അടുത്തേക്കോടി)

മത്തായി: (ഒരു വഴി കണ്ടുപിടിച്ചപോലെ) അന്നാച്ചേടത്തി ഒരു കാര്യം ചെയ്യ്. ഇതുകൊണ്ടു വെച്ചിട്ട് തികയാ

തെവരുന്നതു ഞാൻ എങ്ങനെയെങ്കിലും ഉണ്ടാക്കാം. വീട്ടിൽ ഇരിപ്പുണ്ടായിട്ടൊന്നുമല്ല. എങ്ങനെയെങ്കിലും ശ്രമിക്കാം. പശുവിനെ ഏതായാലും വില്ക്കണ്ടാ. അതിനെ വിററാൽ കഞ്ഞികുടി മുട്ടും.

അന്നാ: (അല്പം തണുത്തപോലെ ഉത്സാഹഭരിതയായി) നാമോനൊന്നു് ഓടിച്ചെല്ല്.

(ജോണിയോടു്) എടാ നീ ഇതുംകൊണ്ടു വേഗം പുറപ്പെടാൻ നോക്കു്. ഇന്നലെ കൊടുക്കേണ്ടതാ.

(മത്തായി പോയി)

ജോണി: (ചിന്താമൂകനായി നില്ക്കുന്നേയുള്ളു)

അന്നാ: നീയെന്താ ചെക്കാ ഇങ്ങനെ നില്ക്കുന്നതു്? ഇതാ ഇതൊക്കെ കൈയിൽവെക്കു്. (പണവും പണ്ടങ്ങളും മേൽപ്പുറത്തു് എടുത്തുവെച്ചു) ഞാനാ ഷർട്ട് എടുത്തോണ്ടുവരാം.

(അവരം അകത്തേക്കുപോയി.

ജോണി മേശക്കു കൈയും കുത്തി ആ സാധനങ്ങളിൽ നോക്കിയിരിക്കയാണു്. അവൻെറ മനസ്സിൽ നൂറായിരം ചിന്തകരം തമ്മിൽ മത്സരിക്കുകയാണു്.

കുറച്ചു കഴിഞ്ഞു അന്നച്ചേടത്തി ഷർട്ടും കൊണ്ടുവന്നു.)

അന്നാ: (ധൃതിപ്പെട്ട മട്ടിൽ) ങ്ഉം. ഒന്നു വേഗം ആവു് ജോണി. അവസാനത്തെ ബസ്സിനിങ്ങു തിരിച്ചുപോരാം.

(ജോണി ഷർട്ടു വാങ്ങി എഴുന്നേററു.

മത്തായി ഒരു എഴുത്തും കൈയിൽ പിടിച്ചു കടന്നുവരുന്നു)

അന്നാ: (വ്യഗ്രതയോടെ) എന്താ മത്തായീ നീ വീട്ടിൽ പോയില്ലേ?

മത്തായി: ഞാനങ്ങോട്ടിറങ്ങുമ്പോഴേക്കും പോസ്റ്റ്മാൻ വന്നു ഒരെഴുത്തുംകൊണ്ടു്. ഇതാ ജോണി. (ജോണിക്കു കൊ

ടണ്ടു) കാര്യം അറിഞ്ഞിട്ടു പോകാം ഏതായാലും.
(ജോണി അതൊന്നു ഓടിച്ചു വായിച്ചു. അവൻെറ മുഖം വിളറി.)

അന്നാ: (വ്യഗ്രതയോടെ) എവിടന്നാടാ? എന്നാതാ കാര്യം?

ജോണി: (നില തെററിയപോലെ) അമ്മയുടെ കമ്മല് ഊരണ്ടാ അമ്മേ. (കസേരയിൽ ഇരുന്നു മേശമേൽ വീണു)

അന്നാ: (വിറയലോടെ) എന്താടാ മോനേ കാര്യം? എടാ മത്തായി നീ അതൊന്നു വായിച്ചേ.

മത്തായി: (വായിച്ചശേഷം) സ്കൂളിൽ ആളെ വേറെ വെച്ചെന്ന്!

അന്നാ: ങേഹ! (അവളുടെ ഹൃദയം തകർന്നു) എൻെറ പറമ്പു പണയപ്പെടുത്തിയതു വെറുതെ ആയല്ലോ മാതാവേ. (നെഞ്ചത്തടിച്ചുകൊണ്ടു നില്ക്കുന്നു)

മത്തായി: (ഊഹിച്ചുകൊണ്ട്) ഇതിൻെറ പിന്നിൽ സ്വന്തപ്പെട്ട രണ്ടു കൈകളുടെ പ്രവൎത്തനം ഉണ്ടെന്നു തോന്നുന്നു. (സെലീന പ്രവേശിച്ച കാര്യമറിയാതെ പകച്ചു നിന്നു)

[യവനിക]

## ഏഴ്

(രംഗം അഞ്ചിലെപ്പോലെത്തന്നെ.

യവനിക നീങ്ങുമ്പോൾ റോസക്കുട്ടി സെലീനെ നിർബ്ബന്ധപൂർവ്വം കൂട്ടിക്കൊണ്ടുവരികയാണ്.

റോസക്കുട്ടിക്ക് ആകെക്കൂടി സമാധാനമില്ലാത്ത ഒരു ഭാവം.

സെലീനു് അവിടെ വരുന്നതിന് എന്തോ വല്ലാത്ത ഭയം. അവൾ "ഞാൻ വരുന്നില്ല ചേച്ചീ," "എന്നെ വിടൂ ചേച്ചീ" എന്നു പറഞ്ഞു പിന്നോക്കം വലിക്കുന്നു.)

റോസ: പററില്ല, സെലീ, ഞാൻ എത്ര ദിവസമായി നിന്നെ കാത്തിരിക്കുന്നു!

സെലി: (പരിഭ്രമത്തോടെ) അയ്യോ. എനിക്കു പേടിയാ ചേച്ചീ. എന്നെ വിടൂ. ഞാൻ പോകട്ടെ ചേച്ചീ.

റോസ: അപ്പൻ ഇവിടില്ല സെലീ. ഇപ്പോഴൊന്നും വരികയുമില്ല.

സെലി: (അവൾക്കല്പം സമാധാനമായി) എന്തിനാ ചേച്ചീ? ചേച്ചിയുടെ അപ്പച്ചൻ അറിഞ്ഞാൽ ചേച്ചിയെക്കൂടി വഴക്കു പറയും. ഞാൻ പോകട്ടെ ചേച്ചീ.

റോസ: (സെലീന്റെ പുറത്തു തടവിക്കൊണ്ട്) ഒന്നുമില്ല. സെലി. നീയിവിടെ നില്ക്കു്. ഞാൻ ഇപ്പോ വരാം.

(റോസക്കുട്ടി ധൃതിപ്പെട്ട് അകത്തേക്കു പോയി.

സെലിൻ പരിഭ്രമിച്ചു ചുററം നോക്കിനില്ക്കുന്നു.

റോസക്കുട്ടി വേഗത്തിൽ ഒരു പാത്രത്തിൽ കുറേ മധുര പലഹാരങ്ങളുമായി വരുന്നു)

റോസ: (ഒരമ്മയെപ്പോലെ) ഇതാ, ഇതു തിന്നു സെലീ, ഞാൻ എത്ര ദിവസമായി സെലിക്കു മിഠായി തന്നിട്ട്!

സെലി: ഇതൊന്നും വേണ്ട ചേച്ചീ. എന്നെ വേഗം വിട്ടാൽ മതി.

റോസ: ദേ, സെലി, ഇതു തിന്നില്ലെങ്കിൽ ഞാൻ പിണങ്ങും കെട്ടോ. സെലിനു ചേച്ചിയോടു സ്നേഹമില്ലേ? ങേഹ?

സെലി: എന്നാ ചേച്ചിയും എടുക്ക്.

(രണ്ടു പേരും മിഠായി എടുത്ത് വായിലിട്ടു.)

റോസ: (സെലിനെ പിടിച്ചരികിൽ നിർത്തിയിട്ട്) എപ്പോ സെലി, ചേട്ടൻ പോയത്?

സെലി: ഇന്നലെ ഉച്ചതിരിഞ്ഞ്.

റോസ: എങ്ങോട്ടാണെന്നു പറഞ്ഞില്ലേ?

സെലി: മദ്രാസിലേക്കാണെന്നാ തോന്നുന്നേ.

റോസ: (കൂടുതൽ ജിജ്ഞാസയോടെ) പണം കൊണ്ടുപോയിട്ടില്ലേ സെലീ?

സെലി: ഉവ്വ് ചേച്ചീ. ചേട്ടനു സ്കൂളിൽ കൊടുക്കാൻ വേണ്ടി അമ്മ വാങ്ങിച്ചു കൊണ്ടുവന്ന പണം മുഴുവനും കൊണ്ടുപോയിട്ടുണ്ട്.

(റോസക്കുട്ടി എന്തോ ചിന്തിച്ചുകൊണ്ടങ്ങിനെ ഇരുന്നു)

സെലി: എൻെറ ചേട്ടനു ഒരു ജോലി കിട്ട്യാമതി....!

റോസ: (സമാധാനിപ്പിക്കാൻ) ഉവ്വ് സെലീ. ചേട്ടൻ പോയപ്പോൾ വേറെ വല്ലതും പറഞ്ഞോ?

സെലി: ചേട്ടൻ ഒത്തിരി കരഞ്ഞു; ഞാനും. (അവൾക്കു കരച്ചിൽ വന്നു)

റോസ: സെലീ, എന്നെപ്പററി വല്ലതും പറഞ്ഞോ? എന്നോടു ചേട്ടനു പിണക്കമുണ്ടോ സെലീ?

സെലി: ഇല്ല ചേച്ചീ. ഞങ്ങൾക്കാക്കും ആരോടും പിണക്കമില്ല. ചേട്ടൻ പോകുമ്പോൾ എന്നോടു പറഞ്ഞു: ചേച്ചിയെ എവിടെങ്കിലും വെച്ചു കാണുമ്പോൾ ചേട്ടൻ മദ്രാസിനു പോയെന്നു പറയാൻ. ചേട്ടനോടു പിണങ്ങരുതെന്നും.

റോസ: (കണ്ണു തുടച്ചു്) സെലിൻെറ അമ്മക്കു് എന്നോടു പിണക്കമില്ലേ?

സെലി: ഞങ്ങൾക്കാരോടും പിണക്കമില്ല ചേച്ചീ.

റോസ: അപ്പച്ചനോടും?

സെലി: ഇല്ല ചേച്ചീ. അമ്മ അന്നു ദേഷ്യപ്പെട്ടു ഓരോന്നു പറഞ്ഞതു് ആ വക്കിച്ചേട്ടൻ ഓരോന്നു പറഞ്ഞു കൊടുത്തിട്ടാ ചേച്ചീ. ഏഷണിക്കാരൻ മൂത്തക്കൻ വക്കിച്ചേട്ടനില്ലേ? അയാള്.

റോസ: (ഉത്സാഹത്തോടെ) അതേയൊ സെലീ. ഞാനിതു അപ്പച്ചനോടു പറയാം.

സെലി: അതു വന്നു പറയാൻ വിചാരിച്ചപ്പോൾ ചേച്ചിയുടെ അപ്പച്ചൻ ഇവിടെ ഇല്ലല്ലോ. ചേച്ചിയുടെ അപ്പച്ചൻ ഞങ്ങളെ വല്ലതും ചെയ്യോ?

റോസ: അതു പേടിച്ചാണോ സെലി ഇങ്ങോട്ടു വരാൻ മടിക്കുന്നതു്?

സെലി: (ധൃതിപിടിച്ചു്) ചേച്ചീ ഞാൻ പോവട്ടാ. അമ്മ വിളിക്കുന്നുണ്ടാവും.

റോസ: (പരിഭവത്തിൽ) സെലീ, ഇടക്ക നിനക്കിങ്ങോട്ട വന്നുകൂടെ? ഞാൻ ഒററക്കിങ്ങനെ ഇരിക്കണ്ടേ!

സെലി: (എന്താണ പറയേണ്ടതെന്നുപിടി കിട്ടിയില്ല; ഒടുവിൽ) ഞാൻ പോകട്ടെ ചേച്ചീ.

റോസ: (മിഠായിപ്പൊതി നീട്ടിക്കൊണ്ട്) ഇതു കൊണ്ടുപൊയ്ക്കോ സെലീ.

സെലി: വേണ്ട ചേച്ചീ. (അവരം ഓടിപ്പോയി)

(വിചാരങ്ങരം റോസക്കുട്ടിയുടെ മനസ്സിനെ വട്ടമിട്ടു. അവരംക്കെന്തോ ഒരു വലിയ അസ്വാസ്ഥ്യതപോലെ മുഖം ശോകമയമായി.

എഴുന്നേററു പുറത്തേക്ക നടന്നു. വാതിലിൽ തലചായ്ച്ചു പുറത്തേക്ക നോക്കിക്കൊണ്ടങ്ങനെ നിന്നു.

അവളറിയാതെ പറഞ്ഞുപോയി:

"അങ്ങു ദൂരത്തു ഒരു ജോലിക്കവേണ്ടി അലഞ്ഞു നടക്കുകയായിരിക്കും ഇപ്പോരം ... ദൈവമേ ... !"

അവളുടെ കണ്ണുകളിൽനിന്നു് കണ്ണുനീർ ഒഴുകിയതു് അവളറിഞ്ഞില്ല. തിരിച്ചുവന്നു് മേശയിൽനിന്നു് അവരം പൂജ്യമായി സൂക്ഷിക്കുന്ന ഒരു ഫോട്ടോ-ജോണിയുടെ-എടുത്തു അതിലങ്ങനെ നോക്കിയിരുന്നു.

അവളുടെ കണ്ണുകരം നിറഞ്ഞൊഴുകി. അവളൊരു ശോകഗാനം മന്ദം മന്ദം പാടി.)

[യവനിക]

## എട്ട്

(അന്നച്ചേടത്തിയുടെ വീട്ട്.

യവനിക നീങ്ങുമ്പോഠം സെലിൻ എന്തിനോവേണ്ടി പിണങ്ങി കരഞ്ഞു കണ്ണു തിരുമ്മിക്കൊണ്ടിരിക്കയാണ്. അവളുടെ ഉടുപ്പുകഠം നന്നേ കീറിയും മുഷിഞ്ഞുമിരിക്കുന്നു)

അന്നാ: (അകത്തുനിന്ന്,ശാസനാരൂപത്തിൽ) സെലീനേ, നിന്നോടാ പറഞ്ഞത് കരച്ചില് നിർത്തി സ്കൂളിൽ പോകാൻ.

(സെലിൻ അല്പം പ്രതിഷേധത്തോടെ പിണങ്ങിയിരിക്കയാണ്. ഇടക്കിടക്കു തേങ്ങലുകളും കണ്ണു തിരുമ്മലും.

കുറച്ചുകഴിഞ്ഞ് അന്നച്ചേടത്തി കൈയിൽ ഒരു വടിയുമെടുത്തു ദേഷ്യപ്പെട്ട് കടന്നുവരുന്നു)

അന്നാ: (വരുന്ന വരവിൽ) എടീ എന്താ നിനക്കിന്നു സ്കൂളിൽ പോകാതിരിക്കാൻ?

(സ്റ്റൂളിൽ ഇരുന്നിരുന്ന സെലിനെ പിടിച്ചുനിർത്തി)

എന്താടീ? എടീ എന്താണെന്ന്?

(ഒരടി വെച്ചുകൊടുത്തു. സെലിൻ അല്പം ഗൗരവത്തിൽ അന്നച്ചേടത്തിയുടെ മുഖത്തങ്ങനെ നോക്കി. അതു കണ്ടപ്പോഠം അന്നച്ചേടത്തിക്കു കലികേറിയ മട്ടായി)

ഇവളെ ഒന്നു പഠിപ്പിച്ചിട്ടുതന്നെ ഇനി. എടീ സെലീനേ, നിന്നോടാ ചോദിക്കുന്നത്.

സെലി: (കരച്ചിൽ പൊട്ടാറായി നില്ക്കുന്നു)

അന്നാ: നിനക്കു പറയാൻ പാടില്ലേ? ങേ്ഹ?

(അവളുടെ തുടക്കിട്ടു ഒരടികൂടെ കൊടുത്തു)

സെലി: (പൊട്ടിക്കരഞ്ഞുകൊണ്ടു്) എനിക്കു വിശക്കില്ലേ അമ്മേ, ഒന്നും കഴിക്കാതെ സ്കൂളിൽ പോയാൽ.

(കരഞ്ഞുകൊണ്ടകത്തേക്കു പോയി.

അന്നക്കുട്ടി അല്പനേരമേ അതു നോക്കിനിന്നുള്ളു. അവളുടെ കൈയിൽനിന്നു വടി താനെ വീണു. അതിനൊപ്പംതന്നെ ആ കണ്ണുകളിൽനിന്നു് - അധികം ഇല്ലാഞ്ഞിട്ടായിരിക്കാം - രണ്ടു തുള്ളി കണ്ണീർ നിലംപതിച്ചു. അവളുടെ അന്തഃകരണത്തിൽ പ്രതിദ്ധ്വനിച്ചു: "എനിക്കു വിശക്കില്ലേ അമ്മേ ഒന്നും കഴിക്കാതെ സ്കൂളിൽ പോയാൽ." അവളുടെ മാതൃഹൃദയം വിങ്ങിപ്പൊട്ടി. "എൻെറ മോളെ, സെലീനേ" എന്നു വിളിച്ചുകൊണ്ടകത്തേക്കു പോകാൻ തിരിഞ്ഞപ്പോഠം അവിടെ വന്നു നില്ക്കുന്ന ലോനപ്പൻ മുതലാളിയെ കാണുന്നു)

അന്നാ: (വേഗത്തിൽ കണ്ണുതുടച്ചു്; ഉപചാരപൂർവ്വം) എന്താ ലോനപ്പാ, വിശേഷിച്ചൊന്നും...... ഇരിക്കു്.

ലോനാ: (നിസ്സാരമട്ടിൽ) ങ്അ. എനിക്കിരിക്കൊന്നും വേണ്ട. പിന്നെ, ഞാനതിന്നലെയാ കണ്ടതു്. ഒരു പത്തുനൂറു രൂപായുടെ ഒരെടപാടുണ്ടു്.

അന്നാ: (അതിശയമട്ടിൽ) നൂറു രൂപ! ഞങ്ങഠം തരാനുണ്ടോ?

(അവളുടെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി)

ലോനാ: മറന്നുപോയോ? അപ്പോഠം ഞാനിപ്പോഠം തന്നെ വന്നതു നന്നായി. കുറേക്കൂടി കാത്തിരുന്നാൽ മറവി കൂടുമല്ലോ.

അന്നാ: (വ്യഗ്രതയോടെ) എന്തു വകയാണു ലോനപ്പാ?

(എന്തോ ആലോചിച്ചുകൊണ്ടു് നിന്നു)

ലോന: ചേട്ടൻെറ അടിയന്തിരാവശ്യത്തിന വന്ന മേടിച്ചതു്. ഓമ്മയില്ലേ?

അന്നാ: അതാണോ! അതു കടം തന്നതാണോ ലോനപ്പാ?

ലോന: പിന്നെ അല്ലാതെ?

അന്നാ: (സ്വരം താഴ്ത്തി പതറിയ ശബ്ദത്തിൽ) ഞങ്ങൾക്കങ്ങിനെ വിചാരിക്കാൻ കഴിഞ്ഞില്ല.

ലോന: എങ്ങനെ വിചാരിക്കാൻ?

അന്നാ: നിൻെറ സ്വന്തം ചേട്ടൻെറ അടിയന്തിരത്തിന നീ ചെലവുചെയ്ത കുറച്ചു രൂപ ഞങ്ങളുടെ പേരിൽ ഒരു കടമായി എഴുതുമെന്നു്! അതു പിരിക്കാൻ ഈ സമയത്തു വരുമെന്നു്....!

(അവൾ കണ്ണുകൾ ഇറുക്കിയടച്ചു; വീഴാൻ കാത്തുനിന്നിരുന്ന രണ്ടു തുള്ളി കണ്ണീർ പൊടിഞ്ഞുവീണു.)

ലോന: ഓ.... വാരിക്കോരി ചെലവു ചെയ്യാൻ പററിയ ഒരു ചേട്ടനും മക്കളും....

അന്നാ: ലോനപ്പാ, മൺമറഞ്ഞ അദ്ദേഹത്തെ ഇനി എന്തിന പറയുന്നു?

ലോന: (പരിഹാസ മട്ടിൽ) ഇപ്പോൾ കാശിനെന്താ വിഷമം? ബി. എ. ക്കാരൻ മോനു മദ്രാസിലല്ലേ ജോലി! (അയാളൊന്നു ഉള്ളുകൊണ്ടു് ചിരിച്ചു)

അന്നാ: (മനസ്സിടിഞ്ഞു്) ചത്ത ശവത്തെ കുത്താതെടാ....

ലോന: പിന്നല്ലാതെ. അന്നത്തെ അവൻെറ സംസാരം കേട്ടപ്പോൾ ഏതോ മന്ത്രിയുടെ സിക്രട്ടറിയാണെന്നല്ലേ ഞാൻ വിചാരിച്ചതു്.

അന്നാ: (പതറിയ സ്വരം) ലോനപ്പാ, നീ പകരം ചോദി ക്കാൻ വന്നതാണോ? അതേതായാലും ഇപ്പോറം വേണ്ടാ യിരുന്നു.

(അവറം തിരിഞ്ഞുനിന്നു് കരച്ചിലടക്കി)

ലോന: ങ്അ. പിന്നെ, നമ്മുടെ എടപാടു ഉടനെ തീ ക്കണം.

അന്നാ: (ദയനീയമായി) എൻെറ ലോനപ്പാ, നിനക്കറിയാ മല്ലോ ഞങ്ങളുടെ സ്ഥിതി.

ലോന: (അതേനിലയിൽ; ഉറച്ചു്) അതൊന്നും എനിക്കറി യണ്ടാ. എൻെറ എടപാടു വേഗംതന്നെ തീർക്കണം.
(അയാറം കൈയുംകെട്ടി പുറത്തേക്കു നോക്കി ഗൗരവത്തിൽ നിന്നു)

അന്നാ: ആ നൂറു രൂപ കൊണ്ടുവേണോ ലോനപ്പാ നിന ക്കിന്നാരി മേടിക്കാൻ?

ലോന: എൻെറ വിഷമം എനിക്കേ അറിഞ്ഞുകൂടു.

അന്നാ: അതു ശരിയായിരിക്കാം. എന്നാൽ അതു മാത്രം പോരല്ലോ.

ലോന: (ഉറപ്പിച്ചു്) അതിനെനിക്കു സമയമില്ലെന്നു് (പരി ഹാസരൂപത്തിൽ) തോമസേട്ടനില്ലേ ഇപ്പോറം!

അന്നാ: (കരച്ചിൽ പൊട്ടി തകന്ന നിലയിൽ) ലോനപ്പാ, നീ പകരം ചോദിച്ചോ. നീ വേണ്ടതു പ്രതികാരം ചെയ്തോ അനുജാ. ഞങ്ങറം കരയാനുള്ളവരാണു്. സന്തോഷം ഞങ്ങറംക്കു വിധിച്ചിട്ടില്ല അനുജാ.

(തിരിഞ്ഞുനിന്നു് അവറം വീണ്ടും കണ്ണീർ തുടച്ചു)

ലോന: (ശല്യമായ പോലെ) ഇതൊക്കെ എന്തിനെന്നോടു പറയുന്നു?

അന്നാ: (അതു ശ്രദ്ധിക്കാതെ; തുടരുന്നു) വിശപ്പുകൊണ്ടു നടക്കാൻ വയ്യാത്തതുകൊണ്ടാണു് സെലീന സ്കൂളിൽ പോകാഞ്ഞതു ലോനപ്പാ. നിവർന്നു നില്ക്കാൻ ശക്തിയില്ലാത്തതുകൊണ്ടാണു ലോനപ്പാ, ഞാനിപ്പോൾ പണിക്കു പോകാത്തതു്. ഈ സ്ഥിതിയിൽ നിനക്കു നിന്റെ നൂറു രൂപ വേണം അല്ലേ?

ലോന: (പുറത്തേക്കുതന്നെ നോക്കിക്കൊണ്ടു്) അതേന്നല്ലേ പറഞ്ഞതു്?

അന്നാ: (വികാര വിവശയായി) നിനക്കു വേണമല്ലേ ലോനപ്പാ. അനുജാ നിനക്കിപ്പോൾതന്നെ അതു വേണമല്ലേ? എന്നാൽ എടുത്തോ, ഇവിടെ ഉണ്ടെങ്കിൽ. ഇവിടെയുള്ള സാധനങ്ങൾ പെറുക്കിക്കെട്ടിയാൽ നിന്റെ തുക തികയുമെങ്കിൽ അങ്ങിനെ ചെയ്തോ.

ലോന: (നിരാശനായപോലെ) അല്ലെങ്കിലും ഈ ജാതികളോടു ഒരു എടപാടു ചെയ്താൽ ഇങ്ങനെത്തന്ന്യാ വരൂ.

അന്നാ: (അവളുടെ അഭിമാനം തലപൊക്കി) ലോനപ്പാ, നിറുത്തു ഞങ്ങളെ പറഞ്ഞതു്. ഞങ്ങൾക്കൊരു സ്വത്തു കൂടിയുണ്ടു്. ഞങ്ങൾക്കിനിയുള്ള ഏക സ്വത്തു്. അതാ ആ പശു. നിന്റെ രൂപക്കതു മതിയെങ്കിൽ അതിനെ അഴിച്ചുകൊണ്ടു പൊയ്ക്കോ. (തിരിഞ്ഞുനിന്നു് കരഞ്ഞു. തലമാത്രം തിരിച്ചു്; ഇടറിയ സ്വരത്തിൽ) നിന്റെ മുട്ടെങ്കിലും തീരട്ടെ.

ലോന: ങ്ഹ്അ. ഒരു പശുവിനെ മേടിക്കേണ്ട ആവശ്യവും ഉണ്ടു്.

(സെലീൻ ഇതു കേട്ടു കണ്ണു തുടച്ചുകൊണ്ടു് കയറിവന്നു)

സെലി: അമ്മേ, നമ്മുടെ പശുവിനെ കൊടുക്കണ്ടാമ്മേ.

അന്നാ: (മകളെ കെട്ടിപ്പുണർന്നുകൊണ്ടു്; വല്ലാതായ സ്വരത്തിൽ) കൊണ്ടുപൊയ്ക്കോട്ടേ മോളെ; ഇളയപ്പൻ കൊണ്ടുപൊയ്ക്കോട്ടെ. പാലുകുടിക്കേണ്ടവർ അവിടെയാണ മോളെ. നമ്മൾ കഞ്ഞികുടിച്ചില്ലെങ്കിലും അവർ പാലു കുടിക്കട്ടെ.

(ആ അമ്മയും മകളും കെട്ടിപ്പിടിച്ചു കരഞ്ഞു.

അപ്പോഴേക്കും മത്തായി അവിടെ വന്നു. അവൻെറ കൈയിൽ ഒരു ഇൻലൻറ് ലററർ ഉണ്ടു്. രംഗം മനസ്സിലാക്കിക്കൊണ്ടാണു് വരവു്.)

മത്തായി: (ലോനപ്പൻ മുതലാളിയോടു്) എടോ, തനിക്കു മനുഷ്യത്വമുണ്ടോടോ? രക്തബന്ധം കണക്കാക്കണ്ടാ. ഒരു മനുഷ്യൻെറ മഹത്വമെങ്കിലും....

ലോന: (ദ്വേഷ്യത്തിൽ) നീയാരടാ ഇവിടെ വന്നിതു പറയാൻ?

മത്തായി: ഞാനോ! (ഹാസ്യമായി) ഞാനൊരു പുവർമാൻ. നൊ മണി ഇൻ ദ ബാങ്ക്! നൊ വൈററ് ആൻറ് ബ്ലാക്ക്! (ഉറക്കെ) എന്നാലും ഞാനൊരു മനുഷ്യനാണെടോ.

ലോന: (ദ്വേഷ്യംകൊണ്ടു ചുണ്ടുകടിച്ചു്) എടാ നിന്നോടു പ്രസംഗിക്കണ്ടാന്നു പറഞ്ഞിട്ടില്ലേ?

മത്തായി: (ഈസിമട്ടിൽ) ആ 'പറച്ചിലൊ'ക്കെ മതി ചേട്ടാ. അതിൻെറ ടൈമൊക്കെ പോയി. സ്ഥലോം ഇതല്ല കേട്ടോ.

അന്നാ: (ഒരു സ്വാസ്ഥതക്കുവേണ്ടി) മത്തായീ നീ ഒന്നും പറയരുതു്. ഇവിടെ ചെവിത്തല കേൾക്കട്ടെ.

മത്തായി: (ധൈര്യപൂർവ്വം ലോനപ്പൻ മുതലാളിയുടെ നേരെ) തനിക്കരിമേടിക്കാൻ കാശില്ലെങ്കിൽ ഞാൻ തരാമെടോ ഇവർ തരാനുള്ള രൂപ കിട്ടിയിട്ട വേണം അതെങ്കിൽ.

ലോന: എടാ നീയാരോടാണു കളിക്കുന്നതെന്നറിയാമോ? (അയാളവനെ രൂക്ഷമായി നോക്കി)

മത്തായി: തീർച്ചയായിട്ടും. രണ്ടു മാസം അവിടെ ജോലി ചെയ്തിട്ട അതിനെങ്കിലും സാധിച്ചിട്ടുണ്ട് ...... ഇങ്ങനെ ഒരു പണക്കൊതിയൻ! മനുഷ്യത്വത്തെ മാനിക്കാത്ത....

ലോന: (പെട്ടെന്നു തടഞ്ഞുകൊണ്ട്) നിറുത്തെടാ. നീയാരടാ എന്നെ ആക്ഷേപിക്കാൻ?

മത്തായി: (പഴയനിലയിൽതന്നെ; കൂസൽ കൂടാതെ) ഞാനല്ല ആക്ഷേപിക്കുക. ഇവർ തരാനുള്ള കുറച്ചു രൂപക്ക് ഇവരുടെ പശുവിനെ അഴിച്ചുകൊണ്ടു പോകുന്നതു് കാണുവാൻ വഴിവക്കിൽ ചിലരുണ്ടാവും. അവരുടെ മുഖത്തേക്കൊന്നു നോക്കിയിട്ടുവേണം ചേട്ടൻ ആ പശുവിനേയും കൊണ്ടുപോകുക. ങ്ഹും. വേഗംതന്നെ ആവട്ടെ ചേട്ടാ.

ലോന: (അല്പം ആലോചിച്ചുനിന്നു; ദ്വേഷ്യംകൊണ്ടു കൈ തിരുമ്മിക്കൊണ്ട്) നിന്നെ ഞാൻ കണ്ടോളാമെടാ. (ജ്വലിക്കുന്ന കണ്ണുകൾ കൊണ്ടൊരു നോട്ടംനോക്കി നടന്നു പോയി)

മത്തായി: (അയാൾ പോകുന്നതു സൂക്ഷിച്ച്) അയ്യോ! എന്തൊരു ധീരത! എന്തൊരു മഹത്വം!

അന്നാ: എടാ മത്തായി, നീ എന്തിനാ ഇങ്ങനെ മനുഷ്യരെ വെറുപ്പിക്കുന്നതു്?

മത്തായി: ഇവരൊന്നും മനുഷ്യരല്ല ചേടത്തി. (അല്പം കഴിഞ്ഞു്) ഇതാ ഒരെഴുത്ത്. ജോണിയുടേതാണെന്നു തോന്നുന്നു.

അന്നാ: (അത്യുത്സാഹത്തോടെ) അത്യോ! ഒന്നു വേഗം വായിച്ചേ മോനേ. സെലീനേ! (സെലീനയെ വിളിച്ചു; അവളുടെ മുഖത്തൊരു പ്രകാശം പരന്നു) ദാണ്ടേ, ചേട്ടൻെറ എഴുത്തു വന്നിരിക്കുന്നു.... അവനു ജോലി കിട്ടിയോ ആവോ! എൻെറ മാതാവേ!

മത്തായി: (എഴുത്തു പൊട്ടിച്ചു വായിക്കാൻ തുടങ്ങുന്നു. സെലിൻ സന്തോഷത്തോടുകൂടി "എവിടാമ്മേ എഴുത്ത്" എന്നു ചോദിച്ചുകൊണ്ടു് ഓടിവന്നു. സെലിൻ എഴുത്തിൽ എത്തിപ്പിടിച്ചു നോക്കിനിന്നു)

"പ്രിയപ്പെട്ട അമ്മേ, സെലീ,

ബോംബെയിൽ നിന്നാണു ഞാനിതെഴുതുന്നതു്. ഞാൻ അവിടെനിന്നു പോന്നിട്ടു ഒരാഴ്ചയോളമായല്ലോ. ഒരു ജോലി കിട്ടിയിട്ടേ എഴുതുകയുള്ളൂ എന്നു വിചാരിച്ചിരിക്കയായിരുന്നു. എന്നാൽ വിധി അങ്ങനെയല്ല.

അന്നാ: (ഒന്നു ഞെട്ടി) ങേ്ഏ!

മത്തായി: (വായന തുടർന്നു)

"അമ്മേ, അമ്മയുടെ കരച്ചിലൊന്നവസാനിപ്പിക്കാൻ, ആ മുഖത്തു സന്തോഷം പരക്കുന്നതു കാണാൻ ഈ മകനു സാധ്യമല്ലെന്നുണ്ടോ?

അന്നാ: (കാര്യം ഒരു പന്തിയല്ലെന്നവാക്കു തോന്നി. അവളറിയാതെ ശ്രബ്ദിച്ചു) എൻെറ മാതാവേ!

മത്തായി: (വായന തുടർന്നു)

"അമ്മേ, ഞാനീ എഴുത്ത് എഴുതരുതായിരുന്നു. ഇതു വായിച്ചാൽ അമ്മ കരയുമെന്നെനിക്കറിയാം.... എന്നാലും എഴുതാതെ നിവൃത്തിയില്ലമ്മേ. അമ്മേ, അമ്മ ഇതു കേൾക്കുമ്പോൾ കരയരുത്".

അന്നാ: (വ്യഗ്രതയോടെ) എന്താടാ മത്തായി എൻെറ മോനു പററ്യേ? (അവൾ കുറച്ചുകൂടി അടുത്തുചെന്നു

മത്തായി: (വായന തുടർന്നു)

"രണ്ടുമൂന്നുദിവസം മദ്രാസിൽ ചുററിത്തിരിഞ്ഞിട്ടും ഒരു ജോലിയും കിട്ടിയില്ല. അതിനാൽ ഞാൻ ബോംബെക്കു വന്നു. ഇന്നലെ ഇവിടെ എത്തി ബാഗു തുറന്നപ്പോൾ കൊണ്ടു വന്ന രൂപ ഒന്നും അതിലില്ലമ്മേ....

അന്നാ: എൻെറ മാതാവേ! (അവൾ വാടിത്തളർന്നുവീണു)

[യവനിക]

## ഒൻപതു്

(മുൻപൊരു രംഗത്തിൽക്കണ്ട തോമസുചേട്ടൻെറ മാളിക.

യവനിക നീങ്ങുമ്പോൾ രംഗത്താരുമില്ല. കുറച്ചുകഴിഞ്ഞു അന്നച്ചേടത്തി, കൈയിൽ ഒരു ഇൻലാൻറ ലററം പിടിച്ചു മെല്ലെ പ്രവേശിക്കുന്നു. അവൾ പരിക്ഷീണയാണു്; പരിഭ്രാന്തയാണു്. എന്തോ കുററബോധം അവളെ അവിടെ പ്രവേശിക്കരുതെന്നു വിലക്കുന്നുണ്ടു്. പരിസരം പരിശോധിച്ചുകൊണ്ടു അവളുടെ കണ്ണുകൾ പരക്കം പാഞ്ഞു. അപ്പോഴേക്കും റോസക്കുട്ടി അകത്തുനിന്നു വരുന്നു)

**അന്നാ:** (റോസക്കുട്ടി വരുന്നതു കണ്ടു് നിന്നിടത്തുതന്നെ നിന്നു്) എൻെറ റോസക്കുട്ടീ!

**റോസ:** (ഓടിവന്നു് കെട്ടിപ്പിടിച്ചുകൊണ്ടു്) എൻെറ ചേടത്തി!

(വിതുമ്പിക്കരഞ്ഞുകൊണ്ടു് രണ്ടുപേരും കുറേനേരം അങ്ങനെ നിന്നു. അനന്തരം പിടിവിട്ടു)

**അന്നാ:** (കരഞ്ഞുകൊണ്ടുതന്നെ) ഈ ചേടത്തിയോടു ക്ഷമിക്കു മോളേ....! ആ ചെകുത്താൻെറ വാക്കു് കേട്ടു അന്നങ്ങനെ പറഞ്ഞുപോയതാണു് മോളേ.

**റോസ:** സാരമില്ല ചേടത്തി. ഞാനെല്ലാം അറിഞ്ഞു.

**അന്നാ:** എന്നാലും ഞാൻ ചെയ്ത തെററു് ... ...

**റോസ:** (വിഷയം മാററാൻ) ജോണിയുടെ എഴുത്തെങ്ങാനും വന്നോ?

**അന്നാ:** ഉവ്വ്. ദാ, നോക്കു്.

(എഴുത്തവൾക്കു കൊടുത്തു. അവളതു വാങ്ങി ധൃതിയിൽ വായിച്ചു)

അന്നാ: ഞങ്ങൾക്കൊന്നും സന്തോഷം വിധിച്ചിട്ടില്ല മോളെ. പാപി ചെല്ലുന്നിടം പാതാളം. (ഒന്നു നിശ്വസിച്ചു)

റോസ: (വായിച്ചുതീർന്നു. അവൾക്കത്യധികമായ സങ്കടം തോന്നി) അയ്യോ! അപ്പോൾ ഭക്ഷണത്തിനുപോലും കാശില്ലാതെ വിഷമിക്കുമല്ലോ!

അന്നാ: അതാ മോളെ. ജോലീംവേണ്ട; ഒന്നും വേണ്ട. എൻെറ മോൻ അറിയാത്തൊരു നാട്ടിൽചെന്നു പട്ടിണി കിടക്കേണ്ടി വന്നല്ലോ .. !

റോസ: (ഒരു വഴി കണ്ടുപിടിച്ചപോലെ) കരയാതെ ചേടത്തി. രൂപ ഞാൻ വാങ്ങിത്തരാം. അതയച്ചുകൊടുത്തു ഇങ്ങോട്ടു വരാൻ പറഞ്ഞെഴുതണം....

(എന്തോ ഓർത്തപോലെ) അയ്യോ! അപ്പൻ തിരിച്ചുവന്നിട്ടില്ലല്ലോ. സേഫിൻെറ താക്കോലും തന്നുപോയിട്ടില്ല.... (അവൾ എന്തിനോവേണ്ടി പരക്കം പാഞ്ഞു. അവസാനം എന്തോ പിടികിട്ടിയ പോലെ) അല്ലെങ്കിൽ, ചേടത്തീ, അപ്പനും ബോംബെക്കാണു പോയിരിക്കുന്നതു്. ഞാനൊരു കമ്പിയടിക്കാം ജോണിക്കുട്ടി അവിടെയുണ്ടെന്നറിയിച്ചുകൊണ്ടു്.

അന്നാ: അതു വേണ്ട മോളെ. എനിക്കൊന്നു പൊറുതി പറയാൻകൂടി ഒത്തിട്ടില്ല.

റോസ: (ആശ്വസിപ്പിച്ചുകൊണ്ടു്) അങ്ങനെ പേടിക്കയൊന്നും വേണ്ട ചേടത്തീ. നിങ്ങൾ എന്തോ തെററിദ്ധരിച്ചാണങ്ങനെയൊക്കെ പറഞ്ഞതെന്നല്ലാതെ മററൊന്നും അപ്പൻ വിചാരിക്കില്ല. അപ്പൻ അറിവും സംസ്കാരവുമുള്ള ആളല്ലേ? ആലോചിക്കാതെ ഒന്നും ചെയ്യില്ല.

അന്നാ: എന്തെങ്കിലും ചെയ്യുമോളെ വേഗം.... എൻെറ ജോണിക്കുട്ടി ...!

(റോസക്കുട്ടി ധൃതിയിൽ എന്തോ കുത്തിക്കുറിക്കുന്നു. എന്താണെഴുതേണ്ടതെന്നാലോചിച്ചുകൊണ്ടങ്ങനെ ദൂരത്തേക്കു നോക്കിയപ്പോഠം തോമസുചേട്ടനും ജോണിക്കുട്ടിയും വരുന്നതു കണ്ടു.)

റോസ: (പെട്ടെന്നെഴുന്നേററ്) അല്ല; അവരല്ലേ ആ വരുന്നതു്?

(അവഠം പുറത്തേക്കു നോക്കി; അന്നച്ചേടത്തിയും.

തോമസുചേട്ടനും ജോണിക്കുട്ടിയും പ്രവേശിച്ചു. തോമസുചേട്ടൻ ഒരു ബിസിനസു കഴിഞ്ഞു് തിരിച്ചുവരികയാണു്. ജോണിക്കുട്ടി കൂടുതൽ ശോഷിച്ചിരിക്കുന്നു; എങ്കിലും ഒരു നേരിയ സംതൃപ്തിയാണു മുഖത്തു്.

റോസക്കുട്ടി ചെന്നു തോമസുചേട്ടൻെറ ബാഗ്ഗും കുടയും വാങ്ങി. അവഠം രണ്ടുപേരേയും നോക്കി. ജോണിക്കുട്ടിയെ കണ്ടപ്പോഠം അന്നച്ചേടത്തി ആനന്ദാതിരേകത്താൽ ആശ്ലേഷിക്കുവാൻ വെമ്പിയെങ്കിലും തോമസുചേട്ടൻെറ സാന്നിദ്ധ്യം അവളെ നിരുന്മേഷയാക്കി. എന്താണു ചെയ്യേണ്ടതെന്നു കുറേനേരത്തേക്കു ഒരു പിടിയും കിട്ടിയില്ല. അവഠം തലയും താഴ്ത്തി ഒരു കുററവാളിയെപ്പോലെ നിന്നു)

ജോണി: അമ്മേ, തോമസുചേട്ടനോടു മാപ്പുചോദിക്കൂ.

അന്നാ: (അവഠംക്കു കരച്ചിൽവന്നു. വളരെ പണിപ്പെട്ടു തലയുയർത്തി) തോമസുചേട്ടാ....

തോമസ്: സാരമില്ല അന്നമ്മേ. ഞാൻ എല്ലാം അറിഞ്ഞു. പെട്ടെന്നാങ്ങനെ കേട്ടപ്പോഠം വലിയ വിഷമം തോന്നിയെന്നുമാത്രം. (അയാഠം കസേരയിൽ ഇരുന്നു)

അന്നാ: ഞങ്ങളിതുക്കു നന്ദികെട്ടവരായല്ലോ ...!

തോമസ്: (ജോണിയെ ചൂണ്ടി; സംതൃപ്തിയോടെ) ഇതാ അന്നമ്മേ, ജോണിക്കുട്ടി ഉദ്യോഗസ്ഥനായിത്തന്നെ വന്നിരിക്കുന്നു.

അന്നാ: (ഒന്നു കണ്ണുകളുയർത്തി നോക്കുകമാത്രം. അത്ഭുതവും ആനന്ദവും ആ കണ്ണുകളിൽ പ്രതിഫലിച്ചു)

റോസ: (അവരുടെ സന്തോഷമായി എന്തെങ്കിലും പറയാൻ വെമ്പികൊണ്ടങ്ങിനെ നിന്നു)

തോമസ്: (ഓർത്തുകൊണ്ടു്) അന്നു ജോണിക്കുട്ടി ഒരു ബി. എ. ക്കാരനായപ്പോൾ അന്നമ്മ പറഞ്ഞതോർക്കുന്നുണ്ടോ? "ഇനി ഒരു ജോലീംകൂടി കിട്ട്യാമതി" എന്നു്.... ഇതാ, എൻെറ കടമ നിർവഹിച്ചു കഴിഞ്ഞു.

റോസ: (എന്തെങ്കിലും പറയാനുള്ള തിടുക്കത്തോടെ കൈയിലുള്ള എഴുത്തു കാണിച്ചു്) ഇതാ അപ്പാ, ജോണിക്കുട്ടി ബോംബെയിൽനിന്നു എഴുതിയ കത്തു്. ഇതു കണ്ടപ്പോൾ ഞാൻ അപ്പനു കമ്പിയടിക്കാൻ മാററർ ഒരുങ്ങുകയായിരുന്നു. അപ്പോളാണു നിങ്ങൾ വരുന്നതു്.

ഞാൻ പോയി സെലിനെ വിളിച്ചോണ്ടു വരട്ടെ. (ഉത്സാഹത്തോടെ ഓടിപ്പോയി.)

ജോണി: (കൃതജ്ഞത മുററിയ സ്വരത്തിൽ) ഞങ്ങൾ തോമസുചേട്ടനെ എത്രമാത്രമാണു് വിഷമിപ്പിക്കുന്നതു്!

തോമസ്: (പുഞ്ചിരിച്ചുകൊണ്ടു്) എന്നാലും നിൻെറ അമ്മയും നീയും വിഷമിച്ചപോലൊന്നും ഇല്ലല്ലോ.

ജോണി: വിശപ്പടക്കാൻ മാർഗ്ഗമില്ലാതെ അലഞ്ഞുതിരിഞ്ഞ സമയത്തു അവിടേയും തോമസുചേട്ടൻെറ ഔദാര്യം എന്നെ താങ്ങി.

(മത്തായി ധൃതിയിൽ വരുന്നു. പ്രതീക്ഷിക്കാത്തതു കണ്ട പ്പോൾ)

മത്തായി: (വിസ്മയത്തോടെ) ഭയങ്കരം! ഇതെന്താണിതന്ന ച്ചേടത്തി?

അന്നാ: (ഒരു പുഞ്ചിരിയോടെ) നീ കാണുന്നതുതന്നെ മ ത്തായി. ദൈവം ഇങ്ങനെ ഒക്കെ വരുത്തി. ജോണിക്കു ട്ടിക്കു ഉദ്യോഗം വാങ്ങിക്കൊടുത്തിട്ടാ തോമസുചേട്ടൻ ഇങ്ങു കൊണ്ടുപോന്നത്.

മത്തായി: ഓ ... ഞാൻ പെട്ട പാട്! ഒരു ഫിഫ്ട്ടിറുപ്പി സുണ്ടാക്കാൻ.

ജോണി: എന്തിന്?

മത്തായി: (സ്നേഹശാസനാ രൂപത്തിൽ) കൊണ്ടുപോയ കാ ശെല്ലാം മിടുക്കുള്ളവനു കൊടുത്ത് അലാക്കായി നടക്ക ല്ലേ ആയിരുന്നോ? ബോംബെയിലെ കമ്പനി ബോർഡു കളും വായിച്ചു തള്ളി ...? ഏതായാലും ആദ്യത്തെ മാ സത്തെ ശമ്പളം തന്നെ ഇങ്ങു പോരുന്നാട്ടെ കേട്ടോ.... എന്താ അന്നാച്ചേടത്തീ?

(പുറത്തു റോഡിൽ എന്തോ തിക്കം തിരക്കം ബഹളം. എല്ലാ വരും അങ്ങോട്ടുനോക്കി)

തോമസ്: എന്താ അത്? ആ റോഡിലാണല്ലോ? ആള്ക കളും കുറേ കൂടിയിട്ടുണ്ട്.

മത്തായി: ഒന്നു ചെന്നു നോക്കട്ടെ. (പോകുന്നു)

ജോണി: വല്ല ആക്സിഡൻറും ഉണ്ടായിക്കാണും.

(എല്ലാവരും അവിടേക്കുതന്നെ നോക്കിനിന്നു. കുറച്ചുകഴി ഞ്ഞു മത്തായി വർക്കിച്ചേട്ടനെ താങ്ങിക്കൊണ്ടു വരുന്നു കൂടെ രണ്ടുമൂന്നു അങ്ങാടിപ്പിള്ളേരും വരാന്തവരെ വന്നു)

DHARMARAM COLLEGE LIBRARY BANGALORE 18108

മത്തായി: (വരുന്നവരവിൽ) നമ്മുടെ പുലിവാല്ല ചെന്നു് ആ കൊച്ചാപ്പേടെ സൈക്കിളിൽ ഒരു കേററം!

വർക്കി: (അരിശത്തിൽ) ആ കലമാടനും അവൻെറ ഒരു ഏറുമാടാടാം! (തോമസ് അകത്തുപോയി അല്പം ബാൻഡേജ് കൊണ്ടുവരുന്നു)

മത്തായി: എന്നിട്ടും തൻെറ കാലൊന്നു ഒടിഞ്ഞു കിട്ടിയില്ലല്ലോ! എന്തു് ഉറപ്പുള്ള കാലപ്പാ!

തോമസ്: ഏതായാലും ആ മുറിവൊന്നു കെട്ടിത്തരാം. (ബാൻഡേജ് ജോണിക്കുട്ടി വാങ്ങിക്കുന്നു)

അന്നാ: അയാളുടെ സ്വഭാവത്തിന്നു് അതിൽ കുറെ ഉപ്പാ വാരിയിടേണ്ടതു്. (ജോണിക്കുട്ടി മുറിവു കെട്ടാൻതുടങ്ങി)

വർക്കി: അയ്യോ! അന്നാമ്മ്യാ! ആ ... ജോണിക്കുട്ടീ! ഇങ്ങനൊന്നും വരുന്നു ഞാൻ വിചാരിച്ചില്ലാട്ടോ.

അന്നാ: ഇനിയെങ്കിലും തൻെറ ഈ പണിയൊന്നു നിത്തടോ.

മത്തായി: ഏതായാലും കുറച്ചുദിവസം അടങ്ങി ഇരിക്കാനുള്ളതായിട്ടുണ്ടു്.

വർക്കി: ഞാൻ തീർച്ച്യാക്കി. ഇനി ഈ നന്ദികെട്ട പണിക്കു ഞാനില്ല. ഒരത്യാവശ്യത്തിനു ചോദിച്ചപ്പോഴും അഞ്ചുരൂപ തരാൻ ആ ലോനപ്പൻ കൂട്ടാക്കില്ല. അവനു ഞാൻ എന്തെല്ലാം ഉപകാരം ചെയ്തുകൊടുത്തതാ. എന്നിട്ടിപ്പോഴും കേട്ടില്ലേ, അവൻെറ പീടികക്കു തീപിടിച്ചെന്നു്! അവനതിലും കൂടുതലു വരണം.

ജോണി: ഏതു്? ഫർണിച്ചർ മാർട്ടിനോ?

വർക്കി അ. അതിന്നതന്നെ. അവനതിൻെറ ഉള്ളിൽ പെട്ടിരിക്കാന്ന കേട്ട. പണപ്പെട്ടീം താങ്ങി ഇരിക്കാവ്വം!

അന്നാ: ജോണി, മോനൊന്ന് ഓടിച്ചെന്നന്വേഷിച്ചേ.

മത്തായി: ചേടത്തിക്ക വേറെ വല്ല പണിയും ഇല്ലേ? ചത്തുകിട്ടിയാൽ അത്രേം നല്ലത്.

അന്നാ: മത്തായി, അവനെന്തൊക്കെ ചെയ്താലും എൻെറ അനുജനാണ്. ജോണി, വേഗം ചെല്ല്.

തോമസ്: ചെല്ല് ജോണി.

ജോണി: വാ മത്തായി.

(രണ്ടുപേരും പോകാൻ തുടങ്ങുമ്പോഴേക്കം സെലിൻ വന്ന് 'ചേട്ടാ' എന്ന വിളിച്ച കെട്ടിപ്പിടിച്ച.

ജോണി അവളുടെ തലയിൽ തലോടി 'സെലീ' എന്ന പറഞ്ഞു)

**Laus Deo**

DC Library
*00018100*
T62 K66

# കൊടുംകാററി

ജോണിക്കുട്ടി ബി. ഏ. പാസ്സായി. അതിൽ അവനേക്കാൾ കൂടുതൽ സന്തോഷിച്ചതു് അവൻെറ അമ്മ അന്നച്ചേടത്തിയാണു്. അവരാണവനെ 'പട്ടിണി കിടന്നും നാട്ടാരോടിരന്നും' പഠിപ്പിച്ചതു്.

ഒരാൾകൂടി അതിൽ അതിരററു സന്തോഷിച്ചു-റോസക്കുട്ടി. അവളുടെ അപ്പച്ചനാണത്രേ ജോണിക്കുട്ടിയുടെ പഠനച്ചിലവിൽ സഹായിച്ചതു്. അതുകൊണ്ടവൾ അവനെ അവകാശം പറഞ്ഞും സ്നേഹിക്കുന്നു.

വിഷമത്തിൽ അകലുകയും വിജയത്തിൽ അടുക്കുകയും ചെയ്യുന്നവരോടു ജോണിക്കുട്ടിക്കു പണ്ടേ വെറുപ്പാണു്. അതുകൊണ്ടാണു തൻെറ ഇളയപ്പനായ ലോനപ്പൻ മുതലാളിയെ അവനു നോവിച്ചു വിടേണ്ടിവന്നതു്. അയാളതിനു പ്രതികാരംചെയ്യാൻ കാത്തിരിക്കയാണു്.

സന്ദർഭം വന്നപ്പോൾ ആ പ്രതികാരം പത്തി വിടർത്തി. അതൊരു കൊടുംകാററായി മാറി. വെളിച്ചം വിശിയിരുന്ന കൈവിളക്കണഞ്ഞുപോയി. ഇരുട്ടു പരന്നു. മീതെക്കു മീതെ കാർമേഘങ്ങളെ അടിച്ചുകയററിക്കൊണ്ടു ആ കാററു വീശിക്കൊണ്ടിരുന്നു. അവസാനം.......

[illegible]ട്. കാററിലൂടെ

ടി. [illegible]

T62
K66